ISSN 2582-2764

അരിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 3 | Issue 4 | Bimonthly | August 2023 | Thiruvananthapuram | Page 20 | Price ₹10

» 09 മണിപ്പൂരിൽ ഇനിയും കണ്ണുനീർ വീഴരുത്

» 16 ജനപ്രതിനിധികൾ നിയമനിർമ്മാണ പ്രക്രിയയിൽ സജീവമാകണം

» 20 ഇന്റർനെറ്റ് ജനങ്ങളുടെ അവകാശമാക്കി കേരള സർക്കാർ

സഭാധ്യക്ഷന്റെ പേജ്

ഉമ്മൻ ചാണ്ടിക്കും വക്കം പുരുഷോത്തമനും ആദരാഞ്ജലികൾ

എ.എൻ. ഷംസീർ
സ്പീക്കർ

കേരളത്തിലെ ജനകീയരായ രണ്ട് പൊതുപ്രവർത്തകരാണ് അടുത്ത ദിവസങ്ങളിൽ വിടവാങ്ങിയത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമുന്നതരായ നേതാക്കളായിരുന്നു രണ്ടുപേരും. ഉമ്മൻ ചാണ്ടിയുടെയും വക്കം പുരുഷോത്തമന്റെയും വേർപാടിലൂടെ കേരളത്തിലെ രണ്ട് ജനകീയ നേതാക്കളെയാണ് നഷ്ടപ്പെട്ടത്. മുഖ്യമന്ത്രി പദത്തിലിരുന്ന ഉമ്മൻ ചാണ്ടിയും നിയമസഭാ സ്പീക്കറുടെ പദവിയിലിരുന്ന വക്കം പുരുഷോത്തമനും മാതൃകാപരമായ രീതിയിലാണ് തങ്ങളിൽ അർപ്പിതമായ ചുമതലകൾ നിർവ്വഹിച്ചത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമുന്നത നേതാവായിരുന്ന ഉമ്മൻ ചാണ്ടി ജനക്കൂട്ടത്തെ ആകർഷിക്കാൻ കഴിവുള്ള നേതാക്കളിൽ ഒരാളായിരുന്നു. തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ ജനങ്ങളോടൊപ്പം നിൽക്കാൻ അദ്ദേഹത്തിന് സാധിച്ചു. പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്നും തുടർച്ചയായി പന്ത്രണ്ട് തവണ കേരള നിയമസഭയിലെത്താൻ സാധിച്ചത് ഈ ജനകീയത കാരണമാണ്.

കോട്ടയം ജില്ലയിലെ പുതുപ്പള്ളി നിയോജകമണ്ഡലത്തെ അമ്പത്തിരണ്ട് കൊല്ലത്തിലധികം പ്രതിനിധീകരിച്ചത് ഉമ്മൻ ചാണ്ടിക്ക് സ്വന്തമായുള്ള റിക്കാർഡാണ്. 1970, 1977, 1980, 1982, 1987, 1991, 1996, 2001, 2006, 2011, 2016, 2021 എന്നീ വർഷങ്ങളിൽ അദ്ദേഹം നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. നിയമസഭാ സാമാജികൻ എന്ന തന്റെ സുദീർഘമായ കാലയളവിൽ അദ്ദേഹം 1996 മുതൽ 1998 വരെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചു.

പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ കെ. ഒ. ചാണ്ടിയുടെയും ബേബി ചാണ്ടിയുടെയും മകനായി 1943 ഒക്ടോബർ 31 ന് കോട്ടയം ജില്ലയിലെ കുമരകത്തായിരുന്നു ഉമ്മൻ ചാണ്ടി ജനിച്ചത്. പുതുപ്പള്ളി സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ കെ.എസ്.യു. വിന്റെ യൂണിറ്റ് പ്രസിഡന്റായി തുടക്കം കുറിച്ച ഉമ്മൻ ചാണ്ടി 1967-69 ൽ സംസ്ഥാന പ്രസിഡന്റായി. 1970-71 ൽ അദ്ദേഹം യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റായി. എ.ഐ.സി.സി. അംഗമാവുന്നതും അപ്പോഴാണ്. തൊഴിലാളി സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി ഐ.എൻ.ടി.യു.സി. അഖിലേന്ത്യാ യൂത്ത് വിങ്ങിന്റെ വൈസ് പ്രസിഡന്റായും ഐ.എൻ.ടി.യു.സി. യുമായി ബന്ധപ്പെട്ട വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രസിഡന്റായും പ്രവർത്തിച്ചു.

ഉമ്മൻ ചാണ്ടി
മുൻ മുഖ്യമന്ത്രി (1943 – 2023)

1977 ൽ കെ. കരുണാകരൻ മന്ത്രിസഭയിൽ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി തുടർന്നു വന്ന എ.കെ. ആന്റണി മന്ത്രിസഭയിലും അതേ വകുപ്പ് കൈകാര്യം ചെയ്തു. പിന്നീട് കെ. കരുണാകരൻ മന്ത്രിസഭയിൽ 1981 ൽ ആഭ്യന്തര വകുപ്പ് മന്ത്രിയായി. 1991 ൽ കെ. കരുണാകരൻ മന്ത്രിസഭയിൽ ധനകാര്യ വകുപ്പ് മന്ത്രിയായി ചുമതലയേറ്റെങ്കിലും 1994 ൽ കോൺഗ്രസിലെ ആഭ്യന്തര പ്രശ്നത്തെ തുടർന്ന് രാജിവയ്ക്കുകയായിരുന്നു. 2004 ൽ 11 ാം കേരള നിയമസഭയിൽ മുഖ്യമന്ത്രിയായിരുന്ന എ.കെ ആന്റണി 2004 ൽ രാജി വച്ചപ്പോൾ ഉമ്മൻ ചാണ്ടി ആദ്യമായി മുഖ്യമന്ത്രി സ്ഥാനത്തേക്ക് വന്നു. തുടർന്ന് 2006 ൽ 12 ാം കേരള നിയമസഭയിൽ അദ്ദേഹം പ്രതിപക്ഷ നേതാവായി പ്രവർത്തിച്ചു. 2011 ൽ 13 ാം കേരള നിയമസഭയിൽ മുഖ്യമന്ത്രിയായി. ഈ കാലയളവിലൊക്കെ മികച്ച ഭരണാധികാരിയായി അദ്ദേഹത്തെ ചരിത്രം അടയാളപ്പെടുത്തി.

തന്റെ ജീവിതം രാഷ്ട്രീയത്തിനായി സമർപ്പിച്ചൊരു നേതാവായിരുന്നു ഉമ്മൻ ചാണ്ടി. ആദ്യമായി നിയമസഭയിലെത്തിയ 1970 മുതൽ 2021 വരെയുള്ള എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും അദ്ദേഹം വിജയം രുചിച്ചു. മത്സരിച്ച തെരഞ്ഞെടുപ്പുകളിലെല്ലാം വിജയിക്കുക, അമ്പത്തിമൂന്ന് വർഷം തുടർച്ചയായി ഒരു മണ്ഡലത്തെ പ്രതിനിധാനം ചെയ്യുക, മൂന്നു തവണ മന്ത്രിയാവുക, രണ്ടു തവണ മുഖ്യമന്ത്രിയാവുക തുടങ്ങി ചെറുതും വലുതുമായ നിരവധി റിക്കാർഡുകൾ ഉമ്മൻ ചാണ്ടിക്ക് അവകാശപ്പെട്ടതാണ്. കേരളത്തിൽ കോൺഗ്രസ് പാർട്ടിയെയും വലതുപക്ഷ മുന്നണിയെയും തളരാതെ നിർത്താൻ ഉമ്മൻ ചാണ്ടി വഹിച്ച പങ്ക് ചെറുതല്ല. തന്റെ കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് പ്രവർത്തകരെ അണിനിരത്താൻ അദ്ദേഹത്തിന് സാധിച്ചു.

കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയായ കെ.എസ്.യു. വിന്റെ 'ഒരണ'സമരത്തിലൂടെയാണ് ഉമ്മൻ ചാണ്ടി നേതാവാകുന്നത്. ആ കാലഘട്ടം മുതൽ അദ്ദേഹം എ. കെ. ആന്റണിയുടെ കൂടെ എപ്പോഴുമുണ്ടായിരുന്നു. കോൺഗ്രസ് രാഷ്ട്രീയത്തിലെ എല്ലാ സ്ഥാനങ്ങളും ആന്റണിയുടെ പിൻഗാമിയെന്നുള്ള നിലയിൽ അദ്ദേഹത്തെ തേടിയെത്തി. കെ.എസ്.യു., യൂത്ത് കോൺഗ്രസ് പ്രസിഡന്റ് മുതൽ മുഖ്യമന്ത്രി പദം വരെയുള്ള സ്ഥാനാരോഹണങ്ങളിൽ അത് കാണാനാവും.

1980 ൽ കോൺഗ്രസിനകത്തെ ഭിന്നിപ്പിനെ തുടർന്ന് എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം കോൺഗ്രസുകാർ ഇടതുപക്ഷത്തേക്ക് മാറിയപ്പോൾ, ഉമ്മൻ ചാണ്ടിയും കൂടെ ഉണ്ടായിരുന്നു. ഇടതുപക്ഷത്തുനിന്ന് തിരികെയും അവർ ഒരുമിച്ചായിരുന്നു മാറിയത്. കോൺഗ്രസ് ഗ്രൂപ്പുകളിലെ 'എ' ഗ്രൂപ്പ് എ.കെ. ആന്റണിയുടെ പേരിലായിരുന്നുവെങ്കിലും ആ ഗ്രൂപ്പിന്റെ ഓരോ ചലനങ്ങളും നിയന്ത്രിച്ചത് ഉമ്മൻ ചാണ്ടിയായിരുന്നു. ഏത് പ്രശ്നം പരിഹരിക്കുന്ന കാര്യമായാലും അതിൽ തങ്ങളുടെ പക്ഷത്തിന് ആധിപത്യം നേടുവാനായി പടനായകനെ പോലെ മുന്നിലുണ്ടായിരുന്നത് ഉമ്മൻ ചാണ്ടിയായിരുന്നു.

മുഖ്യധാരാ മാധ്യമങ്ങളെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ കൂടെ നിലനിർത്താൻ ഉമ്മൻ ചാണ്ടിയുടെ ചാണക്യ നീക്കങ്ങളിലൂടെ സാധിച്ചിരുന്നു. മാധ്യമങ്ങൾ ഉമ്മൻ ചാണ്ടിയെ ഉപയോഗിക്കുകയായിരുന്നില്ല മറിച്ച് ഉമ്മൻ ചാണ്ടി മാധ്യമങ്ങളെ ഉയോഗിക്കുകയായിരുന്നു.

പുതുപ്പള്ളിക്കാർ ഉമ്മൻ ചാണ്ടിയെ സ്നേഹത്തോടെ വിളിച്ചിരുന്നത് കുഞ്ഞൂഞ്ഞ് എന്നായിരുന്നു. ആ സ്നേഹം മാറ്റിവെച്ച് പുതുപ്പള്ളി വിട്ടുപോകുന്നത് സംബന്ധിച്ച് ആലോചിക്കാൻ പോലും അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. ഉമ്മൻ ചാണ്ടിയുടെ ആദ്യ ഭാര്യയാണ് പുതുപ്പള്ളിയെന്ന് അദ്ദേഹത്തിന്റെ ഭാര്യ മറിയാമ്മ തന്നെ പറഞ്ഞിട്ടുണ്ട്. എവിടെയായിരുന്നാലും ഞായറാഴ്ചകളിൽ പുതുപ്പള്ളിയിൽ എത്തുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. അവിടേക്ക്

ഉമ്മൻ ചാണ്ടിയെ കാണാനും പരാതികളും പരിഭവങ്ങളും പറയാനും വരുന്നവരെയെല്ലാം പരിഗണിക്കാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചു.

കോൺഗ്രസ് പാർട്ടിക്കകത്ത് അധികാര തർക്കങ്ങളുടെ കാലത്ത് ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ തന്ത്രജ്ഞത സമാനതകളില്ലാത്തതായിരുന്നു. അതിനാലാണ് കേരളത്തിന്റെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ ശക്തനായ വക്താവും പ്രയോക്താവുമായി അദ്ദേഹത്തെ വിലയിരുത്തുന്നത്. സ്വന്തം പാർട്ടിയിലുള്ളവർക്ക് പോലും ഒരു സാവകാശവും നൽകാത്ത തീർത്തും തന്ത്രപരമായ അപ്രതീക്ഷിത നീക്കങ്ങൾക്ക് അദ്ദേഹം എല്ലാ കാലത്തും തയ്യാറായി. അതിന്റെ ഗുണഫലം വലതുപക്ഷ മുന്നണിക്ക് ലഭിക്കുകയും ചെയ്തു. പതിറ്റാണ്ടുകളോളം കേരളത്തിലെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഗതി വിഗതികളെ നിയന്ത്രിച്ച പ്രമുഖ നേതാവായി ഉമ്മൻ ചാണ്ടി തലയുയർത്തി നിന്നത് ഈ രീതിശാസ്ത്രം മുന്നിൽ വച്ചാണ്.

വക്കം പുരുഷോത്തമൻ
മുൻ സ്പീക്കർ (1928 – 2023)

ഒപ്പം നിൽക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് അർഹമായ പദവികൾ ഉറപ്പിക്കാനും ഏതറ്റംവരെയും പോകാൻ മടിക്കാത്ത വ്യക്തിത്വമായിരുന്നു ഉമ്മൻ ചാണ്ടിയുടേത്. 1994 ൽ ഡോ. എം. എ. കുട്ടപ്പന് രാജ്യസഭാ സീറ്റ് കൊടുക്കാത്തതിൽ പ്രതിഷേധിച്ചുള്ള മന്ത്രിസ്ഥാനം രാജിവയ്ക്കലൊക്കെ അത്തരം മനോഭാവത്തിനുള്ള ഉദാഹരണമാണ്. എന്ത് കാര്യവും ചെയ്യുമ്പോൾ അത് സ്വന്തം മനസാക്ഷിയെ ബോധ്യപ്പെടുത്തണമെന്ന നിർബന്ധം ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്നു. കുറ്റബോധമില്ലാതെ മുന്നോട്ടുപോകാൻ ആ രീതി അദ്ദേഹത്തെ സഹായിച്ചു കാണണം.

ജനക്കൂട്ടത്തെ ആകർഷിക്കുന്ന വാക്ചാതുര്യമുള്ള വലിയ പ്രാസംഗികനൊന്നുമായിരുന്നില്ല ഉമ്മൻ ചാണ്ടി. എന്നാൽ, ജനങ്ങളെ കൈയിലെടുക്കാനുള്ള രാഷ്ട്രീയ ചാതുര്യങ്ങൾ അദ്ദേഹം നിരന്തരം പ്രയോഗിച്ചു. ജനസമ്പർക്ക പരിപാടി പോലുള്ളവയിലൂടെയും സാധാരണക്കാരുടെ കൂടെ ആരാധനാലയത്തിൽ സമയം ചിലവിട്ടും സഹപ്രവർത്തകരോടൊപ്പം ആൾക്കൂട്ട യാത്രകൾ നടത്തിയും ജനങ്ങളിലാണ് താൻ ജീവിക്കുന്നതെന്ന് അദ്ദേഹം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തി. ജനങ്ങൾ തങ്ങളുടെ കൂടെയുള്ള ഉമ്മൻ ചാണ്ടിയെ ഹൃദയത്തിലേറ്റി. അദ്ദേഹം വിടപറഞ്ഞപ്പോൾ ജനസഹസ്രങ്ങൾ വിലാപയാത്രയിൽ പങ്കാളികളായി. ഉമ്മൻ ചാണ്ടിയുടെ വേർപാടോടെ കേരള രാഷ്ട്രീയത്തിലെ ഒരു സുപ്രധാന ഏടാണ് അവസാനിക്കുന്നത്.

വക്കം പുരുഷോത്തമൻ കേരള നിയമസഭാ സ്പീക്കർ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ചതിനൊപ്പം ഗവർണർ പദവിയിലും വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രി എന്നുള്ള നിലയിലും മികച്ച പാർലമെന്റേറിയനെന്ന നിലയിലുമൊക്കെ

ശേഷം 8–ാം പേജിൽ

കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2023 ആഗസ്റ്റ് 7 മുതൽ 10 വരെ ചേരുകയും ആയതിന്റെ തുടർച്ചയായി സെപ്റ്റംബർ 11 മുതൽ 14 വരെ ചേരുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രധാനമായും നിയമനിർമ്മാണത്തിനായി ചേരുന്ന സഭാ സമ്മേളനത്തിന്റെ ആദ്യദിനമായ ആഗസ്റ്റ് 7 ന് അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, മുൻ സ്പീക്കർ വക്കം പുരുഷോത്തമൻ എന്നിവർക്ക് അന്തിമോപചാരം അർപ്പിച്ച് സഭ പിരിഞ്ഞു. 2023-24 വർഷത്തെ ബജറ്റിലെ ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചക്കും വോട്ടെടുപ്പിനും ധനവിനിയോഗ ബിൽ പാസ്സാക്കുന്നതിലേക്കുമായി സമയം നീക്കി വച്ചിട്ടുണ്ട്. ആകെ എട്ട് ദിവസങ്ങളിലാണ് സഭ സമ്മേളിക്കുന്നത്.

മൊഴിമുഴക്കം

“ഇരുട്ടിന് ഇരുട്ടകറ്റാനാകില്ല. പ്രകാശത്തിന് മാത്രമേ അത് സാധിക്കൂ. വിദ്വേഷത്തിന് വിദ്വേഷത്തെ അകറ്റാനാകില്ല സ്നേഹത്തിന് മാത്രമേ അത് സാധിക്കൂ”

മാർട്ടിൻ ലൂഥർ കിങ്

സാമാജികരുടെ നിയോജക മണ്ഡലങ്ങളിലൂടെ.....

വാഴൂരിൽ കുട്ടികൾക്കായി പുതിയ ലൈബ്രറി

ഡോ.എൻ.ജയരാജ്
കാഞ്ഞിരപ്പള്ളി

കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ വാഴൂർ പുളിക്കൽ കവലയിൽ സജ്ജീകരിച്ച കുട്ടികൾക്കായുള്ള ലൈബ്രറിയുടെ ഉദ്ഘാടനം ഗവ.ചീഫ് വിപ്പ് ഡോ.എൻ.ജയരാജ് നിർവ്വഹിച്ചു. ഉദ്ഘാടനത്തിൽ വിശിഷ്ടവ്യക്തികളോടൊപ്പം സ്കൂൾ വിദ്യാർത്ഥികളും മൺചിരാത് തെളിയിച്ചത് നവ്യാനുഭവമായി. എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിൽ ഒരു പദ്ധതി കേരളത്തിൽ ആദ്യമായാണ് നടപ്പാക്കുന്നത്. എം. എൽ. എ. ഫണ്ടിൽ നിന്ന് അനുവദിച്ച മൂന്ന് ലക്ഷം രൂപ ഉപയോഗിച്ചാണ് ഏകദേശം നാലര ലക്ഷം രൂപ മുഖവില വരുന്ന പുസ്തകങ്ങൾ പ്രത്യേക വിലക്കിഴിവിൽ കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നിന്ന് വാങ്ങിയത്. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ താമസിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും ലൈബ്രറിയിൽ അംഗത്വം എടുക്കുന്നതിന് സൗകര്യമുണ്ട്.

കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ സമഗ്രവിദ്യാഭ്യാസ പദ്ധതിയായ 'പുറപ്പാട്' മുഖേന നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് കുട്ടികളുടെ വായനശാല വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ നോഡൽ സെന്ററായ പുളിക്കൽ കവല നോവൽറ്റി ക്ലബ് ലൈബ്രറിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനവും ഇതൊടൊപ്പം ചീഫ് വിപ്പ് ഉദ്ഘാടനം ചെയ്തു. ആഘോഷങ്ങളുടെ ഭാഗമായി നിയോജക മണ്ഡലത്തിലെ ഏറ്റവും മികച്ച ലൈബ്രറിക്കും ലൈബ്രേറിയനുമുള്ള അവാർഡുകളും വിതരണം ചെയ്തു. ലൈബ്രറി അങ്കണത്തിൽ നടന്ന ചടങ്ങിൽ വാഴൂർ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ലൈബ്രറി പ്രസിഡന്റ്, ഗ്രന്ഥശാലാസംഘം ഭാരവാഹികൾ, മറ്റ് ജനപ്രതിനിധികൾ, ലൈബ്രറി പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ എന്നിവർ പങ്കെടുത്തു. വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരും കുട്ടികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഔഷധ ഗ്രാമം കല്ല്യാശ്ശേരി

എം. വിജിൻ
കല്ല്യാശ്ശേരി

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഔഷധ ഗ്രാമം പദ്ധതിയുടെ ഭാഗമായി വിത്തിടലിന്റെ ഉദ്ഘാടനം എം. വിജിൻ എം.എൽ.എ. നിർവ്വഹിച്ചു. കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ പിലാത്തറ ഹോപ്പിന് സമീപം നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ടി. സുലജ അധ്യക്ഷത വഹിച്ചു. ആദ്യ ഘട്ടത്തിൽ പ്രത്യേകം തയ്യാറാക്കിയ രണ്ടര ഏക്കറിലാണ് കുറുന്തോട്ടിയുടെ വിത്തിടൽ നടത്തിയത്. പ്രാഥമിക ഘട്ടത്തിൽ ഇരുപത്തിയഞ്ച് ഏക്കറിലാണ് ഔഷധ സസ്യകൃഷി ആരംഭിക്കുന്നത്.

കടന്നപ്പള്ളി- പാണപ്പുഴ പഞ്ചായത്തിൽ പത്ത് ഏക്കറിലും, കണ്ണപുരം, ഏഴോം പഞ്ചായത്തുകളിൽ ഏഴര ഏക്കറിലുമാണ് ആദ്യ ഘട്ടത്തിൽ ഔഷധ സസ്യ കൃഷി ആരംഭിക്കുക. ഘട്ടം ഘട്ടമായി മണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ നൂറ് ഏക്കറിൽ ഔഷധ കൃഷി വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 16.75 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ഇതിനായി അനുവദിച്ചത്.

നിലം ഒരുക്കലിനും മറ്റുമായി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിയും പഞ്ചായത്തടിസ്ഥാനത്തിൽ കർഷകരുടെ ഗ്രൂപ്പുകൾ രൂപീകരിച്ചും നടപ്പാക്കുന്ന പദ്ധതി നിരവധി പേർക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്നു. കർഷകർക്ക് വിപണനത്തിലുള്ള സഹായം ഉറപ്പുവരുത്തുന്നതിന് സൊസൈറ്റിയും രൂപീകരിക്കും. കൃഷി വകുപ്പ്, ഔഷധി, മെഡിസിനൽ പ്ലാന്റ് ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കർഷകർ എന്നിവരുടെ സഹകരണത്തോടെയാകും പദ്ധതി നടപ്പിലാക്കുന്നത്.

ചടങ്ങിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ത്രിതല പഞ്ചായത്ത് പ്രതിനിധികളും പങ്കെടുത്തു. വിളയാങ്കോട് സെന്റ് മേരീസ് എൽ. പി. സ്കൂളിൽ സംഘടിപ്പിച്ച കർഷകർക്കുള്ള പരിശീലനത്തിന് തൃശ്ശൂർ മറ്റത്തൂർ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി നേതൃത്വം നൽകി.

കൊട്ടില ഗവ. ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം

കൊട്ടില ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തനത് ഫണ്ടിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചത്. ഗ്രൗണ്ട് ഫ്ളോറിൽ രണ്ട് ക്ലാസ് മുറിയും വിശാലമായ ലാബും, ടോയ്‌ലറ്റ് സൗകര്യങ്ങളും ഒന്നാം നിലയിൽ നാല് ക്ലാസ് മുറികളും ടോയ്‌ലറ്റ് ബ്ലോക്കും നിർമ്മിച്ചിട്ടുണ്ട്.

എം.വിജിൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ, അധ്യാപകർ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, പി.ടി.എ. ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

തലപ്പാറ വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരളയ്ക്ക് പുതിയ കെട്ടിടം

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

തലപ്പാറ വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.) യ്ക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് ഓൺലൈനായി നിർവ്വഹിച്ചു. വള്ളിക്കുന്ന് മണ്ഡലത്തിൽ കൃഷിയുടെ അഭിവൃദ്ധിക്കായി പ്രത്യേക കാർഷിക പാക്കേജ് നടപ്പിലാക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. വി.എഫ്.പി.സി.കെ. യുടെ കീഴിൽ പ്രവർത്തിക്കുന്ന തലപ്പാറ സ്വാശ്രയ കർഷക സമിതി പെരുവള്ളൂർ പഞ്ചായത്തിലെ കുമണ്ണയിൽ വാങ്ങി നൽകിയ സ്ഥലത്ത് വെജിറ്റബിൾ ആന്റ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ഫണ്ടിൽ നിന്നും ഇരുപത്തിരണ്ട് ലക്ഷം രൂപ വകയിരുത്തിയാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. പെരുവള്ളൂർ, മൂന്നിയൂർ, എ.ആർ നഗർ, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളിലെ കർഷകരുടെ കാർഷിക വിപണന കേന്ദ്രം, വിത്തുകളുടെ വിതരണ കേന്ദ്രം, കർഷകരുടെ ന്യായവില കേന്ദ്രം എന്നിവയ്ക്കായാണ് കെട്ടിടം നിർമ്മിച്ചത്. പി.അബ്ദുൽ ഹമീദ് എം.എൽ.എ. അധ്യക്ഷനായിരുന്ന ചടങ്ങിൽ വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

സാമാജികരുടെ നിയോജക മണ്ഡലങ്ങളിലൂടെ.....

എ.എൻ.ഷംസീർ
തലശ്ശേരി

2023 ജൂൺ 26 ന് കതിരൂരിൽ ഇരുപത്തിയഞ്ച് ലൈഫ് വീടുകളുടെ താക്കോൽ ദാനം സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു.

ചിറ്റയം ഗോപകുമാർ
അടൂർ

ശുചീകരണ പ്രവർത്തനം വീട്ടിൽ നിന്നാരംഭിക്കണം



ശുചീകരണ പ്രവർത്തനം വീട്ടിൽ നിന്നാരംഭിക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി അടൂർ അനന്തരാമപുരം മാർക്കറ്റിലെ ശുചീകരണ പ്രവൃത്തി ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു മാസം നീണ്ട് നിൽക്കുന്ന ശുചീകരണ പ്രവർത്തനങ്ങളാണ് അടൂർ മണ്ഡലത്തിൽ സംഘടിപ്പിക്കുന്നത്.

പമ്പാവാലി, എയ്ഞ്ചൽവാലി പട്ടയ വിതരണം

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

പമ്പാവാലി, എയ്ഞ്ചൽവാലി പ്രദേശത്തെ മുഴുവൻ കൈവശ കൃഷിക്കാർക്കും അവരുടെ കൈവശഭൂമിക്ക് നിയമസാധുതയുള്ള ഉപാധിരഹിത പട്ടയം നൽകുന്നതിനായി ചേർന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി. എൻ. വാസവൻ വിശിഷ്ടാതിഥിയായിരുന്നു. ചടങ്ങിൽ പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, പട്ടയ വിതരണ നടപടികൾക്ക് നേതൃത്വം നൽകിയ കോട്ടയം ജില്ലാ കളക്ടർ ഡോ. പി. കെ. ജയശ്രീ, റവന്യൂ ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു. കെ.വി., മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ, സാമൂഹ്യ നേതാക്കളും സന്നിഹിതരായിരുന്നു.

പൂഞ്ഞാർ തെക്കേക്കര ഇനി സ്മാർട്ട് വില്ലേജ് ഓഫീസ്

വർഷങ്ങളായി ഒറ്റമുറിയിൽ പ്രവർത്തിച്ചു വന്നിരുന്ന പൂഞ്ഞാർ തെക്കേക്കര വില്ലേജ് ഓഫീസിന് സ്വന്തമായി രണ്ടു നില കെട്ടിടത്തിൽ സ്മാർട്ട് ഓഫീസ് യാഥാർത്ഥ്യമായി. എഴുപത്തിരണ്ട് ലക്ഷം രൂപ വിനിയോഗിച്ചാണ് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വില്ലേജ് ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചത്. രണ്ട് നിലകളിലായി 2057 സ്ക്വയർ ഫീറ്റിൽ ഫ്രണ്ട് ഓഫീസ്, വില്ലേജ് ഓഫീസറുടെ റൂം, ഓഫീസ് ഏരിയ, റിക്കാർഡ് റൂം, ഡൈനിങ് റൂം, ടോയ്‌ലറ്റുകൾ, സ്റ്റെയർകെയ്സ് റൂം, പാർക്കിംഗ് ഏരിയ, വെയിറ്റിംഗ് ഏരിയ എന്നിവ ഉൾപ്പെടെ എല്ലാവിധ ആധുനിക സൗകര്യങ്ങളും ഓഫീസിൽ സജ്ജീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൂട്ടിക്കൽ, മുണ്ടക്കയം, കൂവപ്പള്ളി എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചതിന് ശേഷം നാലാമത് പൂർത്തിയാക്കിയ വില്ലേജ് ഓഫീസാണ് ഇത്.

കെട്ടിടത്തിന്റെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ നിർവ്വഹിച്ചു. പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കോട്ടയം ജില്ലാ കളക്ടർ ഡോ. പി. കെ. ജയശ്രീ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

വൈലോപ്പിള്ളി സംസ്കൃതി ഭവൻ ക്യാമ്പസിൽ നവീകരിച്ച റോഡുകൾ

വി.കെ.പ്രശാന്ത്
വട്ടിയൂർക്കാവ്

എം.എൽ.എ. യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 19 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ച വൈലോപ്പിള്ളി സംസ്കൃതി ഭവൻ ക്യാമ്പസിനുള്ളിലെ റോഡുകളുടെ ഉദ്ഘാടനം വി.കെ പ്രശാന്ത് എം.എൽ.എ. നിർവ്വഹിച്ചു. നഗരസഭ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. റീന കെ.എസ്. അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ജി. എസ്. പ്രദീപ്, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എൻ. സത്യൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി മനേക്ഷ് പി. എസ്., പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഷൈല യു. എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അജയകുമാർ എന്നിവർ പങ്കെടുത്തു.

അറപ്പുര സ്വാഗത് ലെയിൻ റോഡ്

വട്ടിയൂർക്കാവ് എം.എൽ.എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ഇരുപത് ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ച അറപ്പുര സ്വാഗത് ലെയിൻ റോഡ് വി.കെ പ്രശാന്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം നഗരസഭ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മേടയിൽ വിക്രമൻ അധ്യക്ഷനായിരുന്നു. നഗരസഭ പദ്ധതിയിൽ ഉൾപ്പെടുത്തി ലേക്ക് വ്യൂ ലെയിൻ, മുളമൂട് ലെയിൻ, കൃഷ്ണപിള്ള നഗർ, ഈശ്വരി അമ്മൻ കോവിൽ റോഡ് എന്നീ റോഡുകളുടെ നവീകരണവും പൂർത്തിയാക്കിയതായി എം.എൽ.എ. അറിയിച്ചു. ടിഡ ചെയർമാൻ കെ.സി. വിക്രമൻ മുഖ്യാതിഥിയായ ചടങ്ങിൽ വാർഡ് കൗൺസിലർ ഐ.എം. പാർവ്വതി, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം രണ്ടാം പതിപ്പ് 2023 നവംബർ 01 മുതൽ 07 വരെ

KERALA LEGISLATURE
INTERNATIONAL
BOOK FESTIVAL

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പ് 2023 നവംബർ 01 മുതൽ 07 വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കും. സംസ്ഥാന സർക്കാർ നടത്തുന്ന കേരളീയം 2023 പരിപാടിയുടെ ഭാഗമായിട്ടാണ് ഇത്തവണ പുസ്തകോത്സവം സംഘടിപ്പിക്കുന്നത്. എല്ലാ പ്രസാധകർക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് നിയമസഭാ സാമാജികരുടെ ഫണ്ട് ഉപയോഗപ്പെടുത്തിയും സൗജന്യ പുസ്തക കൂപ്പൺ നൽകിയും സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ ലൈബ്രറികൾ വിപുലീകരിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സംഘടിപ്പിക്കുന്ന പുസ്തകോത്സവത്തിൽ പുസ്തക പ്രകാശനങ്ങൾ, സാഹിത്യ സാംസ്കാരിക രംഗത്തെ പ്രമുഖരുടെ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, വിഷൻ ടോക്ക് തുടങ്ങിയ പരിപാടികളും സാഹിത്യ, സാമൂഹിക, കലാ-സാംസ്കാരിക രംഗങ്ങളിലെ ലോക പ്രശസ്തരായ വ്യക്തികളുടെ സാന്നിദ്ധ്യവുമുണ്ടാവും. കലാ സാഹിത്യ സാംസ്കാരിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള നിയമസഭാ പുരസ്കാരം, പുസ്തകോത്സവം മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന മാധ്യമങ്ങൾക്കുള്ള മാധ്യമ അവാർഡുകൾ എന്നിവ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

വെതർ സ്റ്റേഷൻ ഉദ്ഘാടനം

സി.സി.മുകന്ദൻ

നാട്ടിക

ചേർപ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സമഗ്ര ശിക്ഷാ കേരള ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വെതർ സ്റ്റേഷന്റെ ഉദ്ഘാടനം സി.സി. മുകന്ദൻ എം.എൽ.എ. നിർവ്വഹിച്ചു. വിദ്യാർത്ഥികൾക്ക് മഴ, അന്തരീക്ഷ ഊഷ്മാവ്, കാറ്റിന്റെ വേഗതയും ദിശയും എന്നിവ മനസ്സിലാക്കുന്നതിനുള്ള ഉപകരണങ്ങൾ ഈ വെതർ സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുണ്ട്.

ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രതിനിധികൾ, പി.ടി.എ. ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. മണ്ഡലത്തിലെ മുഴുവൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും സമഗ്ര ശിക്ഷ കേരള ഫണ്ട് ഉപയോഗപ്പെടുത്തി വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

കുളിമാട് പാലം ഉദ്ഘാടനം ചെയ്തു

പി.ടി.എ റഹീം

കുന്ദമംഗലം

കുന്ദമംഗലം മണ്ഡലത്തിൽ ചാലിയാറിന്റെ ഇരുകരകളെയും ബന്ധിപ്പിച്ച് കുളിമാട് കടവിൽ നിർമ്മിച്ച പാലത്തിന്റെ ഉദ്ഘാടനം പി.ടി.എ.റഹീം എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. അഞ്ച് പ്രധാന റോഡുകളുടെ സംഗമ കേന്ദ്രമായ ഇവിടെ നിന്ന് മലപ്പുറം ജില്ലയിലേക്ക് ഒരു പാലം പണിയണമെന്ന ഇരുകരകളിലെയും ജനങ്ങളുടെ പതിറ്റാണ്ടുകളായുള്ള ആവശ്യമാണ് ഇതോടെ യാഥാർത്ഥ്യമായത്. സംസ്ഥാന സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുളിമാട് കടവിൽ പാലം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ ഇരുപത്തിയഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പാലം പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത് ആരംഭിച്ചെങ്കിലും 2019 ലെ പ്രളയത്തിൽ നിർമ്മാണ സാമഗ്രികൾ ഒലിച്ചുപോവുകയും പാലത്തിന്റെ ഡിസൈനിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശമുയരുകയും ചെയ്തതിനെ തുടർന്ന് ഡിസൈനും എസ്റ്റിമേറ്റും പുതുക്കുകയും കിഫ്ബിയുടെ അംഗീകാരത്തോടെ പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു. ഇരുകരകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് പുറമേ

ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള ഹൃദ്യമായ കാഴ്ചകളുമായാണ് പാലം യാഥാർത്ഥ്യമായിരിക്കുന്നത്.

കാനാമ്പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുഴനടത്തം

രാമചന്ദ്രൻ കടന്നപ്പള്ളി

കണ്ണൂർ

അയ്യപ്പൻ മലയിൽ നിന്നും ഉറവയായി തുടങ്ങി ഒമ്പത് കിലോമീറ്റർ ഒഴുകി അറബിക്കടലിൽ ചേരുന്ന കാനാമ്പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളുടെ പുരോഗതി കണ്ടറിയാനും തുടർ പ്രവർത്തനങ്ങൾക്ക് രൂപം നല്കാനുമായി സംഘടിപ്പിച്ച പുഴ നടത്തത്തിൽ നൂറുകണക്കിന് നാട്ടുകാരും ചേലോറ ഹയർ സെക്കണ്ടറി സ്ക്കൂളിലെ വിദ്യാർത്ഥികളും പങ്കെടുത്തു. 2018 ലാണ് കണ്ണൂർ എം.എൽ.എ. രാമചന്ദ്രൻ കടന്നപ്പള്ളി ചെയർമാനും എൻ. ചന്ദ്രൻ കൺവീനറുമായി കാനാമ്പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

പുനരുജ്ജീവനത്തിന്റെ ഭാഗമായി മൂന്ന് പദ്ധതികളിലായി എട്ട് കോടി ഇരുപത് ലക്ഷം രൂപയുടെ പുഴ സംരക്ഷണ പ്രവൃത്തികളാണ് നടക്കുന്നത്. പുനരുജ്ജീവന ജനകീയ സമിതി കൺവീനർ എൻ.ചന്ദ്രൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ എം. എൽ. എ. രാമചന്ദ്രൻ കടന്നപ്പള്ളി യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ഹരിത കേരള മിഷൻ പ്രതിനിധികൾ, പാടശേഖര സമിതി അംഗങ്ങൾ, കാനാമ്പുഴ പുനരുജ്ജീവന ജനകീയ സമിതി അംഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവരും പുഴനടത്തത്തിൽ ഭാഗഭാക്കായി.

അക്ഷരോത്സവം 2023

ഡി.കെ.മുരളി

വാമനപുരം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ) യും വാമനപുരം എം.എൽ.എ. യും ചേർന്ന് സംഘടിപ്പിച്ച അക്ഷരോൽസവം 2023 പരിപാടിയിൽ വാമനപുരം മണ്ഡലത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. 2023 ജൂൺ 16 ന് വെഞ്ഞാറമൂട് കീഴായിക്കോണം സ്മിത ഓഡിറ്റോറിയത്തിൽ ഡി.കെ. മുരളി, എം.എൽ.എ. അധ്യക്ഷനായ ചടങ്ങ് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി ഉദ്ഘാടനം ചെയ്തു.

എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പ് ഡയറക്ടർ വീണ എൻ. മാധവൻ മുഖ്യ പ്രഭാഷണം നടത്തി. ത്രിതല പഞ്ചായത്ത് അംഗങ്ങൾ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

സ്പീക്കറുടെ പൊതു പരിപാടികൾ

വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം

മലയാളത്തിന് സ്വന്തമായൊരു സാഹിത്യ ശാഖ സംഭാവന ചെയ്ത ബേപ്പൂരിന്റെ ഇമ്മിണി ബല്യ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ അനുസ്മരണ യോഗം ബേപ്പൂർ വയലാലിൽ സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു. ബഷീറിയനിസം എന്ന് വിശേഷിപ്പിക്കുന്ന എഴുത്തിലൂടെ സൃഷ്ടിക്കപ്പെട്ട പാത്തുമ്മയും പാത്തുമ്മാന്റെ ആടും മജീദും സുഹറയും മലയാളിയുടെ മനസ്സിൽ മായാതെ കിടക്കുന്ന കഥാപാത്രങ്ങളാണ്. അവയെല്ലാം ബേപ്പൂരിലെ കുട്ടികൾ പുനരാവിഷ്കരിച്ചപ്പോൾ അത് കൗതുകം ഉളവാക്കുന്ന കാഴ്ചയായിരുന്നുവെന്ന് സ്പീക്കർ പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

ലഹരിക്കെതിരെ ബോധവൽക്കരണവും നിയമ നടപടികളും ശക്തമാക്കണം

ലഹരി മാഫിയകളുടെ പ്രവർത്തനമില്ലാതാക്കാനായി സമൂഹത്തിൽ ബോധവൽക്കരണവും നിയമനടപടികളും ശക്തമാക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എക്സൈസ് വിമുക്തി മിഷൻ അടൂരിൽ സംഘടിപ്പിച്ച ലഹരി മോചന സ്നേഹ സന്ദേശ യാത്രാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമാജികരുടെ നിയോജക മണ്ഡലങ്ങളിലൂടെ.....

വികസന പാതയിൽ ആലപ്പുഴ

പി.പി.ചിത്തരഞ്ജൻ
ആലപ്പുഴ

ആലപ്പുഴ മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്ന മുൻ എം.എൽ.എ. ഡോ.ടി.എം.തോമസ് ഐസക്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളോടൊപ്പം രണ്ടാം പിണറായി സർക്കാർ പ്രഖ്യാപിച്ച വികസന പ്രവർത്തനങ്ങളാകെ ആലപ്പുഴയുടെ മുഖച്ഛായ മാറ്റുന്നവയാണ്. ബി.എം.ബി.സി. സാങ്കേതിക വിദ്യയിൽ നിർമ്മിക്കുന്ന റോഡുകൾ ആലപ്പുഴ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ പൂർത്തിയായി വരുന്നു. ഇരുപത്തിയഞ്ച് കോടി രൂപ ചെലവഴിച്ചുള്ള ശവക്കോട്ട, കൊമ്മാടി പാലങ്ങളുടെ നിർമ്മാണം രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാകും. ആലപ്പുഴ, അമ്പലപ്പുഴ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ജില്ലാ കോടതി പാലം നൂറ്റിമുപ്പത് കോടി രൂപ ചെലവിൽ നവീകരിക്കുകയാണ്. പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് പൂർത്തിയായി. ഇരുപത് കോടി രൂപ ചെലവഴിച്ച് മുപ്പാലം, നാൽപ്പാലങ്ങളായി നിർമ്മിക്കുന്ന പ്രവർത്തനവും വേഗത്തിൽ പുരോഗമിക്കുന്നു. നെഹ്റുട്രോഫി വാർഡ് പ്രദേശത്തെ നഗരവുമായി ബന്ധിപ്പിക്കുന്നതിനായി അറുപത് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന പുന്നമട പാലത്തിന്റെ സ്ഥലമെടുപ്പിനായി എട്ട് കോടി രൂപ ലഭിച്ചതിനെ തുടർന്ന് പാലത്തിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചു.

കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുവാൻ കിഫ്ബി പദ്ധതി പ്രകാരം ഇരുന്നൂറ്റി പതിനാല് കോടി രൂപയുടെ പ്രവർത്തനം ആരംഭിച്ചു. വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തോടൊപ്പം പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിച്ച് വരികയാണ്. ചെത്തി ഹാർബർ നിർമ്മാണത്തിനായി നൂറ് കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

കായികരംഗത്ത് വൻ കുതിപ്പ് ലക്ഷ്യമിട്ട് കണിച്ചുകുളങ്ങര, ആര്യാട് സ്റ്റേഡിയങ്ങൾക്കായി പത്ത് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ചെത്തി ബീച്ചിൽ ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് സ്റ്റേഡിയങ്ങൾ പതിമൂന്ന് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്നു.

ടൂറിസം രംഗത്ത് പ്രത്യേക പാക്കേജുകൾ നടപ്പിലാക്കുന്നതിന്റെ ഒന്നാംഘട്ടമായി 'മാരാരി ബീച്ചിനെ' ഉത്തരവാദിത്വടൂറിസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന് അഞ്ച് കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ആലപ്പുഴയുടെ ഭാവിസാധ്യതകളെ വിലയിരുത്തി വിനോദസഞ്ചാര മേഖലയിൽ കടൽ, കായൽ ടൂറിസത്തിന് പ്രാമുഖ്യമുള്ള വിവിധ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ പതിനഞ്ച് കോടി രൂപ ചെലവഴിച്ച് പന്ത്രണ്ട് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. നടപ്പു വർഷം മൂന്ന് സ്കൂളുകൾക്കായി അഞ്ചര കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. തൊഴിൽ നൈപുണ്യ വികസനത്തിനായി ഇരുപത് കോടി രൂപ ചെലവിൽ അസാപ്പിന്റെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. ആരോഗ്യമേഖലയിൽ നൂറ് കോടി രൂപ ചെലവഴിച്ച് ചെട്ടികാട് താലൂക്ക് ആശുപത്രി നിർമ്മാണം പുരോഗമിക്കുകയാണ്. കലവൂർ, ആര്യാട്, മണ്ണഞ്ചേരി, നെഹ്റുട്രോഫി ഹെൽത്ത് സെന്ററുകൾക്ക് പുതിയ കെട്ടിടം, മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമായി കഴിഞ്ഞു. എം.എൽ.എ. ഫണ്ടിൽനിന്നുള്ള പന്ത്രണ്ട് കോടി രൂപ ചെലവഴിച്ചുള്ള വിവിധ പദ്ധതികൾ നടന്നുവരികയാണ്. മണ്ഡലത്തിലാകെ അറുന്നൂറ്റിയമ്പത് കോടിയോളം രൂപയുടെ വികസനപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

ആലപ്പുഴ ആദ്യ സമ്പൂർണ ശുചിത്വ മണ്ഡലം

കേരളത്തിലെ ആദ്യത്തെ സമ്പൂർണ ശുചിത്വ മണ്ഡലമായി ആലപ്പുഴ. പാതിരപ്പള്ളി പാട്ടുകളം ക്ഷേത്ര മൈതാനിയിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാനത്തെ ആദ്യ ശുചിത്വമണ്ഡലമായി ആലപ്പുഴയെ തദ്ദേശ സ്വയം ഭരണം, എക്സൈസ് വകുപ്പുമന്ത്രി എം.ബി. രാജേഷ് പ്രഖ്യാപിച്ചു. പി. പി. ചിത്തരഞ്ജൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ മാസങ്ങളോളം നടത്തിയ പ്രവർത്തന ഫലമായാണ് ആലപ്പുഴയെ സമ്പൂർണ ശുചിത്വ മണ്ഡലമായി മാറ്റാൻ കഴിഞ്ഞത്.

സംസ്ഥാന സർക്കാരിന്റെ 'നവകേരളം വൃത്തിയുള്ള കേരളം', 'വലിച്ചെറിയൽ മുക്തകേരളം' പദ്ധതികളുടെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ 'വൃത്തി ആലപ്പുഴയുടെ അഭിവൃദ്ധി' സമ്പൂർണ ശുചിത്വമണ്ഡലം പദ്ധതിയുടെ ആദ്യഘട്ട പൂർത്തീകരണ പ്രഖ്യാപനമാണ് നടത്തിയത്.

ജനങ്ങളെ പങ്കെടുപ്പിച്ച് ശുചിത്വ സദസുകളും ബോധവൽക്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേന പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി മണ്ഡലത്തിലെ മുഴുവൻ വീടുകളിലും ലഘുരേഖ സന്ദേശം എത്തിച്ചുമാണ് മണ്ഡലം നേട്ടം കൈവരിച്ചത്. തെരുവ് നാടകങ്ങൾ, ഫ്ളാഷ്മോബ്, ഷോർട്ട് ഫിലിം മത്സരം തുടങ്ങിയവയും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

ശുചിത്വം പ്രമേയമാക്കി തയ്യാറാക്കിയ ഷോർട്ട് ഫിലിം എൻട്രികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവ ഉൾപ്പെടുത്തി ഫിലിം ഫെസ്റ്റ് സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ഹരിതാ വി. കുമാർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. കൂടാതെ ശുചിത്വ ബോധവൽക്കരണമുയർത്തി സംഘടിപ്പിച്ച 'ശുചിത്വ വർണ്ണങ്ങൾ' ചിത്രരചനാ മത്സരവും പ്രശസ്ത ചിത്രകാരന്മാരുടെ ചിത്ര പ്രദർശനവും മുൻ ധനകാര്യ മന്ത്രി തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്തു. ആലപ്പുഴ വിജയി പാർക്കിൽ സംഘടിപ്പിച്ച ചടങ്ങിൽ അമ്പതോളം മത്സരാർത്ഥികൾ പങ്കെടുത്തു.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



പി. കുഞ്ഞിരാമൻ നായർ
ഡോ. മുഞ്ഞിനാട് പത്മകുമാർ
റൊമാൻസൺ പബ്ലിഷിംഗ് : തിരുവനന്തപുരം, 2022
O32, 1wKUN R2
(മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ജീവചരിത്രം)



Catholics and Communists in Twentieth-Century Italy Between Conflict and Dialogue
Daniela Saresella
Bloomsbury Academic : New Delhi, 2021.
Q62(W691).52'N00-99 R1
(This work explores the critical moments in the relationship between the Catholic world and the Italian Left in the last hundred years)



Federalism and Decentralization: Constitutional Problems of Territorial Decentralization in Federal and Centralized States
Thomas Fleiner-Gerster and Silvan Hutter, Ed.
Routledge : London, 2018.
V1,6:12x Q8
(This book is an outcome of the round table conference held in 1984 in Switzerland. It deals with decision of decentralization, structure of decentralized units, external power of decentralized unit, financial autonomy and protection of basic rights)



Approaches to Media A Reader
Oliver Boyd-Barrett and Chris Newbold, Ed.
Bloomsbury Academic : New Delhi, 2022.
4x R2
(This book is a collection of essays, which help to understand the variety of ways in which the study of media and mass communication has been approached during this century)

ശാസ്ത്രീയ ഭൗതികവാദ രേഖ
രാഹുൽ സംകൃത്യായൻ
വിവ.: കെ.വി. മണലിക്കര
ഫേബിയൻ ബുക്സ്
മാവേലിക്കര, 2021
R6 32 R1
(ആധുനിക തത്ത്വശാസ്ത്രം)

പൗരത്വ നിയമഭേദഗതിയും ഭരണഘടനയും
കെ.എം. ഷാജഹാൻ
ഒലിവ് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2020.
V2:2 32 R0
(ഇന്ത്യൻ ഭരണഘടനയുടെ ശ്രേഷ്ഠതയും ഇന്ത്യൻ ജനാധിപത്യത്തിന്റെ ധാർമ്മികതയും എതിരായി സമൂഹം നേരിടുന്ന വിഭജനാത്മകവും വൈകാരികവുമായ പ്രശ്നങ്ങൾ വിശദീകരിക്കുന്ന പുസ്തകം)



സല്യൂട്ട് (2ാം പതിപ്പ്)
ഡോ. ബി. സന്ധ്യ ഐ.പി.എസ്., എഡി.
ജി.വി. ബുക്സ് : തലശ്ശേരി, 2020.
O32,3x R0
(20 പോലീസ് സേനാംഗങ്ങൾ എഴുതിയ കഥകൾ)

വിദ്യാഭ്യാസ ചിന്തകൾ
(4ാം പതിപ്പ്)
ഡോ. അസീസ് തരുവണ, എഡി.
ഒലിവ് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2022.
T 32 R2
(വ്യത്യസ്ത കാലഘട്ടങ്ങളിലും ചരിത്ര സന്ദർഭങ്ങളിലും ജീവിച്ചിരുന്നവരും ജീവിക്കുന്നവരുമായ ദാർശനികന്മാരുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നിർവ്വചനങ്ങളും ചിന്തകളും അവയുടെ കാലിക പ്രസക്തിയും വിശദീകരിക്കുന്ന ഗ്രന്ഥം)

ഇന്ത്യയും ഇന്ത്യൻ നാഷണൽ കോൺഗ്രസും
ഡി. സുഗതൻ
ജി.വി. ബുക്സ് : തലശ്ശേരി, 2021.
V2,4'M85 32 R1-1
(ഇന്ത്യയുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും ചരിത്രം വിശകലനം ചെയ്യുന്ന ഗ്രന്ഥം. മുൻ സാമാജികനാണ് ഗ്രന്ഥകർത്താവ്)



സോദരത്വേന......
സുനിൽ പി. ഇളയിടം
പുസ്തക പ്രസാധക സംഘം : കോഴിക്കോട്, 2022.
O32,5SU R2
(ഇന്ത്യയിലെ ഫാസിസ്റ്റ് വിരുദ്ധ സമരങ്ങളും രാഷ്ട്രീയവും വിശകലനം ചെയ്യുന്ന ലേഖനങ്ങൾ)

നൂറു നൂറു യാത്രകൾ
ശൈലൻ
ഒലിവ് പബ്ലിക്കേഷൻസ് : കോഴിക്കോട്, 2022.
U8.2 32 R2
(യാത്രാവിവരണം)



TO KILL A DEMOCRACY India's Passage to Despotism
Debasish Roy Chowdhury and John Keane
Macmillan :NewDelhi, 2021.
W6.2 R1
(This book deals with the growing alarm about India's democratic health)

സഭാധ്യക്ഷന്റെ പേജ്..... തുടർച്ച

ശ്രദ്ധേയനായ വ്യക്തിയാണ്. ആർ.എസ്.പി. യിലാണ് അദ്ദേഹം രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് കോൺഗ്രസ് നേതൃത്വത്തിലേക്ക് വക്കം അടിവച്ചുകയറി. അലിഗഢ് സർവ്വകലാശാലയിൽ നിന്നും എൽ.എൽ.ബി.യും എം.എ.യും പാസായതിന് ശേഷം തിരുവനന്തപുരത്ത് അഭിഭാഷക ജീവിതം ആരംഭിച്ച വക്കത്തിന്റെ പിന്നീടുള്ള പൊതുജീവിതം കേരള രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമായിരുന്നു.

ഏത് പദവിയിലിരുന്നാലും മികവാർന്ന ഭരണപാടവം അദ്ദേഹം കാഴ്ച വച്ചു. കണിശക്കാരനെന്നുള്ള നിലയിൽ അദ്ദേഹം തനിക്ക് ശരിയെന്ന തോന്നുന്ന നിലപാടുകൾ ഉയർത്തിപ്പിടിച്ചു. കാർക്കശ്യഭാവത്തോടെ കൃത്യനിഷ്ഠ പാലിക്കാൻ ഏവരേയും സജ്ജരാക്കി. വിവാദങ്ങളെ വകവെയ്ക്കാതെ തന്റെ തീരുമാനങ്ങളിൽ ഉറച്ചുനിന്ന അദ്ദേഹത്തിന്റെ ശൈലിയും നിശ്ചയദാർഢ്യവും ഏറെ ചർച്ച ചെയ്യപ്പെട്ടു.

കേരളത്തിലെ കോൺഗ്രസ് പാർട്ടി പ്രതിസന്ധിയിലായ ഘട്ടങ്ങളിൽ വക്കം പുരുഷോത്തമന്റെ രാഷ്ട്രീയതന്ത്രജ്ഞത ഉപയോഗപ്പെട്ട നിരവധി അവസരങ്ങളുണ്ട്. മന്ത്രിപദത്തിലിരുന്ന വേളയിൽ സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടിയുള്ള വീക്ഷണമാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്. പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വേളയിൽ കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ കേന്ദ്ര ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നതിനും വക്കത്തിന് സാധിച്ചു എന്നത് ശ്രദ്ധേയമാണ്.

ഏറ്റവും കൂടുതൽ കാലം കേരള നിയമസഭാ സ്പീക്കർ പദവിയിലിരുന്നത് വക്കമാണ്. 1982-84, 2001-2004 കാലത്താണ് സ്പീക്കറായിരുന്നത്. 1984 ൽ സ്പീക്കർ സ്ഥാനം രാജിവെച്ചാണ് ലോക് സഭയിലേക്ക് മത്സരിച്ചത്. 1970 ൽ ആറ്റിങ്ങലിൽ നിന്നാണ് ആദ്യമായി നിയമസഭയിലേക്ക് വിജയിച്ചത്. കോൺഗ്രസ് പാർട്ടിയിലെ ഉരുക്കുമനുഷ്യനെന്ന് അറിയപ്പെട്ടിരുന്ന വക്കം പുരുഷോത്തമൻ തലയെടുപ്പോടെയാണ് വിടവാങ്ങുന്നത്.

ഉമ്മൻ ചാണ്ടിയുടെയും വക്കം പുരുഷോത്തമന്റെയും നിര്യാണത്തിൽ ദുഃഖമനുഭവിക്കുന്ന കുടുംബാംഗങ്ങളെയും പാർട്ടി പ്രവർത്തകരേയും മറ്റുള്ള എല്ലാവരേയും അനുശോചനം അറിയിക്കുന്നു.

പ്രതിപക്ഷ നേതാവിന്റെ പേജ്

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

മണിപ്പൂരിൽ ഇനിയും കണ്ണുനീർ വീഴരുത്

ഭാരതത്തിന്റെ വടക്ക് കിഴക്കൻ അതിർത്തി സംസ്ഥാനമായ മണിപ്പൂരിൽ 2023 മേയ് മാസം 3 ന് ആരംഭിച്ച വംശീയകലാപം ഇപ്പോഴും തുടരുകയാണ്. ഏകദേശം 168 പേർ മരണപ്പെട്ടുവെന്നും നൂറുകണക്കിനാളുകൾക്ക് പരിക്കേറ്റുവെന്നും 60,000 ൽ അധികം പേർ ഭവനരഹിതരായിമാറിയെന്നും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നുമുള്ള കണക്കുകളാണ് മണിപ്പൂർ സർക്കാർ പുറത്തുവിട്ടിട്ടുള്ളത്. എന്നാൽ, ഇപ്പോഴും തുടരുന്ന കലാപത്തിലെ നാശനഷ്ടങ്ങൾ സംബന്ധിച്ചും മരണം സംബന്ധിച്ചും കൃത്യമായ യാതൊരു കണക്കും ആരുടേയും പക്കലില്ല എന്നതാണ് യാഥാർത്ഥ്യം.

മണിപ്പൂരിലെ ഭൂരിപക്ഷ വിഭാഗമായ മെയ്തെയ് വംശജരും ന്യൂനപക്ഷവിഭാഗമായ കുക്കി വംശജരും തമ്മിലുള്ള ഏറ്റുമുട്ടൽ വർഗ്ഗീയ ലഹളയാകാനുള്ള പ്രകോപനം, മെയ്തെയ് വിഭാഗത്തിന് പട്ടികവർഗ്ഗപദവി നൽകാനുള്ള ബീരേൻസിങ് സർക്കാരിന്റെ തീരുമാനവും ഒപ്പം ഇക്കാര്യത്തിൽ മണിപ്പൂർ ഹൈക്കോടതിയുടെ സമയബന്ധിതമായി തീരുമാനമെടുക്കാൻ സർക്കാർ തയ്യാറാകണമെന്നുമുള്ള നിർദ്ദേശവുമാണ് എന്ന രീതിയിലാണ് ദേശീയ മാധ്യമങ്ങളിൽ വാർത്തകൾ വന്നത്. എന്നാൽ, സംഘർഷം ഒരു ഘട്ടത്തിൽ കുക്കി, മെയ്തെയ് വിഭാഗങ്ങളുടെ കീഴിലുള്ള ക്രൈസ്തവ ദേവാലയങ്ങളും, മതസ്ഥാപനങ്ങളും ആക്രമിച്ച് നശിപ്പിക്കുക എന്നതായി മാറി. ക്രൈസ്തവരെയും അവരുടെ ആരാധനാലയങ്ങളെയും ലക്ഷ്യമിട്ട് നടക്കുന്ന കലാപം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെയായി പരിണമിച്ചു.

ഇംഫാലിനടുത്തുള്ള ചുരാചന്ദ്പൂർ ജില്ലയിൽ ആരംഭിച്ച സംഘർഷത്തിന്റ ആദ്യ ദിനങ്ങളിൽ സംസ്ഥാന ഭരണകൂടം കാണിച്ച നിസ്സംഗതയും സംഘർഷം ആളിക്കത്തുന്നതിനും അത് വംശീയ കലാപമെന്ന നിലയിലേക്ക് മാറ്റുന്നതിനുമിടയാക്കി. ഇംഫാലിനടുത്തുള്ള പാങ്ങായ് പോലീസ് ട്രെയിനിംഗ് കോളേജ് കൊള്ളയടിച്ച് 4000 തോക്കുകളും വെടിയുണ്ടകളും കൈവശപ്പെടുത്തിയ മെയ്തെയ് ജനത, ആയുധമുപയോഗിച്ചുള്ള സായുധ സംഘട്ടനത്തിലേക്കും അതിതീവ്ര ആക്രമണത്തിലേക്കും അതുവഴി വംശീയകലാപത്തിലേക്കും വഴിമാറുകയായിരുന്നു. തങ്ങൾക്ക് സ്വാധീനമുള്ള മേഖലകളിൽ തമ്പടിച്ച അക്രമികൾ ചേരിതിരിഞ്ഞ് വീടുകളും വിദ്യാഭ്യാസ കച്ചവടസ്ഥാപനങ്ങളും പള്ളികളും മറ്റ് ആരാധനാലയങ്ങളും തകർക്കുകയും തീവയ്ക്കുകയും പട്ടാപ്പകൽ കൊള്ളയും കൊലപാതകങ്ങളും നടത്തുകയും ചെയ്തു. അതിപ്പോഴും തുടരുകയുമാണ്. സർക്കാരിന്റെ അറിവോടുകൂടിയാണ് കലാപകാരികൾ സർക്കാർ അധീനതയിലുള്ള ആയുധങ്ങൾ കയ്യടക്കിയതെന്ന വിവരം പിന്നീട് പുറത്തുവന്നു.

സംസ്ഥാന സർക്കാരിന് നിയന്ത്രിക്കാനാവാത്തവിധം യുദ്ധസമാന സാഹചര്യത്തിലേക്ക് കലാപം വഴുതി വീണപ്പോൾ കേന്ദ്രസർക്കാർ തങ്ങളുടെ കുറ്റകരമായ നിസ്സംഗതയുമായി മുന്നോട്ട് പോകുകയായിരുന്നു. ഇന്റർനെറ്റ് സേവനം അവസാനിപ്പിച്ചും സൈന്യത്തേയും പാരാമിലിട്ടറിയെയും വിന്യസിച്ചും കർഫ്യൂ പ്രഖ്യാപിച്ചുമൊക്കെ സമരത്തെ നേരിടാൻ തയ്യാറായെങ്കിലും സായുധരായ അക്രമിസംഘങ്ങളുടെ കൊള്ളയും കൊലപാതകവും നിർബാധം തുടരുകയും വംശീയമായ ചേരിതിരിവുകൾ അപരിഹാര്യമായ നിലയിലേക്ക് എത്തുകയുമുണ്ടായി. ശത്രുരാജ്യങ്ങൾ തമ്മിൽ യുദ്ധം ചെയ്യുന്നതുപോലെയാണ് മണിപ്പൂരിനകത്ത് ഇരുവിഭാഗവും തമ്മിൽ സർവ്വസന്നാഹവുമായി പോരാടുന്നത്. ഇക്കാര്യത്തിൽ വിവേകപൂർണ്ണമായ അടിയന്തര ഇടപെടൽ നടത്തി സമാധാനവും പരസ്പരവിശ്വാസവും തിരികെ കൊണ്ടുവരാൻ ഇനിയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കഴിയാത്തത് ഭാരതചരിത്രത്തിൽ തന്നെ കേട്ടുകേൾവിയില്ലാത്ത സംഭവമാണ്. മ്യാൻമാറുമായി അതിർത്തിപങ്കിടുന്ന മണിപ്പൂരിലെ വംശീയ കലാപം ക്രമേണ രാജ്യസുരക്ഷയെക്കൂടി ബാധിക്കുന്ന തലത്തിലേക്ക് വളരാതിരിക്കുവാനുള്ള തീവ്രശ്രമം നടത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണം.

മണിപ്പൂർ ജനതയെ ഒന്നായി കാണാനും സംഘർഷാവസ്ഥ ലഘൂകരിക്കാനുമുള്ള ആത്മാർത്ഥ ശ്രമങ്ങൾ നടത്താൻ ഇപ്പോഴും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കഴിയുന്നില്ല. ജനങ്ങൾ തമ്മിലും ജനങ്ങളും സർക്കാരുകളും തമ്മിലുമുള്ള അവിശ്വാസം ഇപ്പോഴും കുറഞ്ഞിട്ടില്ല. മണിപ്പൂർ കലാപമുണ്ടായ മേയ് 3 ന് ശേഷം അമേരിക്കയും ഈജിപ്റ്റും സന്ദർശിക്കുകയും റഷ്യ നടത്തിയ ഉക്രൈൻ അധിനിവേശത്തിൽ റഷ്യയെ പിന്തുണക്കുകയും ചെയ്യുന്ന പ്രധാനമന്ത്രി ഇതുവരെയും മണിപ്പൂർ വിഷയത്തിൽ ക്രിയാത്മകമായി പ്രതികരിക്കാതെ മൗനം തുടരുകയാണ്. മണിപ്പൂർ കത്തിയാളുമ്പോൾ കർണ്ണാടക നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രചാരണത്തിലായിരുന്നു പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും. ഈ നിശബ്ദത മതേതര ഭാരതത്തെ ഭയപ്പെടുത്തുന്നുവെന്നതാണ് യാഥാർത്ഥ്യം.

ഈ സാഹചര്യത്തിലാണ് രാഹുൽ ഗാന്ധി ജൂൺ മാസം 29,30 തീയതികളിൽ മണിപ്പൂരിലെ വംശീയകലാപമേഖലകൾ സന്ദർശിച്ചത്. വളരെയധികം പ്രതീക്ഷയോടെ ഭിന്നതകൾ മാറ്റിവച്ചാണ് മണിപ്പൂർ ജനത ഒന്നാകെ രാഹുലിനെ സ്വീകരിച്ചത്. സമാധാനം തിരികെ കൊണ്ടുവരാനുള്ള യത്നത്തിന്റെ ഭാഗമായി പിറന്ന മണ്ണിൽ അഭയാർത്ഥികളായി കഴിയുന്ന ഇരുവിഭാഗം ജനങ്ങളെയും അവരുടെ ക്യാമ്പുകൾ സന്ദർശിച്ച് അദ്ദേഹം സമാശ്വസിപ്പിച്ചു. വെറുപ്പിന്റെയും വംശഹത്യയുടേയും ചന്തയിൽ സ്നേഹത്തിന്റെയും പരസ്പരവിശ്വാസത്തിന്റെയും കട തുറക്കാനാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. എല്ലാ പ്രതിസന്ധികളേയും ഭിന്നതകളേയും തരണം ചെയ്ത് മുന്നേറാനുള്ള ആഹ്വാനം നൽകിയ രാഹുൽഗാന്ധി മണിപ്പൂർ ജനതയ്ക്ക് പകർന്നു നൽകിയ ആത്മവിശ്വാസവും പ്രതീക്ഷയും പ്രത്യാശാനിർഭരമാണ്. സ്വന്തം ജനതയെ സൈന്യത്തെയും പോലീസിനെയുമുപയോഗിച്ച് വേട്ടയാടുന്നതിന് പകരം സമന്വയത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഭാഷയിൽ പ്രശ്നങ്ങൾ പരിഹരിച്ച് ശാശ്വത സമാധാനവും സഹവർത്തിത്വവും പുനഃസ്ഥാപിക്കുവാനുള്ള വഴികൾ തേടുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യേണ്ടത്. വെടിയൊച്ചകൾ മുഴങ്ങുന്ന, കലാപകാരികൾ ആയുധങ്ങളുമായി അഴിഞ്ഞാടുന്ന തെരുവുകളിലൂടെയാണ് സമാധാന ദൂതുമായി രാഹുൽ ഗാന്ധി കടന്നുചെന്നത്.

എല്ലാ വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുക്കാനും മണിപ്പൂരിന് സാന്ത്വനം പകരുന്ന സമാധാന ചർച്ചകളിൽ കക്ഷിരാഷ്ട്രീയഭേദമെന്യേ എല്ലാവരെയും പങ്കെടുപ്പിച്ച് ഇനിയും മണിപ്പൂർ ജനതയുടെ കണ്ണീർ ചൊരിയാതെ ശാന്തിയും സമാധാനവും സഹവർത്തിത്വവും ഉറപ്പാക്കാനുമുള്ള ശ്രമങ്ങൾക്ക് മഹാഭൂരിപക്ഷം വരുന്ന മതേതര വിശ്വാസികളായ മുഴുവൻ ഭാരതീയരുടേയും പൂർണ്ണമായ പിന്തുണയുമുണ്ടാകുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം

നിയമസഭാ സെക്രട്ടേറിയറ്റിലെ ഡാറ്റാ സെന്ററിൽ സജ്ജീകരിച്ചിട്ടുള്ള കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം നിയമസഭയിലെ വിവിധ വിഭാഗങ്ങൾക്ക് ഉപയോഗിക്കുന്നതിനായി 'Alfresco' സോഫ്റ്റ്‌വെയർ സംബന്ധിച്ച പരിശീലനം നിയമസഭാ സമുച്ചയത്തിലെ 5 C ട്രെയിനിംഗ് ഹാളിൽ സംഘടിപ്പിച്ചു. ഈ വിഷയത്തിലെ ഡൊമൈൻ എക്സ്പെർട്ട് രഞ്ജിത്ത് കുമാർ പി.എസ്. ആണ് പരിശീലനം നൽകിയത്. നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

നിയമസഭാ സെക്രട്ടറിയേറ്റിലെ വിവിധ വിഭാഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യാനുസരണം സ്വതന്ത്രമായി ഡാറ്റ കൈകാര്യം ചെയ്യുന്നതിനും പ്രത്യേകം സ്റ്റോറേജ് ഏരിയ ക്രമീകരിച്ചു നൽകാനും അതിനുവേണ്ടുന്ന സുരക്ഷാ മുൻകരുതലുകളും ഡാറ്റ ഉപയോഗിക്കുന്നതിനും ഷെയർ ചെയ്യാനുമുള്ള അനുവാദം (username, password etc) ക്രമീകരിക്കാനും ഈ സംവിധാനത്തിലൂടെ സാധിക്കും. ഓരോ വിഭാഗവും പ്രത്യേകമായി വേർതിരിക്കപ്പെടുന്നത് കൊണ്ട് നിയമസഭാ സെക്രട്ടറിയേറ്റിലെ അതാത് വിഭാഗങ്ങളിലെ ഡാറ്റകൾക്ക് രഹസ്യ സ്വഭാവം ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കും.

എഫ്.എം.എസ്. മൊഡ്യൂൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം

വിവരസാങ്കേതിക വിദ്യാ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ വെബ്സൈറ്റ്, ഗൂഗിൾ മീറ്റ്, അസറ്റ് മാനേജ്മെന്റ് സിസ്റ്റം, ഇ-മെയിൽ തുടങ്ങിയ സേവനങ്ങളും ഇ-നിയമസഭാ പദ്ധതിയുടെ ഭാഗമായ File Management System മൊഡ്യൂളും കൈകാര്യം ചെയ്യുന്നതിനായുള്ള ഒരു പരിശീലന പരിപാടി 2023 ജൂൺ 16 മുതൽ 27 വരെ 5 C ട്രെയിനിംഗ് ഹാളിൽ സംഘടിപ്പിച്ചു. പരിപാടിയിൽ അസിസ്റ്റന്റ് തലം മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് അവബോധം വളർത്താൻ നാമ്പ് 2

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ വിഭാഗവും യൂണിസെഫും സംയുക്തമായി കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് കുട്ടികളിലും മുതിർന്നവരിലും അവബോധം വളർത്തുന്നതിനായി 2023 ജൂൺ 5 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ നാമ്പ് 2 എന്ന പരിപാടി സംഘടിപ്പിച്ചു. ഇതേ ആശയം മുൻനിർത്തി 2022 ജൂൺ 6 ന് നടത്തിയ 'നാമ്പ്' പരിപാടിയുടെ തുടർച്ചയായിട്ടാണ് 'നാമ്പ് 2' നടത്തിയത്. നിയമസഭാ പരിസ്ഥിതി സമിതി ചെയർമാൻ ഇ.കെ. വിജയൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച പരിപാടി സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ യുവാക്കളെയും കുട്ടികളെയും കാലാവസ്ഥ വ്യതിയാനത്തിന്റെ കെടുതികൾ ചെറുക്കാൻ സജ്ജരാക്കുന്നതിന് വേണ്ടിയാണ് കാലാവസ്ഥ അസംബ്ലി നടത്തുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ അഭിപ്രായപ്പെട്ടു. നിയമസഭാ സെക്രട്ടറി എ. എം. ബഷീർ, കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. എസ്. വിജയൻ, കൈല ഡയറക്ടർ അർജ്ജുൻ പാണ്ഡ്യൻ, യൂണിസെഫ് കേരള തമിഴ്നാട് മേധാവി കെ. എൽ. റാവു എന്നിവർ പരിപാടിയിൽ സംസാരിച്ചു.

വിവിധ സെഷനുകളായി നടന്ന പരിപാടിയിൽ ശാസ്ത്രജ്ഞർ അടക്കമുള്ള വിദഗ്ധർ ക്ലാസുകൾ നയിക്കുകയും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നിന്നുള്ള കുട്ടികളും സാമൂഹിക സന്നദ്ധ സേന, ഭൂമിത്ര സേന, എൻ.എസ്.എസ്. എന്നിവയിൽ നിന്നുമുള്ള യുവജനങ്ങളും ഉൾപ്പെടെ മുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു. സുനിൽ പാമിതി, ഡോ.ശേഖർ എൽ. കുര്യാക്കോസ്, ഡോ. അനു ഗോപിനാഥ്, ഡോ.ജൂഡ് ഇമ്മാനുവൽ തുടങ്ങിയവർ കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ നടന്ന ക്ലാസുകൾക്ക് നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ കെ-ലാംപ്സ് ഡയറക്ടർ ജി.പി. ഉണ്ണികൃഷ്ണൻ, യൂണിസെഫ് ഡി.ആർ.ആർ. ഓഫീസർ ഫോർ സൗത്ത് മഹേന്ദ്ര രാജാറാം, ലൂക്കോസ് പി.ലൂക്ക് എന്നിവർ സംസാരിച്ചു.

കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി രൂപീകരിച്ച സംസ്ഥാനതല കാലാവസ്ഥ വേദിയുടെ രണ്ടാമത് സമ്മേളനം സ്പീക്കറുടെ അധ്യക്ഷതയിൽ അന്നേ ദിവസം 12.00 മണി മുതൽ നിയമസഭാ മന്ദിരത്തിലെ 5 D കോൺഫറസ് ഹാളിൽ സംഘടിപ്പിച്ചു. യോഗത്തിൽ പരിസ്ഥിതി സംബന്ധിച്ച സമിതി ചെയർമാൻ ഇ. കെ. വിജയൻ എം.എൽ.എ. ഉപാധ്യക്ഷനും നിയമസഭാ സെക്രട്ടറി എ.എം.ബഷീർ കൺവീനറുമായിരുന്നു. കാലാവസ്ഥ വ്യതിയാനം മൂലം കേരളം നേരിടുന്ന വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് സമിതി അധ്യക്ഷൻ വിശദീകരിക്കുകയും കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ക്രിയാത്മകമായ ഇടപെടൽ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. യുണിസെഫ് കേരള തമിഴ്നാട് ചീഫ് കെ.എൽ.റാവു ചടങ്ങിൽ സംസാരിച്ചു.

2023 ഫെബ്രുവരി 19 മുതൽ 21 വരെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച യൂത്ത് ക്ലൈമറ്റ് കോൺക്ലേവിൽ പങ്കെടുത്ത വിദ്യാർത്ഥികളായ അനഘ എസ്.കുമാർ, മുഹമ്മദ് ആസിഫ്, ആഖിൽ സലീം എന്നിവർ കോൺക്ലേവിൽ പങ്കെടുത്ത് ലഭിച്ച അറിവുകൾ പങ്ക് വച്ചു.

നിയമസഭാ സ്പീക്കർ അധ്യക്ഷനും ഇ.കെ. വിജയൻ എം.എൽ.എ. ഉപാധ്യക്ഷനും നിയമസഭാ സെക്രട്ടറി കൺവീനറും കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോയിന്റ് കൺവീനറും യൂണിസെഫ് പ്രതിനിധി കോ-കൺവീനറുമായ നാൽപത്തിനാല് അംഗ സമിതിയാണ് ഈ വർഷവും തുടരുന്നതെന്ന് നിയമസഭാ സെക്രട്ടറി അറിയിച്ചു. പതിനാല് ജില്ലകളിൽ നിന്നുമുള്ള വിദ്യാർത്ഥി, യുവജന പ്രതിനിധികൾക്ക് പുറമേ പരിസ്ഥിതി വകുപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസ്, കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമി, യൂത്ത് വെൽഫെയർ ബോർഡ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സാമൂഹിക സന്നദ്ധ സേന, എൻ.ജി.ഒ. പ്രതിനിധി എന്നിവരെ കൂടി സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ചടങ്ങിൽ പങ്കെടുത്ത പ്രതിനിധികൾ സമിതിയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കണമെന്ന് നിർദേശിക്കുകയും വിഷയാധിഷ്ഠിതമായി ചർച്ച നടത്തുകയും ചെയ്തു.

കെ-ലാംപ്സ് (പി.എസ്.) എക്സിക്യൂട്ടീവ് ഡയറക്ടർ എം.എസ്. വിജയൻ ചടങ്ങിൽ നന്ദി രേഖപ്പെടുത്തി.

മേഘാലയ നിയമസഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ കേരള സന്ദർശനം

മേഘാലയ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കേരളം സന്ദർശിച്ചു. 2023 ജൂലൈ 14 ന് കൊച്ചിയിലെത്തിയ സംഘത്തെ കേരള നിയമസഭ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് വേണ്ടി കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ. സ്വീകരിച്ചു. മേഘാലയിലെ നിയമസഭാ സാമാജികരായ ലെക്മെൻ റിംബുയി, റൂപർട്ട് എം. മോമിൻ, സ്പെഷ്യൽ ഓഫീസർ സഞ്ജയ് കെ.ദബ എന്നിവർ സംഘത്തിൽ അംഗങ്ങളായിരുന്നു. സന്ദർശനം പൂർത്തിയാക്കിയ സമിതി ജൂലൈ 15 ന് ഗുവാഹതിയിലേക്ക് യാത്രയായി.

ഉത്തർപ്രദേശ് നിയമസഭാ റൂൾസ് കമ്മിറ്റിയുടെ കേരള നിയമസഭാ സന്ദർശനം

ഉത്തർപ്രദേശ് നിയമസഭയുടെ റൂൾസ് കമ്മിറ്റിയംഗങ്ങൾ 2023 ജൂലൈ 7 ന് കേരള നിയമസഭ സന്ദർശിച്ചു. കമ്മിറ്റി കൺവീനർ സുരേശ്വർ സിംഗ്, രാംപാൽ വർമ്മ, വിനയ് ദ്വിവേദി, രമേഷ് ചന്ദ്ര മിശ്ര എന്നിവരടങ്ങിയ സംഘം കേരള നിയമസഭ റൂൾസ് കമ്മിറ്റിയുമായി സംയുക്ത യോഗം ചേർന്നു. നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ അധ്യക്ഷത വഹിച്ച യോഗത്തിൽ സമിതിയംഗം ജി.സ്റ്റീഫൻ എം.എൽ.എ., നിയമസഭാ സെക്രട്ടറി എ.എം.ബഷീർ, ഇരു സഭകളുടെയും ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. സന്ദർശക സംഘം നിയമസഭാ ചേംബറും സന്ദർശിച്ചു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

വായനാദിനം സമുചിതമായി ആഘോഷിച്ച് നിയമസഭാ സെക്രട്ടേറിയറ്റ്

'വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക' എന്ന സന്ദേശവുമായി കേരളമെങ്ങും സഞ്ചരിച്ച് പുസ്കങ്ങളുടെ വിശാലലോകത്തെ മലയാളിക്ക് പരിചയപ്പെടുത്തിയ കേരള ഗ്രന്ഥശാല സംഘത്തിന്റെ ഉപജ്ഞാതാവും പ്രചാരകനുമായിരുന്ന പുതുവയിൽ നാരായണപ്പണിക്കർ എന്ന പി.എൻ.പണിക്കരുടെ സ്മരണ പുതുക്കി ഈ വർഷത്തെ വായനാ ദിനം നിയമസഭാ ലൈബ്രറിയുടെയും ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ആചരിച്ചു. വായനാ ദിനത്തോടനുബന്ധിച്ച് 2023 ജൂൺ 19 ന് നിയമസഭാ ലൈബ്രറിയുടെ നവീകരിച്ച കൗണ്ടർ, പ്രശസ്ത എഴുത്തുകാരുടെ കയ്യൊപ്പിട്ട പുസ്തക ശേഖരം, വായനാദിനവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ പ്രദർശനം എന്നിവയുടെ ഉദ്ഘാടനം ലൈബ്രറി ഉപദേശക സമിതി അംഗം കെ. ആൻസലൻ എം.എൽ.എ. നിർവ്വഹിച്ചു. തുടർന്ന് ബാങ്ക്വറ്റ് ഹാളിൽ നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി വായനാ കുറിപ്പ് മത്സരം, പ്രശ്നോത്തരി, കവിതാ പാരായണ മത്സരം തുടങ്ങിയവയും സംഘടിപ്പിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിയും ഫിനാൻസ് ഓഫീസറുമായ എസ്.ശാന്തകുമാർ നയിച്ച പ്രശ്നോത്തരിയിൽ എട്ട് ടീമുകൾ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം തിരുവനന്തപുരം മലയാളം പള്ളിക്കൂടം അദ്ധ്യാപികയും മുൻ പത്രപ്രവർത്തകയുമായ ഡോ. ജെസ്സി നാരായണന്റെ പ്രഭാഷണവും സംഘടിപ്പിച്ചിരുന്നു. നിയമസഭാ സെക്രട്ടറി എ.എം.ബഷീർ, നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ഷാജി സി. ബേബി തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ വിവിധ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം നിയമസഭാ സെക്രട്ടറി നിർവ്വഹിച്ചു. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി വിഭാഗം ജോയിന്റ് സെക്രട്ടറി ദീപ ആർ. കൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി.

കെ-ലാംപ്സ്(പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) ന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗം ജീവനക്കാർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 2023 മേയ് 30 ന് നിയമസഭാ ചരിത്രവും നടപടിക്രമങ്ങളും സംബന്ധിച്ച് ഇൻഫർമേഷൻ അസിസ്റ്റന്റുമാർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ അന്നത്തെ കെ- ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി സി. ബേബി ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. ആദ്യ സെഷനിൽ നിയമസഭാ ചരിത്രത്തെ സംബന്ധിച്ച് അണ്ടർ സെക്രട്ടറി ബി. അനിൽകുമാർ ക്ലാസ്സ് നയിച്ചു. രണ്ടാമത്തെ സെഷനിൽ കെ-ലാംപ്സ് (പി. എസ്) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ, നിയമസഭയുടെ നടപടിക്രമങ്ങൾ സംബന്ധിച്ച് ക്ലാസ്സ് എടുക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഒമ്പത് ഇൻഫർമേഷൻ അസിസ്റ്റന്റുമാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) ന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജ്യറിന്റെ ഭാഗമായി പഠിതാക്കൾ സമർപ്പിക്കുന്ന അസൈൻമെന്റുകൾ മൂല്യനിർണ്ണയം നടത്തുന്നത് സംബന്ധിച്ച് സെക്ഷൻ ഓഫീസർമാർക്ക് 2023 ജൂൺ 15 ന് കെ-ലാംപ്സ് പാർലമെന്ററി പഠന ഹാളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടറും അഡീഷണൽ സെക്രട്ടറിയുമായ എം.എസ്.വിജയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ കെ-ലാംപ്സ് ഡയറക്ടറും ജോയിന്റ് സെക്രട്ടറിയുമായ ജി.പി.ഉണ്ണികൃഷ്ണൻ മൂല്യനിർണ്ണയത്തെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ഓഫീസർമാർ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. 51 സെക്ഷൻ ഓഫീസർമാർ പങ്കെടുത്ത പരിശീലന പരിപാടിയിൽ കെ-ലാംപ്സ് 'ബി' വിഭാഗം സെക്ഷൻ ഓഫീസർ ശ്രീപ്രിയ എസ്. നന്ദി അറിയിച്ചു.

നിയമസഭാ സെക്രട്ടേറിയറ്റിലെ സുരക്ഷാ വിഭാഗം ജീവനക്കാരായ വാച്ച് ആന്റ് വാർഡ് ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടി 2023 ജൂൺ 30, ജൂലൈ 07 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായി സംഘടിപ്പിച്ചു. പരിശീലന ക്ലാസിന്റെ പ്രസക്തിയെക്കുറിച്ചും ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സംബന്ധിച്ചും ആമുഖമായി സംസാരിച്ചു കൊണ്ട് കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എസ്.വിജയൻ പരിശീലകരെ പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. നിയമസഭാ നടപടിക്രമങ്ങൾ, നിയമസഭാ സാമാജികരുടെ പ്രത്യേക അവകാശങ്ങൾ, സഭയിൽ അംഗങ്ങളുടെ പെരുമാറ്റം, അടിയന്തര പ്രമേയം, സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് വിശദമായ ക്ലാസ്സ് നയിച്ച കെ-ലാംപ്സ് ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ പരിശീലകർ ഉന്നയിച്ച സംശങ്ങൾക്കും മറുപടി നൽകി. കെ-ലാംപ്സ് ഡെപ്യൂട്ടി ഡയറക്ടർ പോളി പി.ആന്റണി പരിശീലനത്തിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തുകയും ഭാവിയിൽ പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങൾ അവരിൽ നിന്നും ആരായുകയും ചെയ്തു. ആദ്യ ഘട്ട പരിശീലന പരിപാടിയിൽ അൻപത്തി രണ്ടു പേരും രണ്ടാം ഘട്ടത്തിൽ നാൽപ്പത്തി നാല് പേരും പങ്കെടുത്തു. രണ്ടാം ഘട്ട പരിശീലന പരിപാടിയിൽ സെക്ഷൻ ഓഫീസർ ശ്രീവിദ്യ എസ്. നന്ദി രേഖപ്പെടുത്തി.

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

സമൂഹത്തിൽ അനുദിനം വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും മറ്റ് അസാന്മാർഗ്ഗിക പ്രവണതകൾ അവസാനിപ്പിക്കുന്നതിനുമായി കേരള നിയമസഭ അതിന്റെ പ്രാരംഭം മുതൽ തന്നെ നിരവധി പുതിയ നിയമനിർമ്മാണങ്ങൾ നടത്തുകയും നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ പൊതുപ്രവർത്തകർക്കിടയിലെ അഴിമതി തടയുവാൻ വേണ്ടത്ര ഫലപ്രദമായ നിയമങ്ങൾ ഒന്നും തന്നെ കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷമുള്ള ആദ്യ രണ്ട് പതിറ്റാണ്ടുകളിൽ ഉണ്ടായിട്ടില്ല. വയലാർ രവി ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് 1983 ൽ ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിനായി ഒരു ബിൽ സഭയിൽ അവതരിപ്പിക്കപ്പെട്ടത്.

1983 ലെ കേരള പബ്ലിക് മെൻസ് (പ്രിവൻഷൻ ഓഫ് കറപ്ഷൻ) ആക്ട് (1984 ലെ 6 ാമത് നിയമം)

പൊതുപ്രവർത്തകരുടെ അഴിമതി സംബന്ധിച്ച പരാതികൾ സ്വീകരിച്ച് അന്വേഷണം നടത്തി അഴിമതിക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാനും സമൂഹത്തിൽ പൊതുപ്രവർത്തനത്തിന്റെയും പ്രവർത്തകരുടെയും മാന്യത ഉയർത്തുവാനും ഉദ്ദേശിച്ചുകൊണ്ട് ഒരു സ്വതന്ത്ര സംവിധാനം സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു ഈ നിയമം. മറ്റ് അധികാര കേന്ദ്രങ്ങളുടെയോ പുറത്തുനിന്നുള്ളവരുടെയോ ഇടപെടലുകളില്ലാതെ സ്വതന്ത്രമായി അന്വേഷണം നടത്തുവാനുള്ള അധികാരം ഈ സംവിധാനത്തിൽ നിക്ഷിപ്തമായിരുന്നു. കഴമ്പുള്ള ആരോപണം ഉന്നയിക്കുന്നവർക്കോ സത്യസന്ധമായ പൊതുപ്രവർത്തനം നയിക്കുന്നവർക്കോ അനാവശ്യ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത വിധത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കുവാനാണ് നിയമത്തിൽ ഉദ്ദേശിച്ചിരുന്നത്.

പൊതുപ്രവർത്തകർക്കിടയിലെ അഴിമതി ആരോപണങ്ങൾ കാര്യക്ഷമമായി അന്വേഷിക്കുന്നതിനായി മുഖ്യമന്ത്രിയോടും ഹൈക്കോടതി ചീഫ് ജസ്റ്റീസിനോടും കൂടിയാലോചിച്ച് ഗവർണ്ണർ ഒരു മൂന്നംഗ കമ്മീഷനെ നിയമിക്കണമെന്നും അതിൽ സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ നിലവിലുള്ളതോ വിരമിച്ചതോ ആയ രണ്ട് ന്യായാധിപന്മാരും ഗവണ്മെന്റ് സെക്രട്ടറി തലത്തിൽ കുറയാതെയുള്ള ഒരു ഉദ്യോഗസ്ഥ അംഗവും ഉൾപ്പെടുമെന്നും കമ്മീഷനിലുള്ള ജൂഡീഷ്യൽ അംഗത്തെ കമ്മീഷന്റെ ചെയർമാനായി നിയമിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ഒരു പൊതുപ്രവർത്തകനെതിരെയുള്ള പരാതിയിൽ കഴമ്പുണ്ടെന്നും അയാൾ ആ പദവിയിൽ തുടരുവാൻ പാടില്ലെന്നും കമ്മീഷൻ കണ്ടെത്തിയാൽ അത് സംബന്ധിച്ച ഒരു പ്രഖ്യാപനം കമ്മീഷന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണെന്നും റിപ്പോർട്ട് ഗവണ്മെന്റ് അംഗീകരിച്ചാൽ ആരോപണ വിധേയനായ പൊതുപ്രവർത്തകൻ തന്റെ പദവി വിട്ടൊഴിയേണ്ടതാണെന്നുമാണ് നിയമത്തിലെ സുപ്രധാന വ്യവസ്ഥകൾ. എന്നാൽ ആരോപണത്തിൽ കഴമ്പില്ലെന്ന് തെളിഞ്ഞാൽ ആരോപണവിധേയനായ വ്യക്തിക്ക് പരാതിക്കാരനിൽ നിന്ന് കമ്മീഷന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന തുക ഈടാക്കാമെന്നും നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു.

1983 ആഗസ്റ്റ് 4 ാം തീയതി സഭയിൽ അവതരിപ്പിച്ച ബിൽ അന്നുതന്നെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും തുടർന്ന് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 1983 ഡിസംബർ 15 ാം തീയതി സഭ പാസ്സാക്കുകയും ചെയ്തു. സഭ പാസ്സാക്കിയ ബിൽ ഗവർണ്ണർ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി റഫർ ചെയ്യുകയും 1984 ഫെബ്രുവരി 29 ാം തീയതി രാഷ്ട്രപതി ബില്ലിന് അന്തിമാനുമതി നൽകുകയും ചെയ്യുകയുണ്ടായി.

1987 ൽ സഭ പാസ്സാക്കിയ കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻസ് ആന്റ് ഇൻക്വയറീസ്) ആക്ട് (1988 ലെ 24 ാമത് നിയമം) നിലവിൽ വന്നതോടെ 1984 ലെ നിയമം റദ്ദാക്കപ്പെടുകയാണുണ്ടായത്.

1987 ലെ കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻസ് ആന്റ് ഇൻക്വയറീസ്) ആക്ട് (1988 ലെ 24 ാമത് നിയമം)

1983 ൽ സഭ പാസ്സാക്കി, രാഷ്ട്രപതി അംഗീകാരം നൽകിയ കേരള പബ്ലിക് മെൻസ് (പ്രിവൻഷൻ ഓഫ് കറപ്ഷൻ) ആക്ട് നിലവിൽ വന്നതിന് ശേഷമുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ചതിൽ ഈ നിയമത്തിലെ നിരവധി വൈകല്യങ്ങളും അപര്യാപ്തതകളും വെളിവാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ നിയമത്തെക്കുറിച്ച് സർക്കാർ ആലോചന നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ നിയമം അപ്പാടെ റദ്ദാക്കിക്കൊണ്ട് 1987 ൽ നിയമസഭ പാസ്സാക്കിയതാണ് കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവസ്റ്റിഗേഷൻസ് ആന്റ് ഇൻക്വയറീസ്) ആക്ട്.

1987 ഡിസംബർ 1 ാം തീയതി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കെ.ആർ. ഗൗരിയമ്മയാണ് ഇത് സംബന്ധിച്ച ബിൽ സഭയിൽ അവതരിപ്പിച്ചത്. ഈ നിയമത്തിൽ 1984 ലെ നിയമത്തിലുണ്ടായിരുന്ന ചില വ്യവസ്ഥകൾ ഒഴിവാക്കുകയും ചിലതിൽ ഭേദഗതി വരുത്തുകയും ചില പുതിയ വ്യവസ്ഥകൾ ചേർക്കുകയുമുണ്ടായിട്ടുണ്ട്. നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതുപ്രവർത്തകർ, അഴിമതി കമ്മീഷന്റെ നിയമനവും യോഗ്യതയും, പൊതുപ്രവർത്തകന്റെ സ്വത്തുവിവരം നൽകൽ, കമ്മീഷന് പരാതി നൽകുന്നത്, പൊതുപ്രവർത്തകർ പദവി ഒഴിയുന്നത് തുടങ്ങിയ വ്യവസ്ഥകളിൽ പുതിയ നിയമത്തിലൂടെ മാറ്റങ്ങൾ വരുത്തുകയുണ്ടായി. 1984 ലെ നിയമത്തിലുള്ള പൊതുപ്രവർത്തകർ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരുന്നവരെ കൂടാതെ തദ്ദേശഭരണവുമായി ബന്ധപ്പെട്ട മേയർ, ഡെപ്യൂട്ടി മേയർ, കമ്മീഷണർ/സെക്രട്ടറി, എം.ഡി., സർക്കാർ സഹായം സ്വീകരിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ഭരണം നിയന്ത്രിക്കുന്ന ഭാരവാഹികൾ എന്നിവരെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അഴിമതിയുടെ നിർവ്വചനത്തിൽ തനിക്കോ തന്റെ കുടുംബാംഗങ്ങൾക്കോ സാമ്പത്തിക നേട്ടമുണ്ടാക്കാനായി തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ പക്ഷപാതപരമായി പ്രവർത്തിക്കുകയാണെങ്കിൽ ആ നടപടികൂടി അഴിമതിയുടെ നിർവ്വചനത്തിൽ വരുന്നതായി വ്യക്തമാക്കിയിരിക്കുന്നു. 1984 ലെ നിയമത്തിൽ നിന്ന് വ്യത്യസ്തമായി കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്, നിയമസഭയിലെ പ്രതിപക്ഷ നേതാവ് എന്നിവരുമായി കൂടിയാലോചിച്ചശേഷം മുഖ്യമന്ത്രി നൽകുന്ന ഉപദേശപ്രകാരം ഗവർണ്ണർ കമ്മീഷനെ നിയമിക്കുമെന്നും സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ നിലവിലുള്ളതോ വിരമിച്ചതോ ആയ ന്യായാധിപരെ രണ്ടംഗങ്ങളായും ഹൈക്കോടതി ജഡ്ജിയായിരിക്കാൻ യോഗ്യതയുള്ള ആളെ മൂന്നാമത്തെ അംഗമായും ന്യായാധിപരായിട്ടുള്ള രണ്ടംഗങ്ങളിലൊരാളെ കമ്മീഷന്റെ ചെയർമാനായും നിയമിക്കുമെന്നും വിശദീകരിച്ചിരിക്കുന്നു.

ഏതെങ്കിലും പൊതുപ്രവർത്തകനെതിരെയുള്ള അഴിമതി ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ, പൊതുതാല്പര്യം മുൻനിർത്തി കമ്മീഷനോട് അന്വേഷണം നടത്തുവാനായി രേഖാമൂലം ആവശ്യപ്പെടാവുന്നതും കമ്മീഷന് അതിന്മേൽ അന്വേഷണം നടത്താവുന്നതുമാണ്. കേസ് വിചാരണ ചെയ്യുമ്പോൾ സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുമെന്നും കമ്മീഷന് മുമ്പിൽ വ്യാജ തെളിവ് നൽകുന്നവർക്ക് ക്രിമിനൽ പ്രൊസീജിയർ കോഡിൽ വ്യാജ തെളിവ് നൽകുന്നവർക്കെതിരെയുള്ള നിയമം പ്രയോഗിക്കാമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. അന്വേഷണത്തിനുശേഷം പരാതിയിലെ ആരോപണങ്ങൾക്ക് തെളിവുണ്ടെന്ന് കണ്ടാൽ ആ കണ്ടെത്തലുകളും ശിപാർശകളും ഉൾപ്പെടുത്തിയ റിപ്പോർട്ടും അത് സംബന്ധിച്ച രേഖകളും ഉത്തരവാദപ്പെട്ട അതോറിറ്റിക്കും സർക്കാരിനും നൽകേണ്ടതാണെന്നും റിപ്പോർട്ട് സംബന്ധിച്ച് എന്ത് നടപടി എടുത്തു എന്നോ എടുക്കാൻ ഉദ്ദേശിക്കുന്നു എന്നോ മൂന്ന് മാസത്തിനകം ഉത്തരവാദപ്പെട്ട അതോറിറ്റി കമ്മീഷനെ അറിയിക്കണമെന്നും നടപടി തൃപ്തികരമെങ്കിൽ കമ്മീഷന് അത് സംബന്ധിച്ച കേസ് അവസാനിപ്പിക്കാവുന്നതാണെന്നും അല്ലാത്തപക്ഷം അത് സംബന്ധിച്ച ഒരു സ്പെഷ്യൽ റിപ്പോർട്ട് ഗവർണ്ണർക്ക് സമർപ്പിക്കാവുന്നതാണെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു.

പൊതുപ്രവർത്തകൻ തന്റെയും കുടുബാംഗങ്ങളുടെയും സ്വത്തും ബാധ്യതയും സംബന്ധിച്ച പട്ടിക ഈ നിയമം നിലവിൽ വന്ന് ആറ് മാസത്തിനകവും പിന്നീട് രണ്ട് വർഷത്തിലൊരിക്കലും ഉത്തരവാദപ്പെട്ട അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കമ്മീഷന് അത് സംബന്ധിച്ച് നടപടി സ്വീകരിക്കാമെന്നും വ്യവസ്ഥയുണ്ട്. കമ്മീഷൻ അന്വേഷണം നടത്തി തെളിവില്ലെന്ന് കണ്ടെത്തിയ പരാതിയിലെ ആരോപണങ്ങൾ സംബന്ധിച്ച് ഒരു കോടതിയും നിയമനടപടി സ്വീകരിക്കുവാൻ പാടുള്ളതല്ലെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.ഇത്തരത്തിൽ പൊതുരംഗത്തുള്ള അഴിമതി തടയുന്നതിനായി ഒട്ടേറെ വിപ്ലവകരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട ഈ നിയമം 1987 ഡിസംബർ 11, 12, 13 തീയതികളിൽ തുടർച്ചയായി സഭ സമ്മേളിച്ചുകൊണ്ടാണ് പാസ്സാക്കിയത്. തൊട്ടടുത്ത വർഷം 1998 നവംബർ 15 ാംതീയതി ഈ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരവും ലഭ്യമായി.

ചരിത്രത്തിൽ ഇടം നേടിയ നിയമം

"എലിപ്പത്തായം വച്ചാൽ ആ പത്തായത്തിൽ പ്രതിപക്ഷം മാത്രമേ ഓടിക്കയറാവൂ എന്ന് അവർക്ക് നിർബന്ധമുണ്ടെങ്കിൽ എനിക്ക് അത് അംഗീകരിക്കാൻ പറ്റില്ല. എലിപ്പത്തായം വച്ചിരിക്കുന്നത് ധാന്യം തിന്നാൻ വരുന്ന എല്ലാ എലികളേയും പിടിക്കാനാണ്. പ്രത്യേകതരം എലി മാത്രമേ അവിടെ വീഴാവൂ എന്നൊന്നുമില്ല. നമ്മുടെ രാഷ്ട്രീയത്തിൽ വളർന്നു വന്നിരിക്കുന്ന അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും കുറച്ച് സംശുദ്ധമാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമം കുറെക്കൂടി ഫലപ്രദമാക്കുന്നതിന് കഴിയണം. ആ വിധത്തിൽ അനേകം പുതിയ വകുപ്പുകൾ ഈ ബില്ലിലുണ്ട്."

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1987 ലെ കേരള പൊതുപ്രവർത്തകരുടെ അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) ബില്ലിന്റെ പൊതുചർച്ചയ്ക്ക് മറുപടി പറയുന്ന വേളയിൽ ബില്ലിന്റെ ചുമതലയുണ്ടായിരുന്ന വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി കെ.ആർ. ഗൗരിയമ്മ സഭയിൽ പറഞ്ഞ വാക്കുകളാണ് മേൽ ഉദ്ധരിച്ചത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1987 ലെ കേരള പൊതുപ്രവർത്തകരുടെ അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിച്ചത് 1987 ഡിസംബർ 10 ാം തീയതി വ്യാഴാഴ്ചയാണ്. തൊട്ടടുത്ത ദിവസമായ 11 ാം തീയതി വെള്ളിയാഴ്ച ചോദ്യോത്തരവേളയും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും ഒഴിവാക്കി ബില്ലിന്മേലുള്ള ചർച്ച തുടരുകയും അന്ന് ഉച്ചയ്ക്കുശേഷം 12.30 ന് സഭ പിരിയുകയും ചെയ്തു. തുടർന്ന് ശനി, ഞായർ എന്നീ ദിവസങ്ങളിലും മറ്റ് പൊതു അവധി ദിവസങ്ങളിലും സഭ സമ്മേളിക്കുന്നതല്ലെന്ന ചട്ടം 11 (2) താൽക്കാലികമായി സസ്പെന്റ് ചെയ്തുകൊണ്ട് ഡിസംബർ 12 ാം തീയതി ശനിയാഴ്ച സഭ സമ്മേളിക്കുകയും രാവിലെ 8.30 മുതൽ തന്നെ

ബില്ലിന്റെ ചർച്ച പുനഃരാരംഭിക്കുകയും അത് അടുത്ത ദിവസം (ഞായറാഴ്ച) പുലർച്ചെ 4.37 വരെ വിരാമമില്ലാതെ തുടരുകയും ചെയ്തു. ഇത്രയും നീണ്ട സമ്മേളനം കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കൽ മാത്രം സംഭവിച്ച ഒരു കാര്യമായിരുന്നു. ബിൽ അന്തിമമായി പാസ്സാക്കിയതിനുശേഷം ഡിസംബർ 13 ാം തീയതി പുലർച്ചെ സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതിനു മുന്നോടിയായി സ്പീക്കറായിരുന്ന വർക്കല രാധാകൃഷ്ണൻ സഭയിൽ നടത്തിയ പരാമർശം ഇപ്രകാരമായിരുന്നു:

"ചെയറിന് ഇത്രയും മണിക്കൂറുകൾ ഇരുന്നതുകൊണ്ട് ചില കാര്യങ്ങൾ പറയണമെന്നുണ്ട്. ഈ സമ്മേളനം പലതുകൊണ്ടും നമുക്ക് അഭിമാനിക്കാവുന്ന ഒന്നാണ്. ഒന്ന്, ഏതാണ്ട് ഇരുപത് മണിക്കൂറിലധികം നമ്മൾ ഇവിടെ ഇരുന്നു. ഒന്നര മണിക്കൂർ കഴിഞ്ഞാൽ തുടർച്ചയായി പതിനെട്ടര മണിക്കൂർ സമയം ബില്ലിനുവേണ്ടി ഉപയോഗിക്കുന്നത് ഈ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമാണ്. ഇന്ത്യയിലെ ഒരു സംസ്ഥാന നിയമസഭയിലും ഒരുപക്ഷേ പാർലമെന്റിൽ പോലും ഇത്രയും നേരം സമ്മേളനം ഒന്നിച്ചുണ്ടാവുകയില്ല. പാർലമെന്റ് സമ്മേളിക്കുന്നത് പതിനൊന്ന് മണിക്കാണ്. ഇത് എട്ടര മണിക്ക് തുടങ്ങിയതാണ്. അതുകൊണ്ട് ഇതു പാർലമെന്റിൽപോലും ഉണ്ടായിട്ടില്ല. കേരള നിയമസഭയിലും ആദ്യമാണ്. മറെറാരു സംഗതി 40 ഡിവിഷൻ വരുന്ന ഒരു ബിൽ ഇതാണ്. അതും ആദ്യമായിട്ടാണ്. അതുപോലെ ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം 764 ഓളം ഭേദഗതികൾ വരുന്നത് ആദ്യമാണ്. ഇതൊരു റിക്കാർഡാണ്. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് ഒരു സ്റ്റാറ്റ്യൂട്ട് എന്നു പറഞ്ഞാൽ, ഒരു നിയമനിർമ്മാണ നടപടി എന്നു പറഞ്ഞാൽ ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ A Statute is the reflection of the collective wisdom of the House. ഹൗസിന്റെ കൂട്ടായ ബുദ്ധി പ്രതിഫലിക്കുന്നതാണ് ഒരു നിയമനിർമ്മാണം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്കും ഭരണകക്ഷിയംഗങ്ങൾക്കും ഒന്നുപോലെ അഭിമാനിക്കാൻ ഈ സമ്മേളനം വക നൽകുന്നുണ്ട്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർക്ക് നിരാശപ്പെടേണ്ടതായി ഒന്നും തന്നെയില്ല. കാരണം ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം ഒരു സ്റ്റാറ്റ്യൂട്ടും ആ കാര്യത്തിൽ അവസാന വാക്കല്ല. ഒരു സ്റ്റാറ്റ്യൂട്ടും ലോകത്ത് ഇന്നുവരെ അവസാന വാക്കല്ല. മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഇവിടെത്തന്നെ ഈ ബിൽ അവതരിപ്പിച്ച അവസരത്തിലുണ്ടായിരുന്ന സ്വഭാവത്തിലല്ല, സബ്ജക്ട് കമ്മിറ്റി പരിശോധിച്ചുവന്നപ്പോൾ ബില്ലിൽ കാര്യമായ മാറ്റങ്ങൾ വന്നു. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ 764 ഓളം ഭേദഗതികൾ അവതരിപ്പിച്ചു. അതിന്റെ ഉദ്ദേശലക്ഷ്യത്തെ സംബന്ധിച്ച് അഭിപ്രായഭിന്നത ഉണ്ടാകാം. അത് വേറെ കാര്യം. പക്ഷെ കൂലംകഷമായി ബിൽ പഠിക്കുന്ന ഒരാളിനുമാത്രമേ അമെന്റ്മെന്റുകൾ കൊണ്ടുവരാനൊക്കുകയുള്ളൂ. വളരെ വാശിയോടുകൂടി, ഒരു ലക്ഷ്യബോധത്തോടുകൂടിതന്നെ ഈ ബിൽ പഠിച്ച് എല്ലാ വകുപ്പിനും പത്തും പതിനഞ്ചും ഇരുപതും ഭേദഗതികൾ കൊടുത്തത് വൃഥാവിലാകുമെന്ന് വിചാരിക്കേണ്ടതില്ല. അത് ഈ സഭയുടെ ഒരു മുതൽക്കൂട്ടുതന്നെയാണ്. അതുപോലെ അർപ്പണമനോഭാവത്തോടുകൂടി ഈ ബിൽ പാസാക്കുന്നതിനുവേണ്ടി അങ്ങേയറ്റം ത്യാഗവും ക്ലേശവും സഹനശക്തിയും പ്രകടിപ്പിച്ച ഭരണകക്ഷിയംഗങ്ങളും ഒരുപോലെ അനുമോദനാർഹരാണ്. നമ്മുടെ സഭയുടെ ചരിത്രത്തിൽ ഇത്രയും നേരം ഒരു ലക്ഷ്യബോധത്തോട് കൂടി പതിനെട്ടര മണിക്കൂർ ഇരുന്ന് ഈ രാജ്യത്ത് നമ്മുടെ സാമൂഹ്യ ജീവിതത്തിൽ ക്യാൻസർ രോഗം പോലെ വ്യാപിച്ചിരിക്കുന്ന അഴിമതിയെ നിർമ്മാർജനം ചെയ്യാൻ വേണ്ടി പ്രവർത്തിച്ച ഭരണകക്ഷി അംഗങ്ങളേയും ഞാൻ ഹാർദമായി അനുമോദിക്കുന്നു."

വാൽക്കഷണം

കേരള നിയമസഭാ ചരിത്രത്തിൽ പുതിയ ഏടുകൾ കൂട്ടിച്ചേർത്തുകൊണ്ട് 1987ൽ സഭ പാസ്സാക്കിയ ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് ശക്തി പകരുന്നതിലേക്കായി 1989, 1990, 1992 എന്നീ വർഷങ്ങളിൽ കൂടുതൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് നിയമം ഭേദഗതി ചെയ്യുകയുണ്ടായി. എന്നാൽ 1999 ഫെബ്രുവരി 22 ാം തീയതി സഭ പാസ്സാക്കി 1999 മാർച്ച് 4 ാം തീയതി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച 1999 ലെ കേരള ലോക് ആയുക്ത ആക്ട് നിലവിൽ വന്നതോടുകൂടി 1987 ലെ കേരള പൊതുപ്രവർത്തകരുടെ അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) നിയമം റദ്ദായിപ്പോവുകയാണുണ്ടായത്.

(തുടരും...)

സ്വാതന്ത്ര്യ സമരചരിത്രത്തിലെ അധികം അറിയപ്പെടാത്ത ഒരേട്

കേരളത്തിലെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ തിളക്കാമാർന്നൊരേടാണ് മലബാറിലെ താലിമാല സംഭവം. ബ്രിട്ടീഷ് പാർലമെന്റിൽ പോലും ചർച്ചയായ ഈ സംഭവം 1932 ൽ തലശ്ശേരി കോടതിയിലാണ് നടന്നത്. വട്ടമേശ സമ്മേളനത്തിന് ശേഷം ലണ്ടനിൽ നിന്ന് തിരിച്ചെത്തിയ ഗാന്ധിജിയെ അറസ്റ്റ് ചെയ്ത സംഭവം വ്യാപക പ്രതിഷേധത്തിന് കാരണമായി. അതിന്റെ ഭാഗമായി രാജ്യത്തിന്റെ നാനാഭാഗത്തും പ്രതിഷേധ സമരങ്ങൾ നടന്നു. ഇതിനെത്തുടർന്ന് നിരവധി പേർ അറസ്റ്റ് വരിച്ചു. ഈ പ്രക്ഷോഭങ്ങളുടെ അലയൊലി ബ്രിട്ടീഷ് മലബാറിലും ഉണ്ടായി. പ്രതിഷേധത്തിന്റെ ഭാഗമായി മലബാറിൽ അറസ്റ്റിലായ വനിതയാണ് കമലാ പ്രഭു. തലശ്ശേരിയിലെ പ്രമുഖ അഭിഭാഷകനും കോൺഗ്രസ് പ്രവർത്തകനുമായ എസ്.എൻ.പ്രഭുവിന്റെ ഭാര്യയും മദ്രാസ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിരമിച്ച ശേഷാദ്രി പ്രഭുവിന്റെ മകളുമാണ് കമലാ പ്രഭു. ഗാന്ധിജിയെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് മലബാറിൽ പിക്കറ്റിംഗ് നടത്തിയ വനിതകളിലൊരാളായ കമലാ പ്രഭുവിനെ മറ്റ് രണ്ട് സ്ത്രീകൾക്കൊപ്പമാണ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്.

തലശ്ശേരി സബ്കളക്ടറും ഒന്നാം ക്ലാസ് മജിസ്‌ട്രേട്ടുമായിരുന്ന സി.ഡബ്ല്യു.ഡോഡ് വെൽ എന്ന് ഐ.സി.എസ്സുകാരൻ ജഡ്ജി കമലാ പ്രഭുവിന് ആറുമാസത്തെ തടവും ആയിരം രൂപ പിഴയും വിധിച്ചു. പിഴയടയ്ക്കാൻ വിസമ്മതിച്ച കമലയോട് ക്ഷുഭിതനായ ജഡ്ജി അവർ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ അഴിച്ച് പിഴ വസൂലാക്കാൻ കല്പിക്കുകയായിരുന്നു. ആഭരണങ്ങൾ നൽകാൻ കമല തയ്യാറായെങ്കിലും തന്റെ കഴുത്തിൽ അണിഞ്ഞിരുന്ന താലിമാല അഴിച്ച് മാറ്റാൻ വിസമ്മതിച്ചു. ഹിന്ദു സ്ത്രീകൾക്ക് മംഗല്യസൂത്രം പ്രധാനമാണെന്നും അത് അഴിച്ച് മാറ്റാൻ നിർബന്ധിക്കരുതെന്നും കോടതിയിലുണ്ടായിരുന്ന വക്കീൽ അപേക്ഷിച്ചെങ്കിലും ജഡ്ജി വഴങ്ങിയില്ല. ഇതിനിടയിൽ കോടതിയിലുണ്ടായിരുന്ന പോലീസുകാരനോട് താലിമാല അഴിച്ച് മാറ്റാൻ ജഡ്ജി ആജ്ഞാപിച്ചു. ഈ അവസരത്തിൽ കൂടെയുണ്ടായിരുന്ന സ്ത്രീയോട് താലിമാല അഴിച്ച് നൽകാൻ കമലാ പ്രഭു ആവശ്യപ്പെടുകയും അത് പിഴയായി നൽകുകയുമായിരുന്നു. സ്ത്രീകൾ നിയമം ലംഘിക്കുന്നത് ലജ്ജാകരമാണെന്ന് പറഞ്ഞ ജഡ്ജി മേലിൽ ഇത്തരം നിയമലംഘനങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് നൽകിയാൽ ആഭരണം തിരികെ നൽകാമെന്ന് പറഞ്ഞു. എന്നാൽ കമല അതിന് തയ്യാറായില്ല.

താലിമാല സംഭവം ഇന്ത്യയിലെ പ്രധാന പത്രങ്ങൾ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു. വി.പി.നാരായണൻ നമ്പ്യാർ ഈ സംഭവം മദ്രാസ് അസംബ്ലിയിൽ ഉന്നയിച്ചു. ജഡ്ജിക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യാ മഹിളാ കോൺഗ്രസ് മദ്രാസ് സർക്കാരിനും വൈസ്രോയിക്കും കമ്പിയടിച്ചു. പ്രശ്നം അഖിലേന്ത്യാ തലത്തിൽ ചർച്ച ചെയ്യപ്പെട്ടു. താലിമാല ഉടൻ തിരിച്ച് നൽകാൻ മദ്രാസ് സർക്കാർ ജഡ്ജിയോട് ആവശ്യപ്പെട്ടു. എന്നാൽ ഇതിൽ തൃപ്തരാകാതെ ഡോ.മുത്തുലക്ഷ്മി റെഡ്ഡി, ജിനരാജദാസ്, അമ്മു സ്വാമിനാഥൻ എന്നിവരടങ്ങിയ സംഘം മദ്രാസ് നിയമ മെമ്പറെ നേരിൽ കണ്ട് ജഡ്ജിക്കെതിരെ നടപടി ആവശ്യപ്പെട്ടു. ഇതിനിടയിൽ സംഭവം ബ്രിട്ടീഷ് പാർലമെന്റിലുമെത്തി. ജഡ്ജിയുടെ നടപടി തെറ്റായിപ്പോയെന്നും താലിമാല തിരിച്ച് നൽകണമെന്നും ബ്രിട്ടീഷ് പാർലമെന്റ് അഭിപ്രായപ്പെട്ടു. ഈ സംഭവങ്ങൾക്ക് ശേഷം തിരിച്ചയച്ച് കൊടുത്ത താലിമാല സ്വീകരിക്കാൻ എന്നാൽ കമലാ പ്രഭു കൂട്ടാക്കിയില്ല. സംഭവത്തിനുശേഷം ജഡ്ജി ഡോഡ് വെല്ലിനെ ബ്രിട്ടനിലേക്ക് തിരികെ വിളിക്കുകയും ചെയ്തു.

നിയമസഭാ പ്രസംഗത്തിലൂടെ

വരുമാനം വർദ്ധിപ്പിക്കാൻ ക്രിയാത്മക നടപടി കൈക്കൊള്ളണം: ബേബി ജോൺ

1961-62 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് 1961 മാർച്ച് 9 ന് ബേബി ജോൺ സഭാ തലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

"നമ്മുടെ സംസ്ഥാനത്തിന്റെ തകർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക സ്ഥിതിയുടെ ബീഭത്സമായ ഒരു ചിത്രമാണ് ഈ ബജറ്റിൽ വരച്ചു കാണിക്കുന്നത്. നമ്മുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്കുള്ള പരിഹാരം അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗത്തിൽ അദ്ദേഹം വിവരിക്കുന്നില്ല. ഈ പ്രതിസന്ധിഘട്ടത്തിൽ വളരെ ദീർഘവീക്ഷണവും കർമ്മധീരതയും ആവശ്യമാണ്. പല രംഗങ്ങളിലും അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ തീർച്ചയായും നമ്മുടെ സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ധീരമായി നേരിടാൻ സാധിക്കുന്നില്ല. വാസ്തവത്തിൽ ഈ ബജറ്റ് പരിശോധിച്ചതിൽ ഒരു ഭാവനാശൂന്യനായ ഒരു കർമ്മഭീരുവിന്റെ പ്രതീതിയാണ് ഉളവാകുന്നത്.

മാഡം, നമ്മുടെ സംസ്ഥാനത്തെ ഇന്നത്തെ ബജറ്റ് ഒരു കമ്മി ബജറ്റാണ്. അതിലെനിക്ക് പരാതിയില്ല. സ്വാഭാവികമായി വികസന പ്രവർത്തനങ്ങൾക്ക് ചിലപ്പോൾ പലയിടത്തും കമ്മി ബജറ്റുകൾ അവതരിപ്പിക്കേണ്ടതായി വരും. പക്ഷെ ഇന്നു നാം ഒരു ദൂഷിതവലയത്തിലാണ്. നമ്മുടെ സംസ്ഥാനത്തെ വരവും ചെലവുമായി ഒന്നു താരതമ്യപ്പെടുത്തുമ്പോൾ ചെലവ് വർദ്ധിക്കുന്നതായിട്ടാണ് കാണുന്നത്. അതിനനുസരിച്ച കടം വാങ്ങിക്കൊണ്ടിരിക്കുന്നു. കടം വാങ്ങി ചെലവ് ചെയ്യുക, അത് തീരുമ്പോൾ ഇനിയും കടം വാങ്ങിക്കുക, ഇതിന്റെയെല്ലാം ഫലമായി മണി സർക്കുലേഷൻ ഇവിടെ കൂടുന്നു. തൽഫലമായി നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിക്കും. അങ്ങനെ വരുമ്പോൾ സാധാരണയായി ക്ലിപ്ത വരുമാനമുള്ള ജനങ്ങളുടെ ജീവിതച്ചെലവിനും വീട്ടുവാടക അലവൻസിനും മറ്റുമായിട്ടുള്ള മുറവിളി കൂടുന്നു. അപ്പോൾ വീണ്ടും കടം വാങ്ങിക്കുന്നു. അങ്ങനെ കേന്ദ്രത്തിൽ നിന്നും റിസർവ്വ് ബാങ്കിൽ നിന്നുമെല്ലാം കിട്ടാവുന്നിടത്തോളം കടം വാങ്ങിക്കഴിഞ്ഞിരിക്കുകയാണ്. റിസർവ്വ് ബാങ്ക് ഇനി കടം കൊടുക്കുകയില്ല എന്നു പറഞ്ഞിട്ടുള്ളതായി ഓർമ്മിക്കുന്നു. ഇന്നധികാരത്തിലിരിക്കുന്ന കക്ഷി അധികാരത്തിൽ കയറിയ ഉടനെ പത്രപ്രതിനിധികൾക്കായി നൽകിയ ഒരു അഭിമുഖ സംഭാഷണത്തിൽ നിത്യനിദാനത്തിന് പോലും പ്രയാസമാണെന്നു പറഞ്ഞിട്ടുള്ളതായി ഓർക്കുന്നുണ്ട്. അങ്ങനെ കടം വാങ്ങി കടം വാങ്ങിക്കഴിയുന്ന യഥാർത്ഥത്തിൽ ഒരു മുടിയനായ പുത്രന്റെ അവസ്ഥയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തിനുള്ളത്. അതിനു നമ്മുടെ ധനകാര്യമന്ത്രിയെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇതു കുറെ നാളായി നടന്നു വരുന്ന ഏർപ്പാടാണ്. നമ്മുടെ പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്ക് വേണ്ടി നമ്മുടെ ചെലവ് വർദ്ധിച്ചിട്ടുണ്ട്. മാത്രമല്ല ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. കഴിഞ്ഞ പ്രാവശ്യം ബജറ്റ് അവതരിപ്പിച്ച അവസരത്തിൽ പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്കും കാർഷികാഭിവൃദ്ധിക്കും മുൻഗണന നൽകും എന്നു പറഞ്ഞിരുന്നു. നിർഭാഗ്യവശാൽ മുൻഗണന നൽകിയില്ല എന്നു മാത്രമല്ല, ചെലവ് വർദ്ധിക്കുകയുമാണുണ്ടായത്. ഒരു പക്ഷെ പറഞ്ഞേക്കാം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവ് ചെയ്യുമ്പോൾ ചെലവ് വരും എന്ന്. പക്ഷെ അതിന് ഒരു ദീർഘവീക്ഷണം ആവശ്യമാണ്. നാം വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വളരെ പണം ചെലവാക്കി. എന്നാൽ അതുകൊണ്ടു എന്തു നേട്ടമുണ്ടായി എന്ന് നോക്കുന്നതിന് എന്തെങ്കിലുമൊരു പദ്ധതിയുണ്ടോ? ഈ പണമെല്ലാം ചെലവ് ചെയ്തു. അതുകൊണ്ട് എന്ത് പ്രയോജനമുണ്ടായി എന്നുള്ളത് നാം അസ്സസ്സ് ചെയ്തു നോക്കേണ്ടതാണ്. അതിനൊരു എക്സിക്യൂട്ടീവ് ആഡിറ്റ് സെക്ഷൻ വേണം. അങ്ങനെ ഒരു ആഡിറ്റ് സെക്ഷൻ ഇവാലുവേഷൻ കമ്മിറ്റി എന്ന നിലയിൽ സംഘടിപ്പിക്കണം.

അത് പോലെ തന്നെ സർ, വളരെ വേദനയോടുകൂടി അദ്ദേഹത്തിന്റെ ഭാവനാശക്തിയിലേക്കു ഞാൻ കടക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ ശക്തിയായി പറയുന്നുണ്ട് അഗ്രികൾച്ചർ വർദ്ധിപ്പിച്ചു ഇവിടെ ഭക്ഷ്യ കാര്യത്തിൽ സ്വയം പര്യാപ്തത നേടി അതിനുവേണ്ടി ഇന്ന് ചെലവായിക്കൊണ്ടിരിക്കുന്ന തുകകൾ കൊണ്ട് പുതിയ വ്യവസായങ്ങൾ ഇവിടെ ആരംഭിക്കാൻ കഴിയുമെന്ന്. നിർഭാഗ്യവശാൽ ആ അഭിപ്രായത്തോട് യോജിക്കുവാൻ എനിക്ക് നിവൃത്തിയില്ല. നമ്മുടെ ഇന്നത്തെ പരിതസ്ഥിതിയിൽ കൃഷിക്ക് യോജിക്കുന്ന സ്ഥലങ്ങൾ പരിശോധിച്ചാൽ ആ മാതിരി സ്ഥലങ്ങൾ വളരെ പരിമിതമാണ്. എന്നും ഈ സംസ്ഥാനം ഭക്ഷ്യകാര്യത്തിൽ കമ്മി സംസ്ഥാനമായിരിക്കും. അതുമാത്രമല്ല ഈ അഞ്ചുകൊല്ലത്തിനുള്ളിൽ എത്രകണ്ട് കൃഷി വർദ്ധിപ്പിക്കാൻ കഴിയും എന്നുള്ളതും നോക്കിക്കൊണ്ടിരിക്കുകയാണ്. എത്ര തന്നെ കൃഷി വർദ്ധിപ്പിച്ചാലും ഭക്ഷ്യകാര്യത്തിൽ പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ല. ക്രമാതീതമായ ജനപ്പെരുപ്പത്തെ അദ്ദേഹം വിസ്മരിച്ചു. അതുപോലെ ദീർഘവീക്ഷണമില്ലാതെ പലതും ഇതിൽ കാണുന്നുണ്ട്.

അതുപോലെ നികുതി നിർദ്ദേശം. മദ്യത്തിന് നികുതി വർദ്ധിപ്പിച്ചത് ഞാൻ സ്വാഗതം ചെയ്യുകയാണ്. അതുപോലെ രണ്ടേക്കറിൽ കൂടുതലായിട്ടുള്ളവരുടെ നികുതി വർദ്ധിപ്പിച്ചതും ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ഈ ഭക്ഷണ സാധനങ്ങളിന്മേലുള്ള നികുതി വർദ്ധിപ്പിച്ചത് ഒരിക്കലും സാധൂകരിക്കാൻ നിവൃത്തിയില്ല. മദ്രാസിൽ ഭക്ഷണ സാധനങ്ങളിന്മേൽ നികുതി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഇന്ത്യയിൽ വെസ്റ്റ് ബംഗാളും കേരളവും ഭക്ഷണകാര്യത്തിൽ സ്വയം പര്യാപ്തത നേടിയിട്ടില്ലാത്ത സംസ്ഥാനങ്ങളാണ്. അങ്ങനെ എന്നും കമ്മിയായിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഈ നികുതി ചുമത്തുന്നത് ദ്രോഹകരമായിരിക്കും. ഫെയർ പ്രൈസ് ഷാപ്പുകളിൽ കൂടി വിതരണം നടത്തുന്ന അരിക്ക് വിൽപ്പന നികുതിയില്ല എന്നു പറയുന്നു. ഈ ഭക്ഷണ സാധനങ്ങളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ളതിൽ ആറിലൊന്ന് മാത്രമേ ഈ ഫെയർ പ്രൈസ് ഷാപ്പിൽ കൂടി വിതരണം നടത്തുന്നുള്ളൂ. ബാക്കി ആറിലഞ്ച് ഭാഗവും മാർക്കറ്റ് വഴി വിൽപ്പന നടത്തുന്നതാണ്. അതിന് ടാക്സ് ചുമത്തുക എന്നു പറഞ്ഞാൽ അതു സാധാരണക്കാരെ ബാധിക്കുകയാണ് ചെയ്യുന്നത്. എനിക്കു അതേ സംബന്ധിച്ചുള്ള ചില സംശയങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വ്യക്തമാക്കുമെന്ന് വിശ്വസിക്കുന്നു. പുറത്തുനിന്ന് കൊണ്ടുവരുന്ന അരിക്കു മാത്രമേയുള്ളോ ടാക്സ് അതോ ചിറ്റൂർ മുതലായ പ്രദേശങ്ങളിൽ നിന്ന് ഇവിടുത്തെ ആവശ്യത്തിന് വേണ്ടി കൊണ്ടു വരുന്ന അരിക്കും ടാക്സ് ഉണ്ടാകുമോ? ഉണ്ടെങ്കിൽ അതു പ്രത്യേകമായി കണക്കാക്കാൻ സാധിക്കുമോ ?

കെട്ടിടനികുതിയെക്കുറിച്ച് അദ്ദേഹം പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പക്ഷെ ഒരു കെട്ടിടത്തിന് വേണ്ടി ചെലവാക്കുന്ന തുക എന്തെന്നു അസ്സസ്സ് ചെയ്ത് അതിന് നികുതി ഏർപ്പെടുത്തുന്നതായിരിക്കും നല്ലത്. ഇൻകം ടാക്സിൽ നിന്നും ഇൻവേഡ് ചെയ്യാനായി വലിയ കെട്ടിടങ്ങൾക്ക് വേണ്ടി കൂടുതൽ തുക ചെലവാക്കുന്ന സമ്പ്രദായമുണ്ട്. അതുകൊണ്ട് കെട്ടിടത്തിന് വേണ്ടി ചെലവാക്കുന്ന തുക അസ്സസ്സ് ചെയ്ത് നികുതി ഈടാക്കുന്നതായിരിക്കും നല്ലത്.

സഭാനേതാവിനോട് ഒരപേക്ഷയുണ്ട്. കാരണം ഞാൻ സ്വതന്ത്രനാണെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ആളുകളുടെ മനോവികാരങ്ങളെ പ്രകടിപ്പിക്കാൻ ചുമതലപ്പെട്ട ആളാണ് ഞാൻ. ആ നിലയിൽ സഭാനേതാവും പ്രതിപക്ഷ നേതാവും എന്നെ സഹായിക്കണം. എനിക്ക് സംസാരിക്കാൻ അല്പം സമയം കൂടി അനുവദിക്കണം. അതാണ് എന്റെ അപേക്ഷ.

മദ്യനിരോധനം എടുത്തു കളയണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. അതുകൊണ്ട് സംസ്ഥാനത്തെ വരവ് വർദ്ധിക്കുമെന്നു മാത്രമല്ല മദ്യനിരോധനം ഫലപ്രദമായ രീതിയിൽ ഏർപ്പെടുത്തണമെന്നുണ്ടെങ്കിൽ നിലവിലുള്ള നിരോധനം എടുത്തു കളഞ്ഞ് മദ്യത്തിന് കൂടുതൽ ടാക്സ് ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ചാരായത്തിന് ഗാലനേജ് ഫീസ് വർദ്ധിപ്പിച്ചും, കള്ളിന് വിൽപ്പന നികുതി വർദ്ധിപ്പിച്ചും ആളുകൾക്ക് അതിനോട് സമീപിക്കാതിരിക്കാനുള്ള ഒരു മനോഭാവം ഉണ്ടാക്കേണ്ടതാണ്. ആ നിലയിൽ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇന്നത്തെ പരിതസ്ഥിതിയിൽ ഇന്നുള്ള മദ്യനിരോധനം അവസാനിപ്പിക്കുകയാണ് വേണ്ടത്.

അടുത്തതായി ട്രാൻസ്പോർട്ട് ഫെയർ വർദ്ധിപ്പിച്ചത് ഒരു ഭാവനാ ദാരിദ്ര്യമാണെന്ന് പറയുന്നത് ക്ഷമിക്കണം. അതു ചെയ്യാതെ കാറുകൾക്കുള്ള ടാക്സ് വർദ്ധിപ്പിച്ച് വരവ് കൂട്ടാമായിരുന്നു. ഇന്ന് കാറിന് 30 രൂപ ടാക്സുള്ളത് 60 രൂപ ആക്കാമായിരുന്നു. അങ്ങനെയുള്ള കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ സാധാരണക്കാരെ ബാധിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ മേൽ നികുതി ചുമത്തിയതും തെറ്റായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഈ രണ്ടെണ്ണത്തിൽ ഭക്ഷ്യധാന്യങ്ങളുടെ മേലുള്ള നികുതിയെങ്കിലും പിൻവലിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ദൈനംദിന ചെലവുകളുടെ കാര്യത്തിൽ കുറവ് വരുത്തിയും മറ്റും നമ്മുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ സാധിക്കാതെ ധനകാര്യമന്ത്രി ഒരു മാപ്പു സാക്ഷിയായി മാറിയിരിക്കുകയാണെന്നും മുമ്പ് കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ ഇക്കാര്യത്തിൽ ആക്ഷേപിച്ചിട്ടുണ്ടെന്നും ശ്രീ. ഭാർഗ്ഗവൻ പറയുകയുണ്ടായി. നമ്മുടെസാമ്പത്തിക നിലയിൽ മെച്ചമുണ്ടാക്കാൻ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്ത് എന്റെ സ്നേഹിതൻ ഭാർഗ്ഗവൻ ബാങ്കും തോട്ടവും ദേശസാൽക്കരിക്കുന്നതിന് നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടായിരുന്നു എന്നും പറഞ്ഞു. എന്നാൽ ശ്രീ. ഭാർഗ്ഗവൻ പ്രതിനിധീകരിക്കുന്ന കക്ഷി ഇരുപത്തെട്ട് മാസം അധികാരത്തിലിരുന്നിട്ട് അതൊന്നും ചെയ്യാതെ ഒരു മാപ്പുസാക്ഷിയായി മാറുകയല്ലേ ചെയ്തിട്ടുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. നടപ്പിലാക്കാൻ കഴിയാത്ത ആ കക്ഷി എന്തിന് ആ നിർദ്ദേശങ്ങൾ കൊണ്ടുവന്നു എന്നാണ് ഞാൻ ചോദിക്കുന്നത്. പക്ഷെ ആ നിർദ്ദേശം നല്ലതാണ്. ആ സംഗതി കൂടി ധനകാര്യമന്ത്രി കണക്കിലെടുത്തുകൊണ്ട് അടുത്ത വർഷം ബജറ്റ് അവതരിപ്പിക്കുമ്പോൾ കുറച്ചു ക്രിയാത്മകമായി കാര്യങ്ങളെ സമീപിക്കണമെന്നും കൂടുതൽ ടാക്സ് കൊടുക്കാൻ കഴിവുള്ളവരിൽ നിന്നും ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു".

ബേബി ജോൺ (1920-2008)

സെബാസ്റ്റ്യൻ ജോണിന്റെയും മേരി ജോണിന്റെയും മകനായി 1920 സെപ്റ്റംബർ 14 ന് ജനിച്ച ബേബി ജോൺ 1952-54 കാലയളവിൽ തിരു-കൊച്ചി നിയമസഭാംഗവും രണ്ടാം കേരള നിയമസഭ മുതൽ പത്താം കേരള നിയമസഭ വരെ തുടർച്ചയായി ആർ.എസ്.പി. യുടെ പ്രതിനിധിയായി കേരള നിയമസഭാംഗവുമായിരുന്നു. ചവറ, കരുനാഗപ്പള്ളി മണ്ഡലങ്ങളെ പ്രതിനിധീകരിച്ചിട്ടുള്ള അദ്ദേഹം 1970-77 കാലയളവിൽ റവന്യൂവും തൊഴിലും വകുപ്പ് മന്ത്രി, 1977-78 കാലയളവിൽ റവന്യൂ വകുപ്പ് മന്ത്രി, 1978-79 കാലയളവിൽ റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി, 1980-81 കാലയളവിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി, 1987-91 ൽ ജലസേചന വകുപ്പ് മന്ത്രി, 1996-98 ൽ ജലസേചനവും തൊഴിലും വകുപ്പ് മന്ത്രി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. ആർ.എസ്.പി. ജനറൽ സെക്രട്ടറി, യു.റ്റി.യു.സി. അഖിലേന്ത്യാ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മുൻ മന്ത്രി ഷിബു ബേബി ജോൺ മകനാണ്. 2008 ജനുവരി 29 ന് അന്തരിച്ച ബേബി ജോണിന് 2008 മാർച്ച് 19 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

സഭാ നായകരുടെ ജീവിത രേഖയിലൂടെ.......

സ്പീക്കർ പദവിയുടെ ഔന്നത്യം കാത്ത് സൂക്ഷിച്ച സഭാധ്യക്ഷൻ

കലയും സാഹിത്യവും സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളും രാഷ്ട്രീയവുമൊക്കെ നിറഞ്ഞു നിന്ന ഗൃഹാന്തരീക്ഷത്തിൽ വളർന്ന് മാതൃകാ പൂർണ്ണമായ ജീവിതത്തിലൂടെ ജനമനസ്സുകളിൽ ഇടം പിടിച്ച വ്യക്തിയായിരുന്നു മൂന്നാം കേരള നിയമസഭയുടെ അധ്യക്ഷൻ ഡി. ദാമോദരൻ പോറ്റി. ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന കെ. ദാമോദരൻ പോറ്റിയുടെയും ആര്യാദേവിയുടെയും മകനായി 1921 മേയിൽ കൊട്ടാരക്കര താലൂക്കിലെ കോട്ടവട്ടം എന്ന ഗ്രാമത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. സഹോദരൻ കൃഷ്ണൻ പോറ്റി ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു. കേരളത്തിന്റെ സാമൂഹ്യപരിഷ്കരണത്തിന് വഴി തെളിച്ച ഒട്ടനവധി സാഹിത്യസൃഷ്ടികൾ മലയാളത്തിന് സമ്മാനിച്ച ലളിതാംബിക അന്തർജ്ജനം അദ്ദേഹത്തിന്റെ മൂത്ത സഹോദരിയായിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ പഠനത്തിൽ മികവ് പുലർത്തിയിരുന്ന ദാമോദരൻ പോറ്റി കൊട്ടാരക്കര ഹൈസ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും തിരുവനന്തപുരം ആർട്സ് കോളേജിൽ നിന്നും ബി.എ. ബിരുദവും നേടി. തിരുവനന്തപുരം ലോ കോളേജിൽ നിന്നും നിയമത്തിൽ ഫെലോഷിപ്പും നേടിയിട്ടുണ്ട്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഗാന്ധിയൻ ആദർശങ്ങളോടുണ്ടായിരുന്ന ആഭിമുഖ്യം അദ്ദേഹത്തെ സ്റ്റുഡന്റ്സ് കോൺഗ്രസ്സിൽ അംഗമാക്കി. വിദ്യാർത്ഥി സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച ദാമോദരൻ പോറ്റി ജയിൽ ശിക്ഷയും അനുഭവിച്ചിട്ടുണ്ട്. 1941 ൽ ഇംപീരിയൽ സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശനം ലഭിച്ചുവെങ്കിലും 1942 ആഗസ്റ്റിൽ ക്വിറ്റ് ഇന്ത്യാ സമരത്തോടനുബന്ധിച്ചുണ്ടായ കൂട്ടരാജി പ്രസ്ഥാനത്തോട് അനുഭാവം രേഖപ്പെടുത്തി അദ്ദേഹം സെൻട്രൽ സെക്രട്ടേറിയറ്റ് സർവ്വീസ് ഉപേക്ഷിക്കുകയായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ സജീവാംഗത്വം സ്വീകരിച്ച് മുഴുവൻ സമയ രാഷ്ട്രീയ ജീവിതം ആരംഭിച്ച അദ്ദേഹം പിന്നീട് സോഷ്യലിസ്റ്റ് ചേരിയോടൊപ്പം നിലയുറപ്പിക്കുകയും പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനായി മാറുകയുമായിരുന്നു. 1954 ൽ തിരു-കൊച്ചി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മുപ്പത്തിമൂന്നാം വയസ്സിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1954 മാർച്ച് 24 മുതൽ 1956 മാർച്ച് 23 വരെ ഡെപ്യൂട്ടി സ്പീക്കറായി പ്രവർത്തിച്ചു. 1960 ൽ രണ്ടാം കേരള നിയമസഭയിൽ കൊട്ടാരക്കരയിൽ നിന്നും തുടർന്ന് 1965 ലും (നിയമസഭ രൂപീകരിച്ചില്ല) 1967 ലും ചടയമംഗലത്ത് നിന്ന് മൂന്നാം കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു.

പട്ടം താണുപിള്ള നേതൃത്വം നൽകിയ സംയുക്ത മന്ത്രിസഭയിൽ 1960 ഫെബ്രുവരി 22 മുതൽ 1962 സെപ്റ്റംബർ 26 വരെ ദാമോദരൻ പോറ്റി പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നു. ടൂറിസം, തുറമുഖങ്ങൾ, പോസ്റ്റ് ആന്റ് ടെലഗ്രാഫ് എന്നിവയുടെ ചുമതലയും അദ്ദേഹം വഹിച്ചു. പൊതുമരാമത്ത് മന്ത്രി എന്ന നിലയിൽ നിരവധി പാലങ്ങൾ, റോഡുകൾ തുടങ്ങി ധാരാളം പദ്ധതികൾ അദ്ദേഹം നടപ്പിലാക്കി. കേരളത്തിൽ ടൂറിസത്തിന്റെയും ടൂറിസം വകുപ്പിന്റെയും തുടക്കക്കാരൻ അദ്ദേഹമായിരുന്നു. വകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹം നടപ്പാക്കിയ പരിഷ്കാരങ്ങളാണ് ഈ മേഖലയുടെ ഇന്നത്തെ വളർച്ചയ്ക്ക് തുടക്കമിട്ടത്. 1962 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 8 വരെ ആർ.ശങ്കർ മന്ത്രിസഭയിലും അദ്ദേഹം അതേ വകുപ്പുകളുടെ ചുമതല വഹിച്ചു. പട്ടം താണുപിള്ള പഞ്ചാബ് ഗവർണ്ണറായി നിയമിതനായതിനെ തുടർന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി തീരുമാന പ്രകാരം അദ്ദേഹം മന്ത്രി സ്ഥാനം രാജി വയ്ക്കുകയായിരുന്നു. 1963-64 കാലയളവിൽ അദ്ദേഹം കേരള നിയമസഭയിലെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായി പ്രവർത്തിച്ചു. തുടർന്ന് 1965 ൽ നടന്ന തെരഞ്ഞെടുപ്പിൽ വീണ്ടും മന്ത്രിസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും 1965 ൽ നിയമസഭ രൂപീകരിച്ചിരുന്നില്ല.

1967 ൽ നടന്ന തെരഞ്ഞെടുപ്പിൽ എസ്.എസ്.പി. സ്ഥാനാർത്ഥിയായി മത്സരിച്ച് നിയമസഭയിലേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ദാമോദരൻ പോറ്റിയെ 1967 മാർച്ച് 15 ന് കേരള നിയമസഭയുടെ അഞ്ചാമത് സ്പീക്കറായി ഐകകണ്‌ഠ്യേന തെരഞ്ഞെടുക്കുകയായിരുന്നു. കേരള രാഷ്ട്രീയത്തിലെ ഒരു നിർണ്ണായക കാലഘട്ടത്തിലാണ് ദാമോദരൻ പോറ്റി സഭാധ്യക്ഷനായത്. സമ്മേളനത്തിന്റെ ഓരോ ദിനങ്ങളും സംഘർഷം നിറഞ്ഞതായിരുന്നു. എന്നാൽ തന്റേതായ ശാന്തഗംഭീരമായ വാക്കുകളിലൂടെ ആരുടെയും കോപത്തിനും വിദ്വേഷത്തിനും ഇടവരാത്ത രീതിയിൽ സഭയിൽ സമാധാനവും സമന്വയവും കണ്ടെത്താൻ ഏറെക്കുറെ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. രണ്ട് മന്ത്രിസഭകൾ നിലവിൽ വന്ന മൂന്നാം കേരള നിയമസഭയിൽ രണ്ട് മന്ത്രിസഭാ കാലയളവിലും ദാമോദരൻ പോറ്റി തന്നെയായിരുന്നു സഭാധ്യക്ഷൻ.

1970 മാർച്ച് 18 ന് സി.അച്യുത മേനോൻ മുഖ്യമന്ത്രിയായിരിക്കെ അവതരിപ്പിച്ച വിശ്വാസപ്രമേയ ചർച്ചാ വേളയിൽ സഭാധ്യക്ഷനായിരുന്ന ദാമോദരൻ പോറ്റി വിശ്വാസ പ്രമേയാവതരണ വേളയിൽ സ്വീകരിക്കേണ്ട നടപടി ക്രമത്തെ സംബന്ധിച്ച് നൽകിയ റൂളിംഗ് സഭാ രേഖകളിൽ ഇപ്പോഴും തിളക്കമാർന്നതാണ്. ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻസ് സംബന്ധിച്ച് അദ്ദേഹം നൽകിയിട്ടുള്ള റൂളിംഗും സഭയ്ക്കുള്ളിൽ അംഗങ്ങൾ പാലിക്കേണ്ട മര്യാദകളെ സംബന്ധിച്ചും മറ്റുമുള്ള റൂളിംഗുകളും പ്രശസ്തമാണ്. 1970 ജനുവരി 29 ാം തീയതി സ്പീക്കറുടെ ഡയസിലേക്ക് അംഗങ്ങൾ തള്ളി കയറുകയും സ്പീക്കറെ വളയുകയും ചെയ്ത സന്ദർഭത്തിലും സമചിത്തത കൈവിടാതെ സ്പീക്കർ എന്ന പദവിയുടെ മഹനീയത കാത്തു സൂക്ഷിച്ചുകൊണ്ട് സഭയുടെ അന്തസ്സും പ്രൗഢിയും നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു.

1971 ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം പാർലമെന്റ് നിയോജക മണ്ഡലത്തിൽ നിന്നും വി.കെ. കൃഷ്ണമേനോനെതിരെ ഐക്യ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ചെങ്കിലും വളരെ ചെറിയ വോട്ടിന്റെ വ്യത്യാസത്തിൽ അദ്ദേഹം പരാജയപ്പെട്ടു. ഇതിന് ശേഷം സജീവ രാഷ്ട്രീയത്തിൽ നിന്നും മാറി നിന്നെങ്കിലും മുപ്പത് വർഷത്തോളം അദ്ദേഹം പൊതുരംഗത്ത് സജീവമായിരുന്നു.

ജയപ്രകാശ് നാരായണന്റെ അനുയായിയായി പൊതുരംഗത്ത് പ്രവർത്തിച്ച ദാമോദരൻ പോറ്റി ഭാരത് സേവക് സമാജിന്റെ സജീവ പ്രവർത്തകനായിരുന്നു. ശബരിമലയിലേക്ക് വരുന്ന തീർത്ഥാടകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദേവസ്വം ബോർഡിനേയും അയ്യപ്പ സേവാസംഘത്തെയും സന്നദ്ധ സംഘടനകളെയും യുവജനങ്ങളെയും സർക്കാരിനേയും കോർത്തിണക്കി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ അവിസ്മരണീയമാണ്. ഏകദേശം കാൽ നൂറ്റാണ്ട് കാലത്തോളം അയ്യപ്പ സേവാസംഘത്തിന്റെ പ്രസിഡന്റായിരുന്നു ദാമോദരൻ പോറ്റി. തുഞ്ചൻ സ്മാരക സമിതി, ഭാരത് സേവക് സമാജ്, ഗ്രന്ഥശാലാ സംഘം എന്നിവയുടെയെല്ലാം ഭാരവാഹിയായി പ്രവർത്തിച്ചിരുന്നു. എസ്.എസ്.പി. കേരള യൂണിറ്റ് ചെയർമാൻ, ലോക കാര്യക്ഷേത്ര സമിതി കേരള ചെയർമാൻ, പ്ലൈവുഡ് എംപ്ലോയിസ് യൂണിയൻ, കൊട്ടാരക്കര ചുമട്ടു തൊഴിലാളി യൂണിയൻ, മധ്യ കേരള കശുവണ്ടി തൊഴിലാളി യൂണിയൻ എന്നിവയുടെ പ്രസിഡന്റ് പദവിയും അദ്ദേഹം വഹിച്ചിട്ടുണ്ട്. വൈവിദ്ധ്യമാർന്ന വിഷയങ്ങളിൽ നിരവധി ലേഖനങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം എഴുതിയിരുന്നു.

ഉന്നത ജോലി ഉപേക്ഷിച്ച് പൊതുരംഗത്തേക്ക് കടന്നു വരികയും കുടുംബത്തിൽ നിന്നും തനിക്ക് ലഭിച്ചതെല്ലാം ജനോപകാര പ്രവർത്തനങ്ങൾക്കായി സംഭാവന നൽകിയും നാടിനെ സേവിച്ച ദാമോദരൻ പോറ്റി, പ്രവർത്തിച്ച എല്ലാ മേഖലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. 2002 നവംബർ 15 ന് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു. 2003 ജനുവരി 27 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരോമപചാരം അർപ്പിച്ചു.

മുൻ സാമാജികർ മനസ്സ് തുറക്കുന്നു........

ജനപ്രതിനിധികൾ നിയമനിർമ്മാണ പ്രക്രിയയിൽ സജീവമാകണം:

ഡൊമിനിക് പ്രസന്റേഷൻ

1991 ജൂൺ 18 ന നടന്ന തെരഞ്ഞെടുപ്പിലാണ് ഞാൻ ആദ്യമായി നിയമസഭാംഗമാകുന്നത്. പള്ളുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും മൂന്നു പ്രാവശ്യം വിജയിച്ച ടി. പീതാംബരൻ മാസ്റ്ററെ പരാജയപ്പെടുത്തിയാണ് ഞാൻ വിജയിക്കുന്നത്. ജൂൺ 24 ാം തീയതി കെ. കരുണാകരൻ മുഖ്യമന്ത്രിയായി യു.ഡി.എഫ്. സർക്കാർ നിലവിൽ വന്നുവെങ്കിലും ജൂലൈ മാസത്തിലാണ് പഴയ നിയമസഭാ മന്ദിരത്തിൽ ഒമ്പതാം കേരള നിയമസഭയിലെ അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നത്. കൊച്ചി നഗരസഭാംഗമായിരിക്കുമ്പോഴാണ് ഞാൻ നിയമസഭാംഗമാകുന്നത്. ഭരണ പക്ഷത്തും പ്രതിപക്ഷത്തും വളരെയേറെ പ്രഗത്ഭന്മാരുണ്ടായിരുന്ന ഒരു സഭയാണ് ഒമ്പതാം നിയമസഭ. പി.പി. തങ്കച്ചനായിരുന്നു സ്പീക്കർ. പഴയ നിയമസഭാ ഹാളിന്റെ ഏറ്റവും പ്രധാന സവിശേഷത സഭാംഗങ്ങളും പത്രക്കാരുമായുള്ള ദൂരമില്ലായ്മയാണ്. നിയമസഭാ ഹാളിന്റെ കിഴക്ക ഭാഗത്താണ് പത്ര പ്രതിനിധികളുടെയും അംഗങ്ങളുടെയും ലോഞ്ച്. അതുകൊണ്ടു തന്നെ പത്രക്കാരുമായുള്ള അടുപ്പവും ബന്ധങ്ങളും പുതിയ നിയമസഭാ മന്ദിരത്തേക്കാളും ഊഷ്മളമായിരുന്നു എന്റെ അനുഭവത്തിൽ.

എം.എൽ.എ. ഹോസ്റ്റലിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സിലാണ് പഴയ നിയമസഭാ മന്ദിരത്തിലേക്കുള്ള യാത്ര. ആദ്യമായി സഭയിൽ അംഗമായതിനാൽ എല്ലാ ദിവസവും കൃത്യസമയത്ത് സഭയിൽ എത്താൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ചോദ്യോത്തരവേള കഴിഞ്ഞ് അടിയന്തരപ്രമേയമുണ്ടെങ്കിൽ അതും കഴിഞ്ഞിട്ടേ പ്രാതൽ കഴിക്കാൻ നിയമസഭ കോമ്പൗണ്ടിലെ ഇന്ത്യൻ കോഫീ ഹൗസിൽ പോയിരുന്നുള്ളൂ. ഉച്ചഭക്ഷണവും ചിലപ്പോഴെല്ലാം അവിടെയായിരുന്നു. സഭയിൽ ബെല്ലടിക്കുമ്പോൾ അത് കോഫീ ഹൗസിലും കേൾക്കാം. ചിലപ്പോൾ പെട്ടെന്ന് 'പോൾ' ചോദിക്കുമ്പോൾ ഭക്ഷണം മുഴുവനാക്കാതെ സഭയിലേക്ക് ഓടിക്കയറിയ സന്ദർഭവും ഉണ്ടായിട്ടുണ്ട്. ഒമ്പതാം കേരള നിയമസഭ ഏറെ പ്രത്യേകതകൾ നിറഞ്ഞ ഒന്നായിരുന്നു. കെ.കരുണാകരൻ രാജിവച്ച് പകരം എ.കെ.ആന്റണി വന്നത് ഈ സഭയിലാണ്. ഏറ്റവും അധികം സിറ്റിംഗ് എം.എൽ.എ.മാർ കാലയവനികയ്ക്ക് പിന്നിലായതും ഈ സഭയിൽ തന്നെ.

ലോനപ്പൻ നമ്പാടൻ മാസ്റ്റർ പ്രതിപക്ഷ നിരയിലെ സ്വതന്ത്ര എം.എൽ.എ. ആയിരുന്നു. ഒരു മിനിറ്റാണ് അദ്ദേഹത്തിന് പ്രസംഗിക്കുവാൻ കിട്ടുന്ന സമയം. ആ സമയത്തിനുള്ളിൽ ചുരുങ്ങിയത് 5 മിനിറ്റു കൊണ്ട് പറയേണ്ട കാര്യം അദ്ദേഹം എഴുതി ഒറ്റശ്വാസത്തിൽ വായിക്കും. പിറ്റേദിവസം പത്രങ്ങളിൽ അതുമുഴുവൻ അച്ചടിച്ചു വരും. കാര്യങ്ങൾ പഠിച്ച് ആധികാരികമായി പ്രസംഗിക്കുന്ന പല അംഗങ്ങളുടെയും പ്രസംഗം 'അദ്ദേഹവും ചർച്ചയിൽ പങ്കെടുത്തു' എന്നായിരിക്കും വരിക.

ഒമ്പതാം നിയമസഭ കേരള രാഷ്ട്രീയത്തിലെ അതികായന്മാരുടെ സഭയായിരുന്നു - ഭരണപക്ഷത്തും പ്രതിപക്ഷത്തും. കെ. കരുണാകരൻ, ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, ആർ. ബാലകൃഷ്ണപിള്ള, എം.വി.രാഘവൻ, ടി.എം. ജേക്കബ്, ആര്യാടൻ മുഹമ്മദ്, സീതിഹാജി, വി.എം. സുധീരൻ, സി.വി. പത്മനാഭൻ തുടങ്ങിയവർ ഭരണപക്ഷത്തും ഇ.കെ.നായനാർ, വി.എസ്.അച്യുതാനന്ദൻ, ബേബി ജോൺ, പി.എസ്.ശ്രീനിവാസൻ, കെ. ചന്ദ്രശേഖരൻ, വർക്കല രാധാകൃഷ്ണൻ, കെ.ആർ. ഗൗരിയമ്മ, കെ. കൃഷ്ണൻകുട്ടി, വി.വി.രാഘവൻ തുടങ്ങിവർ പ്രതിപക്ഷത്തും. 1994 ൽ കരുണാകരൻ മാറി എ.കെ. ആന്റണി മുഖ്യമന്ത്രിയായി.

ഒമ്പതാം നിയമസഭയ്ക്ക് രണ്ട് അധ്യക്ഷന്മാരുണ്ടായിരുന്നു. ആദ്യം പി.പി. തങ്കച്ചനും പിന്നീട് തേറമ്പിൽ രാമകൃഷ്ണനും. ആദ്യമായി സഭയിലെത്തിയപ്പോൾ സഭയിലെ ചട്ടങ്ങളും പ്രവർത്തനവും എങ്ങനെയെന്നും ചോദ്യങ്ങൾ ചോദിക്കുന്ന കാര്യങ്ങളിൽ വരെ സഹായവും നിർദ്ദേശങ്ങളും തന്നിരുന്ന നിയമസഭാ സെക്രട്ടേറിയറ്റിലെ ആശാരിസാറിനെ ഇപ്പോഴും നന്ദിയോടെ സ്മരിക്കുന്നു.

ഒമ്പതാം നിയമസഭയാണ് 1995 ലെ പഞ്ചായത്തീരാജ് - നഗരസഭാ നിയമം പാസ്സാക്കിയത്. പ്രാദേശിക തെരഞ്ഞെടുപ്പുകൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തിയത് ആ നിയമമാണ്. ആ നിയമത്തിന് വേണ്ടി ഉണ്ടാക്കപ്പെട്ട സെലക്റ്റ് കമ്മിറ്റിയിൽ

അംഗമാകാൻ കന്നിക്കാരനായ എനിക്ക് അവസരം കിട്ടി. സി.ടി.അഹമ്മദ് അലി ആയിരുന്നു മന്ത്രി. എ.കെ.ആന്റണിയായിരുന്നു മുഖ്യമന്ത്രി. ആ നിയമപ്രകാരമാണ് 1995 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തിയത്. 1994 ൽ ഗൗരിയമ്മ സി.പി.ഐ.(എം.) ൽ നിന്ന് പുറത്താക്കപ്പെടുകയും അവർ പുതിയ പാർട്ടി രൂപീകരിച്ചതും പ്രതിപക്ഷത്തു നിന്നും മാറി ഒറ്റയ്ക്ക് ഭരണപക്ഷ അംഗങ്ങൾക്കിടയിൽ സഭയിൽ ഇരുന്നതും ഒമ്പതാം നിയമസഭയുടെ പ്രത്യേകതയായിരുന്നു.

1996 ൽ ഭരണമാറ്റമുണ്ടായി. സഭയിൽ അംഗമല്ലാതിരുന്ന ഇ.കെ.നായനാർ, വി.എസ്.അച്യുതാനന്ദൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടത് കാരണം മുഖ്യമന്ത്രിയായി. പത്താം നിയമസഭയുടെ സ്പീക്കറായത് താരതമ്യേന ചെറുപ്പക്കാരനായിരുന്ന എം.വിജയകുമാറാണ്. അദ്ദേഹത്തിന്റെ കാലത്താണ് പുതിയ നിയമസഭാ മന്ദിരത്തിന്റെ ഉദ്ഘാടനം. 'കേരളം ഇന്ത്യയ്ക്ക് നൽകിയ മാണിക്യം' രാഷ്ട്രപതിയായിരുന്ന കെ.ആർ.നാരായണനാണ് പുതിയ നിയമസഭാ മന്ദിരം ഉദ്ഘാടനം ചെയ്തത്. പഴയ നിയമസഭാ ഹാളിലും പുതിയ നിയമസഭാ ഹാളിലും ഇരിപ്പിടം ലഭിക്കുകയെന്ന അപൂർവ്വ ഭാഗ്യം ലഭിച്ച സഭാംഗങ്ങളുടെ കൂട്ടത്തിൽ പത്താം നിയമസഭയിൽ ഞാനും ഉൾപ്പെടുന്നു എന്നത് അഭിമാനത്തോടെ ഓർക്കുന്നു.

പത്താം നിയമസഭയിലാണ് കേരള ലോക്പാൽ ബിൽ വന്നതും ദീർഘമായ ചർച്ചകൾ നടന്നതും അത് നിയമമായി മാറുന്നതും. ഇ. ചന്ദ്രശേഖരൻ നായരായിരുന്നു ബിൽ പൈലറ്റ് ചെയ്തത്. മുഖ്യമന്ത്രിയായിരുന്ന ഇ.കെ.നായനാരും ആ നിയമം കുറ്റമറ്റതാക്കാൻ കാര്യമായി ഇടപെടുകയുണ്ടായി. പ്രതിപക്ഷത്ത് നിന്ന് ടി.എം.ജേക്കബും ആര്യാടൻ മുഹമ്മദും നിരവധി ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് ശ്രദ്ധേയമായ സംഭാവനകൾ നൽകുകയുണ്ടായി. പൊതുരംഗത്തും ഉദ്യോഗസ്ഥതലത്തിലും അഴിമതി അവസാനിപ്പിക്കും എന്നുള്ള മുഖ്യമന്ത്രി നായനാരുടെ പ്രഖ്യാപനം ഇപ്പോഴും ഓർക്കുന്നു. ഇന്നത്തെ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയ ഭേദഗതികൾ ആ നിയമത്തിന്റെ അന്തഃസത്തയെ ഇല്ലാതാക്കുമെന്ന ആശങ്കയാണ് ആ ബിൽ നിയമമാക്കുന്ന സഭയിൽ അംഗമായിരുന്ന എനിക്കുള്ളത്. വനം മന്ത്രിയായിരുന്ന നീലലോഹിതദാസൻ നാടാരുടെ രാജിയുൾപ്പെടെ വിവാദങ്ങൾ പലതും അരങ്ങേറിയ സഭയായിരുന്നു അത്.

2001 ലെ തെരഞ്ഞെടുപ്പിൽ നൂറ് സീറ്റെന്ന സകലകാല റെക്കോർഡുമായി യു.ഡി.എഫ്. അധികാരത്തിൽ വന്നു. എ.കെ. ആന്റണി മുഖ്യമന്ത്രിയായ ആ മന്ത്രിസഭയിൽ കെ.ആർ.ഗൗരിയമ്മയും ഉണ്ടായിരുന്നു എന്നത് കൗതുകകരമായിരുന്നു. രണ്ട് മുൻ സി.പി.എം. നേതാക്കളായ ഗൗരിയമ്മയും എം.വി.രാഘവനും കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി മന്ത്രിസഭയിൽ വന്നു എന്നത് കാലത്തിന്റെ പ്രത്യേകതയായിട്ടേ കാണാൻ കഴിയൂ. പതിനൊന്നാം നിയമസഭയും പലതുകൊണ്ടും പ്രത്യേകത നിറഞ്ഞതായിരുന്നു. 2004 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനുണ്ടായ പരാജയത്തെത്തുടർന്ന് എ.കെ. ആന്റണി രാജിവയ്ക്കുകയും പകരം ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി അധികാരത്തിലേറുകയും ചെയ്തു. അപ്രതീക്ഷിതമെന്നോണം ഞാനും ആ മന്ത്രിസഭയിൽ അംഗമായി. ഫിഷറീസ്, സ്പോർട്സ്, ന്യൂനപക്ഷ ക്ഷേമം എന്നിവയായിരുന്നു വകുപ്പുകൾ. പിന്നീട് ന്യൂനപക്ഷ ക്ഷേമത്തിനു പകരം എയർപോർട്ടുകളുടെ ചുമതല കൂടി നൽകപ്പെട്ടു.

2004 ഡിസംബർ 26 ാം തീയതിയാണ് ഇന്ത്യയെയും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളെയും പിടിച്ചുലച്ച സുനാമി ദുരന്തമുണ്ടാകുന്നത്. തമിഴ്നാട്, ആന്റമാൻ ദ്വീപസമൂഹം, കേരളം എന്നിവിടങ്ങളിൽ അതിന്റെ രൂക്ഷത വലുതായിരുന്നു. കേരളത്തിൽ കൊല്ലം ജില്ലയിലെ ആലപ്പാട്ട് പഞ്ചായത്തിലും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്തിലുമായിരുന്നു ഏറ്റവും രൂക്ഷം. ഈ രണ്ടു പഞ്ചായത്തുകളിലേയും തീരദേശത്തെ മുഴുവൻ വീടുകളും തകരുകയും നൂറുകണക്കിന് മനുഷ്യജീവനുകൾ പൊലിയുകയും ചെയ്തു. എറണാകുളം ജില്ലയിലെ ചെല്ലാനം, എടവനക്കാട് എന്നീ പഞ്ചായത്തുകളിലും രൂക്ഷമായ സുനാമി തിരമാലകൾ ആഞ്ഞടിച്ചു. എടവനക്കാട് മൂന്ന് കുട്ടികളും ആലപ്പുഴയിലെ അന്ധകാരനഴി പ്രദേശത്ത് മൂന്ന് പേരും മരണപ്പെടുകയുണ്ടായി. കേരളത്തെ നടുക്കിയ ആ ദുരന്തത്തിൽ മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടിയുടെ ഇടപെടൽ ശ്രദ്ധേയമായിരുന്നു. ദുരിതഭൂമിയായി മാറിയ പഞ്ചായത്തുകളിലെ കടലോരത്ത് ആദ്യം എത്തിയത് ഉമ്മൻ ചാണ്ടിയാണ്. കടൽതീരത്തിലൂടെ ജനങ്ങളോടൊപ്പം നടന്ന് ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാകുന്ന തരത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പ്രധാനമന്ത്രിയായിരുന്ന ഡോ.മൻമോഹൻ സിംഗിന്റെ സാന്നിദ്ധ്യത്തിൽ രാജ്ഭവനിൽ മന്ത്രിസഭാ യോഗം ചേരുകയും ദുരന്തഭൂമി പ്രധാനമന്ത്രി സന്ദർശിക്കുകയും ചെയ്തു. യുദ്ധകാലാടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താനും പുനരധിവാസ പാക്കേജുകൾ ഉണ്ടാക്കാനും സർക്കാർ മുന്നിട്ടിറങ്ങി. അർഹരായവർക്കെല്ലാം ജീവനോപാധികൾക്ക് നഷ്ടപരിഹാരം നൽകാനും വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് നൽകാനുമുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കി. ഇന്ത്യയിൽ തന്നെ സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് അന്ന് വീട് വച്ച് നൽകിയത് കേരളത്തിലായിരുന്നു. എറണാകുളം ജില്ലയിലെ എടവനക്കാട് ഇരുപത്തിയാറ് വീടുകൾ 2005 ജൂലൈ മാസത്തിൽ തന്നെ നിർമ്മിച്ച് നൽകുകയുണ്ടായി. കുവൈറ്റിൽ വ്യവസായിയായ തിരുവല്ലാ സ്വദേശി കെ.ജി.എബ്രഹാമായിരുന്നു സൗജന്യമായി വീട് വച്ച് നൽകിയത്. അത് ഒരു തുടക്കം മാത്രമായിരുന്നു. പിന്നീട് നിരവധി സന്നദ്ധ സംഘടനകൾ , അമൃതാനന്ദമയി മഠം, കാരിത്താസ്, മറ്റ് ക്രിസ്തീയ സഭകൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവരുടെ സഹായത്തോടെ നൂറുകണക്കിന് ഭവനങ്ങൾ നിർമ്മിച്ചു. ദിവസങ്ങളോളം ദുരിതത്തിൽപ്പെട്ടവരുമായി ചർച്ചകൾ നടത്തി അവർക്കു നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾ, വള്ളവും വലയും, എൻജിൻ ഉൾപ്പെടെയുള്ളവയ്ക്ക് പകരം ഉപകരണങ്ങൾ, ഭാഗികമായി കേടുവന്ന വീടുകൾക്ക് നഷ്ടപരിഹാരം എന്നിവ സമയബന്ധിതമായി നൽകാൻ സർക്കാരിന് സാധിച്ചു. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ 'TEAP' എന്ന പ്രോജക്ട് നടപ്പാക്കിക്കൊണ്ട് മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുത്തു. ഫിഷറീസ് മന്ത്രിയെന്ന നിലയിൽ ഇതിന് നേതൃത്വം കൊടുക്കാൻ എനിക്ക് കഴിഞ്ഞത്

മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടിയുടെ നിസ്സീമമായ സഹകരണവും നേതൃത്വവും കൊണ്ടാണ്.

അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര പാക്കേജ് 2005 ഒക്ടോബർ മാസം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും 2006 ഫെബ്രുവരി മാസത്തിൽ 1,471 കോടി രൂപ ആ പാക്കേജിന് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുകയും ചെയ്തു. 2006 മേയ് മാസത്തിൽ അധികാരമേറ്റ വി.എസ്.അച്യുതാനന്ദൻ സർക്കാരിന്റെ കാലത്താണ് ആ പാക്കേജ് നടപ്പാക്കിയത്.

ഇന്ന് ഇന്ത്യയിൽ തന്നെ വനിതകളുടെ ഏറ്റവും വലിയ SHG (Self Help Group) ആയ SAF (Society for Assistance to Fisher Women) എന്ന സംഘടന ഉണ്ടാക്കുകയും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഗ്രൂപ്പിന് 25,000 രൂപ വച്ച് സബ്സിഡി നൽകുകയും ചെയ്തു. മന്ത്രി എന്ന നിലയിൽ SAFന്റെ ആദ്യ ചെയർമാൻ ഞാനാണ്. ഇന്ന് SAF ൽ 50,000 ത്തിലധികം വനിതകൾ പ്രവർത്തിക്കുന്നു. ഡൽഹിയിൽ നടക്കുന്ന വലിയ പ്രദർശനങ്ങളിൽ പങ്കെടുത്ത് അവാർഡുകൾ വാങ്ങുന്ന സംഘടനയായി SAF മാറിയിട്ടുണ്ട്.

സ്പോർട്സ് വകുപ്പിലും ശ്രദ്ധേമായ പ്രവർത്തനങ്ങൾ നടന്നു. ഒളിമ്പ്യൻ പി.ടി.ഉഷയ്ക്ക് കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ സ്പോർട്സ് അക്കാദമിക്ക് 30 ഏക്കർ സ്ഥലം 50 കൊല്ലത്തേക്ക് പ്രതിവർഷം സെന്റിന് ഒരു രൂപ പാട്ടത്തിന് (ആകെ ഒരു വർഷം 3000 രൂപ) കൊടുത്തത് ഞാൻ മുൻകൈ എടുത്താണ്. അതിനും സഹായമായി നിന്നത് വ്യവസായ മന്ത്രിയായിരുന്ന കുഞ്ഞാലിക്കുട്ടിയും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായിരുന്നു.

കേരളത്തിലെ ആദ്യത്തെ സിന്തറ്റിക് ട്രാക്ക് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ആരംഭിക്കുന്നത് 2005 ഡിസംബർ മാസത്തിലാണ്. കോളേജ് അധികൃതരും വിദ്യാർത്ഥി പ്രതിനിധികളുമായി ദീർഘമായ ചർച്ചകൾക്കുശേഷമാണ് അത് ആരംഭിക്കാൻ കഴിഞ്ഞത്. 2007 ൽ അതിന്റെ പണി പൂർത്തിയായി. Flying Club എന്ന പേരിൽ സ്പോർട്സ് വകുപ്പിൽ വിമാനം പറപ്പിക്കാൻ പഠിപ്പിക്കുന്ന സ്ഥാപനം നിർജ്ജീവാവസ്ഥയിൽ ആയിരുന്നു. അതിനെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോനോട്ടിക്സ് എന്ന പേരിൽ സൊസൈറ്റിയായി മാറ്റി രണ്ടു ചെറുവിമാനങ്ങൾ വാങ്ങാൻ ബജറ്റിൽ തുക അനുവദിച്ചതും ആ സൊസൈറ്റിയുടെ ആദ്യ ചെയർമാനായതും സന്തോഷത്തോടെ ഓർക്കുന്നു. സ്പോർട്സ് വകുപ്പിൽ ഓരോ വർഷവും നൂറ് സ്പോർട്സ് താരങ്ങൾക്ക് ജോലി നൽകുന്ന സംവിധാനമുണ്ടായിരുന്നു. മുടങ്ങി കിടന്നവയുൾപ്പെടെ ഇരുന്നൂറ് സ്പോർട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ ചുരുങ്ങിയ കാലയളവിൽ മന്ത്രിയായിരുന്ന എനിക്ക് കഴിഞ്ഞു എന്നത് സന്തോഷത്തോടെ സ്മരിക്കുന്നു.

ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന എ.പി.ജെ. അബ്ദുൾ കലാമിനൊപ്പം മിനിസ്റ്റർ ഇൻ വെയിറ്റിംഗായി രണ്ടുദിവസം യാത്രചെയ്യാൻ ഭാഗ്യമുണ്ടായി. കാറിലും ഹെലികോപ്റ്ററിലും യാത്ര ചെയ്തതും അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിച്ചതും വിദ്യാർത്ഥികളുമായുള്ള അദ്ദേഹത്തിന്റെ ഇന്ററാക്ഷനും ഇന്നും മായാതെ മനസ്സിൽ തങ്ങുന്നു. സാധാരണക്കാരനായ എന്നോട് ലോകം മുഴുവൻ ആദരിക്കുന്ന ശാസ്ത്രജ്ഞനും ഇന്ത്യയുടെ സർവ്വസൈന്യാധിപനും കൂടിയായ രാഷ്ട്രപതി എളിമയോടും ആദരവോടും വാത്സല്യത്തോടെയും പെരുമാറിയതോർക്കുമ്പോൾ ഇപ്പോഴും ഹൃദയം ത്രസിക്കാറുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുന്നിൽ ആയിരം പ്രണാമം.

2006 ലെ തെരഞ്ഞെടുപ്പിൽ ഞാൻ പരാജയപ്പെട്ടു. എന്നാൽ 2009 ലെ ഉപതെരഞ്ഞെടുപ്പിൽ എറണാകുളത്ത് നിന്നും ഞാൻ വിജയിക്കുകയും എന്നെ പരാജയപ്പെടുത്തിയ വ്യക്തിക്കൊപ്പം അതേ നിയമസഭയിൽ അംഗമാകുകയും ചെയ്തു. ഇത് കേരള നിയമസഭയിലെ അപൂർവ്വ സംഭവമായി ഇന്നും തുടരുന്നു. വി.എസ്.അച്യുതാനന്ദൻ മുഖ്യമന്ത്രിയും കെ.രാധാകൃഷ്ണൻ സ്പീക്കറുമായ സഭയിലേക്കാണ് ഞാൻ എത്തിയത്. ഉമ്മൻ ചാണ്ടിയായിരുന്നു പ്രതിപക്ഷ നേതാവ്. ആ സഭയിലും രാഷ്ട്രീയബന്ധങ്ങളിൽ മാറ്റമുണ്ടായി. ഭരണപക്ഷത്തായിരുന്ന പി.ജെ.ജോസഫ് നയിക്കുന്ന കേരള കോൺഗ്രസ് യു.ഡി.എഫ്. ലേക്ക് വന്നതും അതേ രാഷ്ട്രീയ പാർട്ടിയിലെ എല്ലാ എം.എൽ.എ.മാരും മാറിമാറി മന്ത്രിമാരായതും ഓർക്കുന്നു.

പുനർവിന്യാസം നടത്തിയ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലാണ് 2011 ൽ തെരഞ്ഞെടുപ്പ് നടന്നത്. പുതുതായി രൂപീകൃതമായ കൊച്ചി മണ്ഡലത്തിൽ നിന്നും ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. നേരിയ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. അധികാരത്തിലെത്തി. പ്രതിപക്ഷ നിരയും അതിശക്തമായിരുന്നു.

സംഭവബഹുലമായിരുന്നു പതിമൂന്നാം കേരള നിയമസഭ. വിവാദങ്ങളും ആരോപണങ്ങളും മൂലം സഭാതലം പ്രകമ്പനം കൊണ്ട നിരവധി അവസരങ്ങളുണ്ടായി. സെക്രട്ടേറിയറ്റുവരെ വളയുന്ന വലിയ സമരമുറ അന്ന് കേരളം കാണുകയുണ്ടായി. സ്പീക്കറായിരുന്ന ജി.കാർത്തികേയന്റെ അകാലനിര്യാണം മൂലം ഡെപ്യൂട്ടി സ്പീക്കറായിരുന്ന എൻ.ശക്തൻ ആക്ടിംഗ് സ്പീക്കറായി. സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കാൻ ശക്തനെ നിയോഗിച്ചപ്പോൾ അദ്ദേഹം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം രാജിവച്ചു. പ്രോടെം സ്പീക്കറായി ഗവർണ്ണർ എന്നെ നിയോഗിച്ചു. ധനാഭ്യർത്ഥനകൾ പാസ്സാക്കേണ്ടിയിരുന്നതിനാൽ ചോദ്യോത്തരവേള ഉൾപ്പെടെ ഒരു ദിവസത്തെ മുഴുവൻ സഭാനടപടികളും നിയന്ത്രിക്കാനുള്ള അവസരം എനിക്ക് ലഭിച്ചു. പിറ്റേ ദിവസത്തെ ചോദ്യോത്തരവേളയും കഴിഞ്ഞാണ് സ്പീക്കർ തെരഞ്ഞെടുപ്പ് നടന്നത്. ശക്തനെ സ്പീക്കറായി പ്രഖ്യാപിക്കാനുള്ള അവസരവും എനിക്കുണ്ടായി. അതുവഴി രണ്ടു ദിവസം സഭാദ്ധ്യക്ഷനാകാനുള്ള നിയോഗവും എനിക്ക് ലഭിച്ചു

തുടക്കം മുതലേ വളരെ പ്രക്ഷുബ്ധമായ സഭയായിരുന്നു പതിമൂന്നാം നിയമസഭ. 2015 ലെ സംസ്ഥാന ബജറ്റ് ധനമന്ത്രിയായിരുന്ന കെ.എം. മാണിയെക്കൊണ്ട് അവതരിപ്പിക്കാതിരിക്കാൻ പ്രതിപക്ഷം നടത്തിയ സഭയ്ക്കകത്തെ പ്രകടനങ്ങൾ നിയമസഭയുടെ ചരിത്രത്തിലെ കറുത്ത അധ്യായമായി ഇന്നും തുടരുന്നു. കോടതിയിൽ കേസുള്ളതിനാൽ അതിന്റെ ന്യായാന്യായങ്ങളിലേക്ക് കടക്കുന്നില്ല.

അഞ്ച് നിയമസഭകളിലായി 22 വർഷത്തോളം സാമാജികനാകാൻ എനിക്കു കഴിഞ്ഞു. നിയമസഭാ സമിതി ചെയർമാനായും വിവിധ കമ്മിറ്റികളിൽ അംഗമെന്ന നിലയിലും ഭാരതത്തിലെ നിരവധി സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ അവസരം കിട്ടിയിട്ടുണ്ട്. ഇന്ത്യയൊട്ടാകെ സഞ്ചരിക്കാൻ അവസരം ലഭിച്ചത് നിയമസഭാംഗമെന്ന നിലയിലാണ്. ഫലത്തിൽ ഒരു പൊതുപ്രവർത്തകന് ഇന്ത്യയെ കണ്ടെത്താൻ ഇതിൽ കൂടുതൽ അവസരം വേറെ ലഭിക്കില്ല.

പുതിയ അംഗങ്ങളോട് പറയാനുള്ളത് ഇത്രമാത്രം. സഭയിൽ കൃത്യമായി വരണം. ചോദ്യോത്തരവേള തൊട്ട് സഭ തീരുന്നതുവരെ സഭയിലുണ്ടാകണം. സഭയിലുണ്ടാകുമ്പോൾ റൂൾസ് ഓഫ് പ്രൊസീജിയർ നിർബന്ധമായും കൈയിലുണ്ടാകണം. ചർച്ചകളിൽ നന്നായി ഗൃഹപാഠം ചെയ്ത് പങ്കെടുക്കണം. പ്രതിപക്ഷത്താണെങ്കിൽ ആനുകാലിക പ്രശ്നങ്ങൾ അടിയന്തര പ്രമേയമായോ സബ്മിഷനായോ സഭയിൽ ഉന്നയിക്കണം. കോളിംഗ് അറ്റൻഷൻ എന്ന പ്രൊവിഷൻ ഫലപ്രദമായി ഉപയോഗിക്കണം.

ബില്ലുകൾ പഠിക്കുകയും ഭേദഗതികൾ അവതരിപ്പിക്കുകയും വേണം. ബില്ലുകൾ ഭരണഘടനാനുസൃതമാണെന്ന് ഉറപ്പു വരുത്താൻ അവതരണവേളയിൽ പ്രതിപക്ഷാംഗങ്ങൾക്കുള്ള അവസരം വിനിയോഗിക്കണം. വാർത്തകളിൽ ഇടംപിടിക്കാൻ വേണ്ടി മാത്രമുള്ള പ്രകടനം ഒഴിവാക്കണം. നിയോജകമണ്ഡലത്തിലേതടക്കം ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഒരു സഭാംഗത്തിന് കഴിയുമെങ്കിൽ അതായിരിക്കും ആ അംഗത്തിന്റെ ഏറ്റവും വലിയ സംഭാവന.

ഡൊമിനിക് പ്രസന്റേഷൻ

ഒമ്പതാം കേരള നിയമസഭയിൽ പള്ളുരുത്തി മണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി കേരള നിയമസഭയിലെത്തി. തുടർന്ന് പത്ത്, പതിനൊന്ന് നിയമസഭകളിൽ ഇതേ മണ്ഡലത്തിൽ നിന്നും പന്ത്രണ്ടാം കേരള നിയമസഭയിലേക്ക് 2009 നവംബർ പത്തിന് നടന്ന ഉപതെരഞ്ഞെടുപ്പിൽ എറണാകുളത്ത് നിന്നും പതിമൂന്നാം കേരള നിയമസഭയിൽ കൊച്ചിയിൽ നിന്നും നിയമസഭാംഗമായി. 2004-2006 കാലയളവിൽ മത്സ്യബന്ധനവും കായികവും വകുപ്പ് മന്ത്രിയായിരുന്നു. കേരള നിയമസഭയുടെ പ്രോടെം സ്പീക്കർ, 2011-16 കാലയളവിൽ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാൻ, എറണാകുളം ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.എസ്.യു. എറണാകുളം ജില്ലാ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് എറണാകുളം ജില്ലാ സെക്രട്ടറി, 1988-94 കാലയളവിൽ കൊച്ചി കോർപ്പറേഷൻ കൗൺസിൽ അംഗം, 'കുഫോസ്' ഗവേണിംഗ് കൗൺസിൽ, മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ്, സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് എന്നിവയിൽ അംഗം, കൊച്ചി കോർപ്പറേഷൻ കൗൺസിൽ പ്രതിപക്ഷ നേതാവ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് മികച്ച സൗകര്യം ലഭ്യമാക്കണം : നിയമസഭാ സമിതി

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 2023 ജൂലൈ 11, 12 തീയതികളിൽ തൃശ്ശൂർ ജില്ലാ കളക്ട്രേറ്റ് കോൺഫറൻസ് ഹാൾ, ഗുരുവായൂർ നഗരസഭ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിൽ സമിതി അധ്യക്ഷ യു. പ്രതിഭ, എം.എൽ.എ.യുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.

തൃശ്ശൂർ ജില്ലയുമായി ബന്ധപ്പെട്ട വിവിധ പരാതികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയശേഷം സർക്കാർ മഹിളാമന്ദിരം, ചിൽഡ്രൻസ് ഹോം, സഖി വൺസ്റ്റോപ്പ് സെന്റർ, നിപ്മർ (NIPMR) എന്നിവിടങ്ങൾ സന്ദർശിച്ച സമിതി Cerebral Palsy and Mimics, Autism Spectrum Disorders, Down Syndrome, Spinal Muscular Atrophy, Spinal Cord Injury, Stroke തുടങ്ങിയവ മൂലം ബുദ്ധിമുട്ടുകളനുഭവിക്കുന്നവരുടെ തുടർചികിത്സയ്ക്കും പുനരധിവാസത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനമായ നിപ്മറിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി കൂടുതൽ സർക്കാർ സഹായം ലഭ്യമാക്കുന്നതിന് പ്രത്യേക ശിപാർശ നൽകുമെന്ന് വ്യക്തമാക്കി. കൂടാതെ ട്രാൻസ്ജെന്ററുകൾക്കായി പ്രത്യേക ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനും കുട്ടികൾക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ മുൻകാലങ്ങളിലുണ്ടായിരുന്ന പി.റ്റി./വർക്ക് എക്സ്പീരിയൻസ് പീരീഡുകൾ പുനഃസ്ഥാപിക്കുന്നതിനും സർക്കാർ



നിയമനങ്ങളിൽ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തുന്നതിനും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ഇടപെടൽ നടത്തുമെന്നും വ്യക്തമാക്കി.

യോഗത്തിൽ സമിതി അംഗങ്ങളായ ഒ. എസ്. അംബിക, സി. കെ. ആശ, ദെലീമ, കാനത്തിൽ ജമീല, ഡോ. എൻ. ജയരാജ്, ശാന്തകുമാരി കെ., ഉമ തോമസ് എന്നിവരും പ്രത്യേക ക്ഷണിതാവെന്ന നിലയിൽ ഗുരുവായൂർ എം.എൽ.എ. എൻ. കെ. അക്ബറും പങ്കെടുത്തു.

വിജ്ഞാനപഥം

കൊൽക്കത്ത ഹൈക്കോടതി

1. ഇന്ത്യയിൽ ആദ്യമായി ഹൈക്കോടതി നിലവിൽ വന്ന വർഷം?

   1862 (കൽക്കത്ത)

2. ഹൈക്കോടതികളെ കുറിച്ച് പരാമർശിക്കുന്ന ഭരണഘടനാ അനുച്ഛേദം?

   അനുച്ഛേദം 214 മുതൽ 231 വരെ

3. നിലവിൽ ഇന്ത്യയിൽ എത്ര ഹൈക്കോടതികൾ ഉണ്ട്?

   25 എണ്ണം

4. ഇന്ത്യയിൽ അവസാനം രൂപം കൊണ്ട ഹൈക്കോടതികൾ?

   തെലങ്കാന, ആന്ധ്രാപ്രദേശ് (2019 ൽ സ്ഥാപിതമായി)

5. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജഡ്ജിമാരുള്ള ഹൈക്കോടതി ഏത്?

   അലഹബാദ് (160 ജഡ്ജിമാർ)

6. ഏറ്റവും കൂടുതൽ അധികാര പരിധിയുള്ള ഹൈക്കോടതി?

   ഗോഹട്ടി (ആസാമിനെ കൂടാതെ അരുണാചൽ പ്രദേശ്, നാഗാലാന്റ്, മിസോറാം എന്നീ സംസ്ഥാനങ്ങളുടെയും ഹൈക്കോടതിയായി പ്രവർത്തിക്കുന്നു).

7. ഗ്രീൻ ബഞ്ച് (പരിസ്ഥിതി സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക ഡിവിഷൻ ബഞ്ച്) സ്ഥാപിച്ച ആദ്യ ഹൈക്കോടതി?

   കൊൽക്കത്ത

8. നാഷണൽ ജുഡീഷ്യൽ അക്കാദമി സ്ഥിതി ചെയ്യുന്നതെവിടെ ?

   ഭോപ്പാൽ

9. കേരള ഹൈക്കോടതിയുടെ പുതിയ കോടതി സമുച്ചയം രാജ്യത്തിന് സമർപ്പിച്ചതെന്ന്?

   2006 ഫെബ്രുവരി 11

10. ഇപ്പോഴത്തെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്?

    ആഷിഷ് ജിതേന്ദ്ര ദേശായി

ആഷിഷ് ജിതേന്ദ്ര ദേശായി

ചിത്രജാലകം

ചിത്രജാലകം

പതിനൊന്നാം കേരള നിയമസഭയുടെ കാലയളവിൽ 2001 ഡിസംബർ 3 ാം തീയതി നടന്ന കേരള നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി എ.കെ. ആന്റണി, സ്പീക്കർ വക്കം പുരുഷോത്തമൻ, പാർലമെന്ററികാര്യ വകുപ്പമന്ത്രി എം.എം.ഹസ്സൻ, പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ, നിയമസഭാ സെക്രട്ടറി എന്നിവർ സംബന്ധിക്കുന്നു.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം 2 ാം പതിപ്പിന്റെ പ്രവർത്തനോദ്ഘാടനം സ്പീക്കർ എ.എൻ. ഷംസീർ നിർവ്വഹിക്കുന്നു

2023 വർഷത്തെ എസ്.എസ്.എൽ.സി./ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ., പത്താം ക്ലാസ് പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ മക്കൾ നിയമസഭാ സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവരോടൊപ്പം

വഴിയിൽ നിന്ന്

1957 ൽ ലണ്ടനിൽ നിന്ന് കൊൽക്കത്തയിലേക്ക് ആരംഭിച്ച ബസ് സർവ്വീസ്. ലോകത്തിൽ ഏറ്റവും കൂടുതൽ ദൂരം സഞ്ചരിച്ചിരുന്ന ഈ ബസ് 16,100 കിലോമീറ്ററാണ് ഒറ്റ ദിശയിൽ താണ്ടിയിരുന്നത്. 1957 ഏപ്രിൽ 15 ന് പുറപ്പെട്ട ബസ് ഓഗസ്റ്റ് 2 നാണ് തിരിച്ചെത്തിയത്.

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ.....

മുതുവാൻ വിഭാഗത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പാക്കണം : നിയമസഭാ സമിതി

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്‌ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23) ഇടുക്കി ജില്ലയിലെ മറയൂരിലുള്ള നെല്ലിപ്പെട്ടിക്കുടി ആദിവാസി ഊര് സന്ദർശിക്കുകയും മുതുവാൻ ഗോത്രവിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ പ്രശ്നങ്ങൾ, ശിശുപരിപാലനം, ജീവിതരീതി തുടങ്ങിയവ നേരിട്ട് കണ്ട് മനസ്സിലാക്കുകയും റവന്യൂ, തദ്ദേശസ്വയംഭരണം, വനം-വന്യജീവി, പൊതു വിദ്യാഭ്യാസം, വനിതാ ശിശു വികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ എന്നിവരുമായി ചർച്ച നടത്തുകയും അതിൽ നിന്നും ഉയർന്നു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതിയുടെ നിരീക്ഷണങ്ങളും അടങ്ങുന്ന അഞ്ചാമത് റിപ്പോർട്ട് സമിതി അധ്യക്ഷ യു. പ്രതിഭ എം.എൽ.എ. 2023 മാർച്ച് 20 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പിന്നാക്ക അവസ്ഥയിൽ ജീവിക്കുന്ന മുതുവാൻ വിഭാഗക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ധാരാളം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഈ മേഖലയിലെ ജനങ്ങൾക്ക് വീട്, വൈദ്യുതി, ഗതാഗത സൗകര്യം തുടങ്ങിയവയൊക്കെ പൂർണതോതിൽ ഇനിയും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന ആദിവാസി മേഖലയിലെ കുട്ടികൾക്ക് സ്കൂളുകളിലേക്കും തിരിച്ചും പോയിവരാൻ വാഹന സൗകര്യം ലഭ്യമാക്കുന്ന 'ഗോത്രസാരഥി' പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്താനും പ്രായോഗികമല്ലെങ്കിൽ മറ്റു സംവിധാനമൊരുക്കാനും വിജയപ്രദമാണെങ്കിൽ പദ്ധതിക്കായി കൂടുതൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്തു. മറയൂരിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ സംവിധാനമൊരുക്കണമെന്നും കൂടുതൽ കുട്ടികളെ താമസിപ്പിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങളും ശുചിമുറികളും ഏർപ്പെടുത്തണമെന്നും നിലവിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ട്രൈബൽ ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

കുട്ടികൾക്ക് വിവിധ തൊഴിലുകളെക്കുറിച്ചും അവയുടെ സാങ്കേതികതയെപ്പറ്റിയും മനസ്സിലാക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകളും ഇഷ്ടപ്പെട്ട മേഖലയിൽ തൊഴിൽ നേടുന്നതിനായി തൊഴിലധിഷ്ഠിത ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും സർക്കാർ മേഖലയിൽ ജോലി നേടുന്നതിന് പി.എസ്.സി. കോച്ചിംഗ് ഉൾപ്പെടെയുള്ള സംവിധാനമൊരുക്കുന്നതിനും സമിതി ശിപാർശ ചെയ്തു. നൂതന വാർത്താ വിനിമയ ഉപാധികളായ മൊബൈൽ ഫോണും ഇന്റർനെറ്റും ഇപ്പോഴും ഇവരിലേക്കെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. മറയൂരിലെ ആദിവാസി ഊരുകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യ പരിപാലനത്തിനും ഭക്ഷ്യ വിതരണ രംഗത്തും ഈ സേവനങ്ങൾ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്തു. മറയൂർ മേഖലയിലെ ആദിവാസി കുടികളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പ്രദേശത്ത് അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ച് അടിയന്തരമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശം നൽകി.

ഈ മേഖലകളിൽ വന്യമൃഗശല്യം മൂലം കൃഷിനാശവും ആൾനാശവും ഉണ്ടാവുന്ന സാഹചര്യത്തിൽ വന്യമൃഗശല്യം ഫലപ്രദമായി തടയുന്നതിന് നൂതന ആശയങ്ങൾ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. മറയൂർ ഗ്രാമപഞ്ചായത്തിലെ ഊരുകളിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. മുതുവാൻ വിഭാഗത്തിലെ ഗർഭിണികളുടെയും പ്രസവാനന്തരം അമ്മയുടെയും കുഞ്ഞിന്റെയും മരണ നിരക്കിലുണ്ടാകുന്ന വർദ്ധനവ് വിലയിരുത്തിയ സമിതി അങ്കണവാടികൾ മുഖേന തനതു ഭക്ഷണമുൾപ്പെടെയുള്ള പോഷകാഹാരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും അട്ടപ്പാടി മാതൃകയിൽ ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മറയൂരിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തു.

മുതുവാൻ വിഭാഗത്തിലെ സ്ത്രീകൾ ആചാരത്തിന്റെ ഭാഗമായി ആർത്തവ സമയത്തും പ്രസവ കാലഘട്ടങ്ങളിലും സ്വന്തം വീടുകളിൽ നിന്നും മാറി ഇടുങ്ങിയതും വൃത്തിഹീനവും സുരക്ഷിതമല്ലാത്തതുമായ 'വാലായ്മപുരകളിൽ താമസിക്കുന്നതിനാൽ അത്തരം പുരകളിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഈയവസരങ്ങളിൽ സ്ത്രീകൾ പാലിക്കേണ്ട ആരോഗ്യ ശുചിത്വ കാര്യങ്ങളെക്കുറിച്ച് മതിയായ ബോധവൽക്കരണം നടത്തുന്നതിനും ആവശ്യമായ മരുന്നുകളും മറ്റും ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശം നൽകി. ഇവിടങ്ങളിൽ അടിയന്തരമായി ഊരുവികസന സമിതികൾ/അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിച്ച് അവ പ്രവർത്തന സജ്ജമാക്കുന്നതിനും സമിതികളുടെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാനും മതിയായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വികസന സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സമിതി നിർദ്ദേശം നൽകി.

മുതുവാൻ വിഭാഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വാസയോഗ്യമായ സ്ഥലങ്ങളിൽ ഭൂമിയും ഭൂമിക്ക് പട്ടയവും അവിടെ വീട് നിർമ്മിച്ചു നൽകുന്നതിന് നടപടിയും സ്വീകരിക്കണമെന്നും ശിപാർശ ചെയ്തു. പരമ്പരാഗത ആഹാര രീതികളും ജീവിതശൈലിയും പിന്തുടരുന്ന ഇവർക്ക് തനത് ഭക്ഷ്യവസ്തുക്കളായ റാഗി, തിന, വരക് തുടങ്ങിയ ചെറുധാന്യങ്ങൾ കൂടി റേഷനിൽ ഉൾപ്പെടുത്തുന്നതിനും അവരുടെ ഊരിനു സമീപം പൊതു വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയോ വാതിൽപ്പടി സേവനം വഴി അവ ലഭ്യമാക്കുകയോ ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്തു.

സാമാജികരായ ഒ.എസ്.അംബിക, സി.കെ.ആശ, ദെലീമ, കാനത്തിൽ ജമീല, ഡോ.എൻ.ജയരാജ്, ഡോ.എം.കെ.മുനീർ, ശാന്തകുമാരി കെ., ഉമ തോമസ് എന്നിവർ സമിതി അംഗങ്ങളാണ്.

ഇതര സഭാ വാർത്തകൾ

ഇരുപത്തിമൂന്ന് വർഷങ്ങൾക്ക് ശേഷം ഡാർജിലിങ്ങിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ്

ഇരുപത്തിമൂന്ന് വർഷത്തെ ഇടവേളയ്ക്കു ശേഷം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തി ഡാർജിലിങ്ങ്. ഗൂർഖാലാൻഡ് ടെറിട്ടോറിയൽ അഡ്മിനിസ്ട്രേഷൻ എന്ന സ്വയം ഭരണാധികാര പ്രദേശത്തിന് കീഴിലുള്ള ഹിൽ സ്റ്റേഷനുകളായ ഡാർജിലിങ്ങിലും കാലിപോങ്ങിലും 2000 ലാണ് അവസാനമായി തെരഞ്ഞെടുപ്പ് നടന്നത്. ജൂലൈ 8 ന് ബംഗാളിലെ മറ്റ് ജില്ലകളിൽ ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് സമിതി, ജില്ലാ പരിഷത്ത് എന്നിങ്ങനെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഈ രണ്ട് ജില്ലകളിലും ദ്വിതല തെരഞ്ഞെടുപ്പാണ് നടന്നത്. പഞ്ചായത്ത് സമിതിയുടെ അധികാരങ്ങൾ ഡാർജിലിംഗ് ഗൂർഖാ ഹിൽ കൗൺസിലിന്റെ അധികാരങ്ങൾക്ക് മുകളിൽ വരുമെന്ന ഗൂർഖാ നാഷണൽ ലിബറേഷൻ ഫ്രണ്ടിന്റെ (ജി.എൻ.എൽ.എഫ്.) എതിർപ്പ് മൂലമാണ് രണ്ട് പതിറ്റാണ്ട് കാലത്തോളം ഡാർജിലിങ്ങിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കാതിരുന്നത്. തെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികളുടെ സഖ്യമായ ഭാരതീയ ഗൂർഖാ പ്രജാതാന്ത്രിക് മോർച്ച (ബി.ജി.പി.എം.) വൻ വിജയം നേടി.

വേർപാട്

ഡോ.എം.എ.കുട്ടപ്പൻ, മുൻ മന്ത്രി

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ഡോ.എം.എ. കുട്ടപ്പൻ (76) 2023 ജൂൺ 20 ന് അന്തരിച്ചു. 1980 ൽ വണ്ടൂരിൽ നിന്ന് ആദ്യമായി നിയമസഭയിലെത്തിയ അദ്ദേഹം 1987 ൽ ചേലക്കരയിൽ നിന്നും 1996, 2001 വർഷങ്ങളിൽ ഞാറക്കലിൽ നിന്നും നിയമസഭാംഗമായി. 2001 മേയ് മുതൽ 2004 ആഗസ്റ്റ് വരെ പിന്നാക്ക-പട്ടിക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയായിരുന്നു. കോൺഗ്രസ് നിയമസഭാ കക്ഷി വിപ്പ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ദക്ഷിണ റെയിൽവെ ഗ്രൂപ്പ് 'ഡി' റിക്രൂട്ട്മെന്റ് ബോർഡ്, കാലിക്കറ്റ് സർവ്വകലാശാല സെനറ്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് എന്നിവയിൽ അംഗം, കോൺഗ്രസ് (ഐ) എസ്.സി. ആന്റ് എസ്.റ്റി. സെൽ ചെയർമാൻ, കെ.പി.സി.സി. ജനറൽ സെക്രട്ടറി, ഭാരതീയ ഡിപ്രസ്ഡ് ക്ലാസ് ലീഗ് സെക്രട്ടറി എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ പീഡിയാട്രിക് സർജറി വിഭാഗം ട്യൂട്ടർ, കേരള ഹെൽത്ത് സർവ്വീസിൽ അസിസ്റ്റന്റ് സർജൻ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഹോസ്പിറ്റലിൽ മെഡിക്കൽ ഓഫീസർ എന്നീ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ഭാര്യ ബീബി ജോണും രണ്ട് ആൺമക്കളും അടങ്ങുന്നതാണ് കുടുംബം.

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

ഇന്റർനെറ്റ് ജനങ്ങളുടെ അവകാശമാക്കി കേരള സർക്കാർ

'എല്ലാവർക്കും ഇന്റർനെറ്റ്' എന്ന കേരളത്തിലെ എൽ. ഡി. എഫ്. സർക്കാരിന്റെ സ്വപ്നം യാഥാർത്ഥ്യമായിരിക്കുകയാണ്. കേരളത്തിലെ എല്ലാ വീടുകളിലും സർക്കാർ ഓഫീസുകളിലും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്, അഥവാ കെ-ഫോൺ. കെ-ഫോണിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനത്തെ ഇരുപത് ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയാണ്.

ജനങ്ങളുടെ അവകാശമാണ് ഇന്റർനെറ്റ് എന്ന് പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അത് കേവലം പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നില്ല എന്നുറപ്പുവരുത്താനാണ് സർക്കാർ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. അതിലൂടെ എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ്. അങ്ങനെ ഇന്റർനെറ്റ് എന്ന അവകാശം എല്ലാവർക്കും പ്രാപ്യമാകുന്നു എന്ന് ഉറപ്പുവരുത്തുകയാണ്. വാഗ്ദാനങ്ങൾ നിറവേറ്റുന്നതിന്റെ, പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിന്റെ, ഉത്തരവാദിത്തബോധമുള്ള ഭരണനിർവ്വഹണത്തിന്റെ മറ്റൊരു ഉദാഹരണമായി മാറുകയാണ് കെ-ഫോൺ പദ്ധതി.

കെ-ഫോൺ പദ്ധതിയുടെ ഭാഗമായ അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനാവശ്യമായ കാറ്റഗറി 1 ലൈസൻസും ഔദ്യോഗികമായി ഇന്റർനെറ്റ് സേവനങ്ങൾ നൽകാനുള്ള ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ എസ് പി) കാറ്റഗറി ബി യൂണിഫൈഡ് ലൈസൻസും നേരത്തെ തന്നെ നമ്മൾ നേടിയെടുത്തിരുന്നു. നിലവിൽ 17,926 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ട്. 3,187 വീടുകളിൽ കണക്ഷൻ നൽകി. കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ള ഓഫീസുകളിലും വീടുകളിലുമെല്ലാം ഇതിനോടകം തന്നെ ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാണ്. കേരളത്തിലെ എല്ലാ വീടുകളിലും സർക്കാർ ഓഫീസുകളിലും എത്രയും വേഗം തന്നെ ബ്രോഡ്ബാൻഡ് കണക്ടിവിറ്റിയും ഇന്റർനെറ്റ് സേവനങ്ങളും ലഭ്യമാക്കും.

ലോകത്തേറ്റവും അധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എഴുന്നൂറിലധികം ഇന്റർനെറ്റ് ഷട്ട്ഡൗണുകളാണ് ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്. അങ്ങനെയുള്ള രാജ്യത്താണ് എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കി ഒരു സംസ്ഥാന സർക്കാർ സവിശേഷമായി ഇടപെടുന്നത്. ആ നിലയ്ക്ക്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ജനകീയ ബദൽ നയങ്ങളുടെ മറ്റൊരു ഉദാഹരണമായി മാറുകയാണ് കെ-ഫോൺ പദ്ധതി.

കോവിഡാനന്തര ഘട്ടത്തിൽ പുതിയ ഒരു തൊഴിൽസംസ്കാരം രൂപപ്പെട്ടുവരികയാണ്. വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, വർക്ക് എവേ ഫ്രം ഹോം എന്നിങ്ങനെയുള്ള പ്രവൃത്തിരീതികൾ വർദ്ധിച്ച തോതിൽ നിലവിൽ വരികയാണ്. അവയുടെ പ്രയോജനം നമ്മുടെ ചെറുപ്പക്കാർക്ക് ലഭിക്കണം എന്നുണ്ടെങ്കിൽ മികച്ച ഇന്റർനെറ്റ് സേവനങ്ങൾ നാട്ടിൽ എല്ലായിടത്തും ഉണ്ടാകണം. അതിനുള്ള ഉപാധിയാണ് കെ-ഫോൺ പദ്ധതി.

മികച്ച വാസസ്ഥലമായി കണക്കാക്കപ്പെടുന്ന കേരളത്തിലേക്ക് വരുന്ന ടൂറിസ്റ്റുകളിൽ പലരും ഇവിടെ തന്നെ താമസിക്കാനും ഇവിടെ താമസിച്ച് ജോലി ചെയ്യാനും ഒക്കെ ആഗ്രഹിക്കുന്നവരാണ്. ആ ചിന്താഗതി ഉള്ളവരെ കൂടി ആകർഷിച്ചു കൊണ്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ ചലനം ഉണ്ടാക്കാൻ കെ-ഫോണിലൂടെ നമുക്ക് കഴിയും. മാറുന്ന ലോകത്തിനൊപ്പം മുന്നോട്ടു കുതിക്കാൻ സാർവത്രികമായ ഇന്റർനെറ്റ് സൗകര്യം അനിവാര്യമാണ്. അതിനുവേണ്ട അടിസ്ഥാന സൗകര്യം ഒരുക്കിക്കൊണ്ട് കെ-ഫോണിലൂടെ കേരളത്തെയാകെ ഗ്ലോബൽ ഇൻഫർമേഷൻ ഹൈവേയുമായി ബന്ധിപ്പിക്കുകയാണ് നമ്മൾ. അങ്ങനെ ആഗോള മാനങ്ങളുള്ള നവകേരള നിർമ്മിതിക്ക് അടിത്തറയൊരുക്കുകയാണ്.

ടെലികോം മേഖലയിലെ കോർപറേറ്റ് ശക്തികൾക്കെതിരെയുള്ള ജനകീയ ബദൽ മാതൃക കൂടിയാണ് കെ-ഫോൺ പദ്ധതി. സ്വകാര്യ മേഖലയിലെ കേബിൾ ശൃംഖലകളുടെയും മൊബൈൽ സേവനദാതാക്കളുടെയും ചൂഷണത്തിൽ നിന്ന് ജനങ്ങൾക്ക് മോചനം നൽകണം എന്ന നിശ്ചയദാർഢ്യത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കെ-ഫോൺ പദ്ധതിക്ക് തുടക്കമിട്ടത്. മറ്റ് സർവീസ് പ്രൊവൈഡർമാർ നൽകുന്നതിനെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാവും കെ-ഫോൺ സേവനങ്ങൾ ലഭ്യമാക്കുക. കേരളത്തിലാകമാനം, നഗര-ഗ്രാമ വ്യത്യാസമില്ലാതെ, ഉയർന്ന സ്പീഡിലും ഒരേ ഗുണനിലവാരത്തോടുകൂടിയും കെ-ഫോണിന്റെ സേവനങ്ങൾ ലഭ്യമാക്കും.

എല്ലാവർക്കും ഇന്റർനെറ്റ് എന്ന ആശയമുയർത്തി കെ-ഫോൺ പദ്ധതി അവതരിപ്പിച്ചപ്പോൾ പലരും ചോദിച്ചു, എന്തിനാണ് ആളുകൾക്ക് ഇന്റർനെറ്റ്? എല്ലാവരുടെയും കൈകളിൽ ഫോണില്ലേ? ഒറ്റനോട്ടത്തിൽ ശരിയാണ്, നാം ചുറ്റുപാടും കാണുന്ന നിരവധി പേർക്ക് സ്മാർട്ട് ഫോണുണ്ട്. എന്നാൽ, ഇന്ത്യയിലെ ഡിജിറ്റൽ ഡിവൈഡ് എത്രത്തോളം ആഴത്തിലുള്ളതാണ് എന്നു വ്യക്തമാക്കുന്നതാണ് അതുമായി ബന്ധപ്പെട്ട് പുറത്തു വന്നിട്ടുള്ള കണക്കുകൾ.

നമ്മുടെ രാജ്യത്ത് അമ്പത് ശതമാനത്തിൽ താഴെ ആളുകൾക്ക് മാത്രമാണ് ഇന്റർനെറ്റ് ഉപയോഗം സാധ്യമാകുന്നത്. മുപ്പത്തിമൂന്ന് ശതമാനം സ്ത്രീകൾക്ക് മാത്രമാണ് ഇന്റർനെറ്റ് ആക്സെസ് ഉള്ളത്. ഗ്രാമപ്രദേശത്താകട്ടെ അത് ഇരുപത്തിയഞ്ച് ശതമാനം മാത്രമാണ്. മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് മുപ്പത് ശതമാനം കുറഞ്ഞ തോതിൽ മാത്രമേ ആദിവാസി ജനവിഭാഗങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാകുന്നുള്ളൂ. ഇത്രയേറെ ആഴത്തിൽ ഡിജിറ്റൽ ഡിവൈഡ് നിലനിൽക്കുന്ന ഒരു രാജ്യത്താണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അതില്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. ഓഫീസുകളിലും വീടുകളിലും മാത്രമല്ല ഇടമലക്കുടി ഉൾപ്പെടെയുള്ള ആദിവാസി ഊരുകളിൽ വരെ കണക്ടിവിറ്റി ഉറപ്പാക്കിക്കൊണ്ട് ആരും പിന്തള്ളപ്പെട്ടു പോകുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് സർക്കാർ ചെയ്യുന്നത്. അതുകൊണ്ടുതന്നെ, ആദിവാസികളടക്കമുള്ള അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സമൂഹത്തിന്റെ ഭാഗമായി കാണുന്ന ഒരാളും അത്തരത്തിലുള്ള പിന്തിരിപ്പൻ ചോദ്യങ്ങൾ ഉന്നയിക്കുകയില്ല.

സ്കൂൾ വിദ്യാഭ്യാസരംഗത്ത് ഉണ്ടാകുമായിരുന്ന ഡിജിറ്റൽ ഡിവൈഡിനെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് നമ്മൾ മറികടന്നത്. അന്നും നിരവധി ചോദ്യങ്ങൾ ഉയർന്നു. എന്തിനാണ് കുട്ടികൾക്ക് ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നത് എന്ന ചോദ്യം കേട്ട് പിന്നോട്ടുപോയിരുന്നെങ്കിൽ ഇന്ന് എല്ലാ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം സാധ്യമാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനമായി നമ്മൾ മാറുമായിരുന്നില്ല. എന്നു മാത്രമല്ല, കോവിഡ് ഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് നിന്നുതന്നെ നമ്മുടെ ഒരു വിഭാഗം കുട്ടികൾ കൊഴിഞ്ഞു പോയേനേ. കേരളത്തിൽ അതുണ്ടാവുന്നില്ല എന്നുറപ്പുവരുത്താൻ നമുക്കു കഴിഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം മുൻനിർത്തി നടത്തുന്ന ഭരണത്തിന്റെ ഫലമായാണ് അതും സാധ്യമായത്.

സമസ്ത മേഖലകളിലും മുന്നേറ്റം കൈവരിക്കാൻ ഉതകുന്ന സമഗ്രമായ ഇടപെടലുകളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അവയിലൂടെ അടുത്ത ഇരുപത്തിയഞ്ച് വർഷം കൊണ്ട് കേരളത്തെ മധ്യവരുമാന വികസിത രാജ്യങ്ങൾക്ക് തുല്യമായ നിലയിലേക്ക് ഉയർത്തുകയാണ്. അതിനായി കാർഷിക നവീകരണം, വ്യവസായ പുനഃസംഘടന, നൈപുണ്യവികസനം എന്നിവയിൽ ഊന്നുകയാണ്. അവയിലൂടെ കേരളത്തെ വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വ സമൂഹമായും പരിവർത്തിപ്പിക്കുകയാണ്. അതിന് ഉത്തേജനം പകരുന്നതാണ് കെ-ഫോൺ പദ്ധതി.

കെ-ഫോൺ ഒരു പൊതുമേഖലാ സംരംഭമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ക്ഷയിപ്പിക്കുകയും വിറ്റുതുലയ്ക്കുകയും ചെയ്യുന്ന നയ-നിലപാടുകൾക്കുള്ള കേരളത്തിന്റെ ബദലാണിത്. കേന്ദ്രം വിൽപനയ്ക്കുവച്ച ഭെൽ - ഇ. എം. എൽ., എച്ച്. എൻ. എൽ. എന്നിവയൊക്കെ ഏറ്റെടുത്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയ ബദൽ കാഴ്ചപ്പാടിന്റെ തുടർച്ചയാണിത്. കേരളം പൊതുമേഖലയ്ക്കൊപ്പം നിൽക്കുമെന്ന ഉറച്ച പ്രഖ്യാപനം കൂടിയാണ് കെ-ഫോൺ യാഥാർത്ഥ്യമാക്കുന്നതിലൂടെ നമ്മൾ നടത്തിയിരിക്കുന്നത്.

കെ-ഫോൺ കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റാണ്. സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിനും ഇ-ഗവേണൻസ് സാർവത്രികമാക്കുന്നതിനും കെ-ഫോൺ സഹായകമാവും. അങ്ങനെ ഇത് നവകേരള നിർമ്മിതിയെ കൂടുതൽ വേഗത്തിലാക്കുകയും ചെയ്യും.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer